VOL NO: 08 I ISSUE 51
2024 DECEMBER 21 I ₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com



സ്ഥാപിതകാലം മുതലേയുള്ള യുക്തിവാദികളുടെ മുസ്‌ലിം വിമർശന തുറുപ്പുചീട്ടാണ് ഇസ്‌ലാമിലെ സ്ത്രീ എന്നത്. സാമൂഹികവും സാങ്കേതികവുമായ മാറ്റങ്ങൾ വിമർശനങ്ങളെ അപ്രസക്തമാക്കുകയും അതിലെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതിന് സഹായകമാവുകയും ചെയ്തുവെങ്കിലും വിമർശകർ ഇന്നും പഴയ പാട്ട് തന്നെ പാടിക്കൊണ്ടിരിക്കുകയാണ്.

## ഇസ്‌ലാമിലെ സ്ത്രീ; യുക്തിവാദികളുടെ യുക്തിരഹിത ആരോപണങ്ങൾ

### ഹദീസ് വിരോധത്തിലെ അപകടങ്ങൾ

|| ദാമ്പത്യ ജീവിതം ഊഷ്മളമാകുവാൻ...

|| മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം

|| അമാനി മൗലവിയുടെ തഫ്സീറും ആദർശ വിരോധികളുടെ അങ്കലാപ്പും

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

## ജാമിഅ അൽഹിന്ദ്

# വാർഷിക സമ്മേളനം

2025 ജനുവരി 12 13 പാണക്കാട്, മലപ്പുറം



0413
നേർപഥം
വാരിക

2024 ഡിസംബർ 21
1446 ജു. ഉഖ്റാ 20
പുസ്തകം 08 / ലക്കം 51




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

## കവർ സ്റ്റോറി




ഉസ്മാൻ പാലക്കാഴി

സ്ഥാപിതകാലം മുതലേയുള്ള യുക്തിവാദികളുടെ മുസ്‌ലിം വിമർശന തുറുപ്പുചീട്ടാണ് ഇസ്‌ലാമിലെ സ്ത്രീ എന്നത്. സാമൂഹികവും സാങ്കേതികവുമായ മാറ്റങ്ങൾ വിമർശനങ്ങളെ അപ്രസക്തമാക്കുകയും അതിലെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതിന് സഹായകമാവുകയും ചെയ്തുവെങ്കിലും വിമർശകർ ഇന്നും പഴയ പാട്ട് തന്നെ പാടിക്കൊണ്ടിരിക്കുകയാണ്.

**05** മുഖമൊഴി
നാളെ എന്തു സംഭവിക്കും?

**06** ലേഖനം
ഹദീസ് വിരോധത്തിലെ അപകടങ്ങൾ
ദുൽക്കർഷാൻ അലനല്ലൂർ

**09** കുടുംബപഥം
ഭാര്യയോടുള്ള കടമകൾ
ഡോ. ജൗസൽ

**16** ലേഖനം
യാത്ര അവസാനിക്കുന്നില്ല
ശാനിദ ബിൻത് അഹ്മദ് ഈങ്ങാപ്പുഴ

**18** ചരിത്രപഥം
കേരള ഇസ്‌ലാമിക് സെമിനാറും കേരള അറബി പ്രചാരസഭയും
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**21** വിമർശനം
അമാനി മൗലവിയുടെ തഫ്സീറും ആദർശ വിരോധികളുടെ അങ്കലാപ്പും
മൂസ സ്വലാഹി കാര

**26** ലേഖനം
ഇസ്‌ലാമിന്റെ തനിമയിലേക്ക് മടങ്ങുക
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**29** പഠനം
മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം
അബൂറാഷിദ അൽകാസിമി, കുടയത്തൂർ

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുൽ അഹ്സാബ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കാഴ്ച
ദാമ്പത്യ ജീവിതം ഊഷ്മളമാകുവാൻ
മജീദ് ബസ്താക്ക്, കണ്ണൂർ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വിദ്വേഷ പ്രചാരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം: വിസ്ഡം

ക്രിസ്ത്യൻ മുസ്‌ലിം വിഭാഗങ്ങളെ തമ്മിലടിപ്പിച്ചുകൊണ്ട് സാമൂഹിക ഐക്യം തകർക്കാൻ ശ്രമിക്കുന്നവരെ പ്രതിരോധിക്കണം.

കോഴിക്കോട്: രാജ്യത്ത് വിദ്വേഷ പ്രചാരണം നടത്തുന്നവർക്കെതിരെ സമൂഹം കടുത്ത ജാഗ്രത പാലിക്കണമെന്ന് കോഴിക്കോട് ചേർന്ന വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രവർത്തക സമിതി ആവശ്യപ്പെട്ടു. രാജ്യത്ത് ക്രിസ്ത്യൻ, മുസ്‌ലിം വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന സാമൂഹിക ഭദ്രത തകർത്ത് രാഷ്ട്രീയ നേട്ടത്തിന് ശ്രമിക്കുന്നവർക്കെതിരെ പ്രതിരോധം തീർക്കാൻ സമൂഹം തയ്യാറാകണമെന്നും സംസ്ഥാന പ്രവർത്തക സമിതി ആവശ്യപ്പെട്ടു.

രാജ്യത്ത് നിലവിലുള്ള ആരാധനാലയ സംരക്ഷണ നിയമം അട്ടിമറിക്കാനുള്ള ഫാഷിസ്റ്റ് അജണ്ടകൾക്കെതിരെ സുപ്രീം കോടതിയുടെ ഇടപെടൽ സ്വാഗതാർഹമാണെന്നും പ്രവർത്തക സമിതി അഭിപ്രായപ്പെട്ടു. 1971ലെ ആരാധനാലയ സംരക്ഷണ നിയമത്തെ നോക്കുകുത്തിയാക്കി, ചരിത്രപരമായി ഏറ്റവും പ്രാധാന്യമുള്ള മുസ്‌ലിം മസ്ജിദുകൾ പിടിച്ചെടുക്കാനുള്ള ഫാഷിസ്റ്റ് നീക്കങ്ങൾക്കെതിരെ മതനിരപേക്ഷ സമൂഹം പ്രതികരിക്കണം.

മനുഷ്യന്റെ ആത്മീയ അന്വേഷണങ്ങളെ മറയാക്കി നടക്കുന്ന തട്ടിപ്പുകളും ചൂഷണങ്ങളും സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മാതൃകാപരമായി കർശന നടപടി സ്വീകരിക്കണം. മനുഷ്യന്റെ അജ്ഞതയെ ചൂഷണം ചെയ്യുന്ന പുരോഹിതന്മാരുടെ പിന്തുണയോടെയാണ് ഇത്തരം തട്ടിപ്പുകളും കൊലപാതകങ്ങളും നടക്കുന്നതെന്നത് ആശങ്കാജനകമാണ്.

വർഷങ്ങളായി നടക്കുന്ന ഇതുപോലുള്ള കുറ്റകൃത്യങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കാതിരിക്കുകയും കുറ്റവാളികൾക്ക് രാഷ്ട്രീയ അഭയം നൽകുകയും ചെയ്യുന്ന കാഴ്ചയാണ് കേരളത്തിൽ നാം കാണുന്നത്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ആധ്യക്ഷ്യം വഹിച്ചു. വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ്, സെക്രട്ടറി നാസിർ ബാലുശ്ശേരി, ഫൈസൽ മൗലവി, പ്രൊഫ. ഹാരിസ് ബ്നു സലീം, ഷമീർ മദീനി, ട്രഷറർ കെ.സജ്ജാദ്, അബൂബക്കർ ഉപ്പള കാസർഗോഡ്, ജമാൽ മദനി കൊയിലാണ്ടി, അബ്ദുറഹ്മാൻ വയനാട്, എഞ്ചിനീയർ അബ്ദുറസാഖ്, ഷാജഹാൻ മഞ്ചേരി, റശീദ് കൊടക്കാട്ട്, അശ്‌റഫ് സുല്ലമി, നിസാർ കരുനാഗപ്പള്ളി, ജാബിർ വി. മൂസ എറണാകുളം, നബീൽ രണ്ടത്താണി, ഡോ. ഷാനവാസ് പറവണ്ണ, അഡ്വ. മുഹമ്മദ് അശ്‌റഫ്, അബ്ദുല്ല തിരുവനന്തപുരം എന്നിവർ സംസാരിച്ചു.

# നാളെ എന്തു സംഭവിക്കും?

ഭാവിയെപ്പറ്റി ചിന്തിക്കുകയും വ്യാകുലപ്പെടുകയും ചെയ്യുന്ന ഏക ജീവി മനുഷ്യനാണ്. നല്ലൊരു ജോലി ലഭിക്കുമോ, വിവാഹം എന്നു നടക്കും, തന്റെ ആശകളെല്ലാം സഫലമാകുമോ, ദീർഘായുസ്സുണ്ടാകുമോ, വല്ല വിപത്തും നേരിടേണ്ടിവരുമോ... ഇങ്ങനെ നിരവധി ചോദ്യങ്ങൾ ഉള്ളിൽ വെച്ചുകൊണ്ടു നടക്കുന്നവനാണ് മനുഷ്യൻ. അതിന്റെയെല്ലാം ഉത്തരമറിയാൻ അടങ്ങാത്ത കൊതി അവനുണ്ടായിരിക്കും. അതുകൊണ്ടുതന്നെ അതെല്ലാം പ്രവചിക്കുന്നവരുണ്ടെന്നു കേൾക്കുമ്പോൾ അവരുടെയടുക്കലേക്ക് അവൻ ഓടിച്ചെല്ലുന്നു!

ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലെല്ലാം മനുഷ്യൻ കുതിച്ചുയരുമ്പാഴും അന്ധവിശ്വാസത്തിന്റെ രംഗത്തും വലിയ വളർച്ചയാണ് കാണിക്കുന്നത് എന്ന കാര്യം ലജ്ജാവഹമാണ്. സമ്പത്തുണ്ടാകാൻ ഞാൻ ജപിച്ച് നൽകുന്ന മാന്ത്രിക ഏലസ്സ് കെട്ടിയാൽ മതി, അതിന്റെ കാശ് ഗൂഗിൾ പേ ചെയ്ത് വിലാസം അയച്ചുതന്നാലുടൻ ഏലസ്സ് അയച്ചുതരും എന്ന പരസ്യം കാണുമ്പോഴേക്കും അതിൽ ചാടിവീഴുകയാണ് പലരും. ആ ഏലസ്സ് കെട്ടിയാൽ സമ്പത്തുണ്ടാകുമെങ്കിൽ അയാൾക്ക് അതു വിറ്റ് കാശുണ്ടാക്കാൻ ബുദ്ധിമുട്ടണോ, അതങ്ങ് കെട്ടിയാൽ പോരേ എന്നു ചിന്തിക്കുവാനും തട്ടിപ്പു തിരിച്ചറിയാനും ‘പ്രബുദ്ധരായ’ മലയാളികൾക്ക് കഴിയുന്നില്ല! എത്രയെത്ര സ്ത്രീ-പുരുഷന്മാരാണ് ഈ വഴിയിൽ പണവും ആത്മാഭിമാനവും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്!

ജ്യോത്സ്യനോ, കൈനോട്ടക്കാരനോ, മുഖലക്ഷണം പറയുന്നവനോ, ആൾദൈവം ചമഞ്ഞു നടക്കുന്നവനോ...ഇങ്ങനെയുള്ള ആരുമാവട്ടെ അവരുടെ വായിൽനിന്നും തന്റെ ഭാവിയെക്കുറിച്ചുള്ള പ്രവചനം കേൾക്കാൻ പലരും അത്യാർത്തി കാണിക്കുന്നു. സന്തോഷകരമായ പ്രവചനങ്ങൾ കേൾക്കുമ്പോൾ അവൻ സംതൃപ്തനാകുന്നു. നിശ്ചിത ഫീസിനെക്കാൾ വലിയ തുക നൽകി പ്രവചനക്കാരെ പ്രീതിപ്പെടുത്താൻ അവൻ തയാറാവുന്നു. അൽപം മോശമാണ് ഭാവി എന്ന നിലയ്ക്കാണ് പ്രവചനമെങ്കിലോ? അതിന് പരിഹാരക്രിയകൾ ചെയ്യണം! ഒരുപാട് ചെലവുവരും. സാരമില്ല. ദോഷം നീങ്ങിക്കിട്ടേണ്ടേ? പണച്ചെലവു കരുതി ഒന്നും ചെയ്യാതിരുന്നാൽ മുടിഞ്ഞുപോകില്ലേ! അവിടെയും മെച്ചം ഭാവി പ്രവചിച്ചവന്.

ഇങ്ങനെ ഭാവിയെക്കുറിച്ചുള്ള വ്യാകുലതകളും മോഹങ്ങളുമായി പണവും ജീവിതവും തുലയ്ക്കുന്ന ഇയ്യാംപാറ്റകൾ നമുക്കുചുറ്റും എമ്പാടുമുണ്ട്. നല്ല മുഹൂർത്തം കാണാത്തതിനാൽ പല കാര്യങ്ങളും നീട്ടിനീട്ടിക്കൊണ്ടുപോകുന്നു; അല്ലെങ്കിൽ മുടങ്ങുന്നു. ശകുനം നോക്കാതെ ഒരു നല്ല കാര്യവും ചെയ്യില്ല. ഒരു കറുത്ത പൂച്ച വിലങ്ങുചാടിയാൽ യാത്ര തുടർന്നുകൂടാ! കുറ്റിച്ചൂളാൻ എന്ന പക്ഷിക്ക് ശബ്ദമുണ്ടാക്കിക്കൂടാ! ഒക്കെയും അപശകുനം! ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും വെച്ചുപുലർത്തുന്നതിൽ ജാതി-മത വ്യത്യാസമില്ല.

എന്നാൽ ഇതെല്ലാം ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങൾക്ക് വിരുദ്ധമാണ്. പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത് സ്രഷ്ടാവാണ്. ഓരോ ജീവിയുടെയും ഭാഗധേയം നിർണയിക്കുന്നത് അവനാണ്. അതിൽ നക്ഷത്രങ്ങൾക്കോ ഗ്രഹങ്ങൾക്കോ യാതൊരു പങ്കുമില്ല. അദൃശ്യകാര്യങ്ങൾ അറിയുന്നവൻ അവനാണ്. അതുകൊണ്ടുതന്നെ ഭാവി പ്രവചിക്കുന്നവരെ സമീപിക്കൽ ഇസ്‌ലാം വിലക്കി. ഒരു മുസ്‌ലിം അത്തരക്കാരെ സമീപിച്ച് അവരുടെ പ്രവചനത്തെ സത്യപ്പെടുത്തിയാൽ അവന്റെ നാൽപതുദിവസത്തെ നമസ്‌കാരം അല്ലാഹു സ്വീകരിക്കില്ല എന്നാണ് നബിവചനം. മറ്റൊരു റിപ്പോർട്ടിൽ അവൻ വിശുദ്ധ ക്വുർആനിൽ അവിശ്വസിച്ചവനാണ് എന്നാണുള്ളത്.

മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങളെലാം ദൈവവിധിക്കനുസൃതമായാണ് നടക്കുന്നത്. അവന്റെ വിധിയിൽനിന്ന് ഒളിച്ചോടാൻ ആർക്കും കഴിയില്ല. അവൻ വിധിച്ചത് അതിന്റെ സമയത്ത് സംഭവിക്കും. കർമം ചെയ്യലാണ് മനുഷ്യന്റെ കർത്തവ്യം. ഫലം നൽകുന്നത് സ്രഷ്ടാവാണ്. ഈ വിശ്വാസം ഉദ്ദിഷ്ടകാര്യം നടക്കുമ്പോൾ മനുഷ്യനെ അഹങ്കാരിയല്ലാതാക്കുന്നു. ഉദ്ദിഷ്ടഫലം ലഭിക്കാതിരുന്നാൽ നിരാശനാകാതെ ദൈവവിധിയെന്നു കരുതി സമാധാനമടയുന്നവനാക്കി അവനെ മാറ്റുകയും ചെയ്യുന്നു.

ദുൽക്കർഷാൻ
അലനല്ലൂർ
: 9447745299




# ഹദീസ് വിരോധത്തിലെ അപകടങ്ങൾ

കേരളത്തിൽ മുസ്‌ലിംകളെ വിശ്വാസ-ആചാര രംഗങ്ങളിൽ തെറ്റായ ദിശയിലൂടെ കൊണ്ടുപോകുന്നവരാണ് സമസ്തക്കാർ. അല്ലാഹുവിനെ മാത്രം ആരാധിക്കാനും അവനോടു മാത്രം പ്രാർഥിക്കാനുമാണ് അല്ലാഹു മനുഷ്യരെയും ജിന്നുവർഗത്തെയും സൃഷ്ടിച്ചിട്ടുള്ളത്. ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും, അവൻ മാത്രമാണ് പ്രാർഥനക്ക് ഉത്തരം നൽകുന്നവനെന്നും, മനുഷ്യന്റെ കണ്ഠനാഡിയെക്കാൾ അടുത്താണ് അവനെന്നും, പ്രാർഥിക്കുന്നവൻ അവനോട് പ്രാർഥിച്ചുകൊള്ളട്ടെ അവൻ ഉത്തരം നൽകുമെന്നൊക്കെയുള്ള; തൗഹീദ് പഠിപ്പിക്കുന്ന വിശുദ്ധ ക്വുർആനിലെ ആയത്തുകൾക്ക് വിപരീതമായി അല്ലാഹുവിന്റെ സൃഷ്ടികളായ അമ്പിയാക്കളോടും ഔലിയാക്കളോടും ഊരും പേരുമറിയാത്ത പലരോടും-ഭ്രാന്തന്മാരോടു പോലും- പ്രാർഥിക്കാനും കാര്യകാരണ ബന്ധങ്ങൾക്കതീതമായ മാർഗത്തിൽ സഹായം തേടാനും അവർക്ക് നേർച്ച വഴിപാടുകൾ നടത്താനും അവരുടെ ക്വബ്‌റിങ്കൽ ഉറൂസുകളും മറ്റും നടത്താനും ആഹ്വാനം

മുജാഹിദുകളുടെ യഥാർഥ ആദർശത്തിൽ നിലകൊള്ളുന്നവരെ ജിന്നുസേവകരെന്നു മുദ്രകുത്തി. മുമ്പ് മർകസുദ്ദഅ്‌വക്കാർ എന്ത് ആക്ഷേപമാണോ കെഎൻഎമ്മിനെതിരെ ഉന്നയിച്ചിരുന്നത് അതേ ആക്ഷപം വിസ്ഡം എന്ന സംഘടനക്കെതിരെ ഉന്നയിച്ച് കെഎൻഎമ്മുകാർ സ്വയം അപഹാസ്യരായിക്കൊണ്ടിരുന്നു. ഈ സന്ദർഭത്തിലും കേരളത്തിലെ മുജാഹിദുകളിൽ നല്ലൊരു ശതമാനമാളുകൾ കാര്യം മനസ്സിലാക്കി സത്യത്തിന്റെ കൂടെ നിൽക്കുകയും തങ്ങൾ മനസ്സിലാക്കിയ ആദർശം സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും പ്രബോധനം നിർവഹിക്കുന്നതിനും മുന്നോട്ടുവരികയും ചെയ്തു. തൗഹീദിന്റെയും സുന്നത്തിന്റെയും പ്രബോധന രംഗത്ത് കെടാവിളക്കായി മാറിയ വിസ്ഡം ഓർഗനൈസേഷന്റെ മുന്നേറ്റത്തിൽ ഇസ്‌ലാമിനെ അറിയാനും പഠിക്കാനും മനസ്സിലാക്കാനും ആഗ്രഹിച്ച പലരും യഥാർഥ തൗഹീദിന്റെ വക്താക്കളായി മാറി.

ചെയ്തുകൊണ്ടിരിക്കുന്നവരാണ് ഇക്കൂട്ടർ. അവർ ഇപ്പോൾ എത്തിനിൽക്കുന്നത് കോഴിക്കോട് ജില്ലയിൽ ജീവിച്ചു മരണമടഞ്ഞ സി.എം എന്ന് വിളിപ്പേരുള്ള ഒരാളെ 'പടച്ചോൻ' എന്നു വിശേഷിപ്പിക്കുന്നിടത്താണ്! അദ്ദേഹത്തോട് നേരിട്ട് പ്രാർഥിക്കുവാൻ പോലും ഇക്കൂട്ടർ മടികാണിക്കുന്നില്ല.

ഈ വിഭാഗം അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുവാൻ തെളിവായി കൊണ്ടുവന്ന ഒരു ദുർബല ഹദീസാണ് 'യാ ഇബാദല്ലാഹി അഈനൂനീ' (അല്ലാഹുവിന്റെ അടിമകളേ, എന്നെ സഹായിക്കണേ) എന്നത്. ഈ ദുർബല ഹദീസ് ചർച്ചക്ക് വിധേയമായപ്പോൾ തൗഹീദിന്റെ ആളുകൾ അതിന് കൃത്യവും വ്യക്തവുമായ മറുപടി നൽകി. ഈ ഹദീസ് ദുർബലമാണെന്നും അത് തെളിവിന് കൊള്ളില്ല എന്നും ഇനി അത് സ്വഹീഹാണെങ്കിൽ തന്നെയും മരിച്ചവരോട് പ്രാർഥിക്കാനുള്ള തെളിവ് അതിൽനിന്നും കിട്ടുകയില്ലെന്നും അവർ വ്യക്തമാക്കിക്കൊടുത്തു.

എന്നാൽ മർകസുദ്ദഅ്‌വയുടെ പ്രസംഗകരും എഴുത്തുകാരും മുജാഹിദുകൾക്കെതിരിൽ 'അവർ ജിന്നിനോട് സഹായം തേടാമെന്നും അത് ശിർക്കല്ല എന്ന് പ്രചരിപ്പിക്കുന്നവരാണെന്നു'മുള്ള വ്യാജ ആരോപണവുമായി രംഗത്ത് വന്നു.

"യാതൊരു തത്ത്വദീക്ഷയും മറുപക്ഷ ആദരവും കാണിക്കാതെ നാലാംതരം (തറ) നിലവാരത്തിൽ ഇസ്‌ലാമിന്റെ വിശ്വാസാചാര അനുഷ്ഠാനങ്ങൾ ഒന്നൊന്നായി പിച്ചിച്ചീന്തി നടുറോട്ടിലിട്ട് കാൽക്കീഴിൽ ചവിട്ടിയരക്കുന്ന രീതിയിലാണ് അവയിലെ ഓരോന്നിലെയും പ്രതിപാദനങ്ങൾ. ഇസ്‌ലാമിന്റെ ശത്രുക്കളിൽനിന്ന് അച്ചാരം വാങ്ങി ആരുടെയോ കൈയടിക്കുവേണ്ടി എന്തൊക്കെയോ പറഞ്ഞുകൂട്ടുന്നു." ഇത് സലാം സുല്ലമി സി.എന്നിനും ചേകന്നൂരിനും മറുപടി പറഞ്ഞതാണ്. ഇത് ഇന്ന് മർകസുദ്ദഅ്‌വക്കാർക്ക് തന്നെയുള്ള കൃത്യമായ മറുപടിയാണ്.

ഇവരുടെ കുതന്ത്രം മനസ്സിലാക്കിയ അന്നത്തെ കെ.എൻ.എം, കെ.ജെ.യു പണ്ഡിതന്മാരും നേതാക്കളും തികഞ്ഞ വിവേകത്തോടെയും ധിഷണാ വൈഭവത്തോടെയും അനുയായികളെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തു. തൗഹീദിന്റെയും സുന്നത്തിന്റെയും പ്രാധാന്യവും ദഅ്‌വത്തിന്റെ മഹത്ത്വവും പഠിപ്പിച്ചു. അതിന്റെ ഭാഗമായി അന്നോളം കേരളം കണ്ടിട്ടില്ലാത്ത വിധത്തിൽ പ്രബോധന പ്രവത്തനങ്ങളുമായി മുന്നിട്ടിറങ്ങി.

ഇങ്ങനെ അവിശ്രമം പ്രബോധന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയിക്കൊണ്ടിരുന്ന പ്രസ്ഥാനത്തിൽ 2012ൽ വീണ്ടും ചില കുഴപ്പങ്ങൾ തലപൊക്കി. ചില തൽപരകക്ഷികൾ അവരുടെ സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി പ്രസ്ഥാനത്തിൽ മറ്റൊരു പിളർപ്പിനുള്ള കളമൊരുക്കി. 2002നു ശേഷം മർകസുദ്ദഅ്‌വക്കാർ അവരുടെ അനുയായികളെ കൂടെ ഉറപ്പിച്ച് നിറുത്തുന്നതിനുവേണ്ടി സ്വീകരിച്ച അതേ കുതന്ത്രമാണ് 10 വർഷത്തിന് ശേഷം ഇവരും സ്വീകരിച്ചത്. മുജാഹിദുകളുടെ യഥാർഥ ആദർശത്തിൽ നിലകൊള്ളുന്നവരെ ജിന്നുസേവകരെന്നു മുദ്രകുത്തി. മുമ്പ് മർകസുദ്ദഅ്‌വക്കാർ എന്ത് ആക്ഷേപമാണോ കെഎൻഎമ്മിനെതിരെ ഉന്നയിച്ചിരുന്നത് അതേ ആക്ഷപം വിസ്ഡം എന്ന സംഘടനക്കെതിരെ

ഉന്നയിച്ച് കെഎൻഎമ്മുകാർ സ്വയം അപഹാസ്യരായിക്കൊണ്ടിരുന്നു.

ഈ സന്ദർഭത്തിലും കേരളത്തിലെ മുജാഹിദുകളിൽ നല്ലൊരു ശതമാനമാളുകൾ കാര്യം മനസ്സിലാക്കി സത്യത്തിന്റെ കൂടെ നിൽക്കുകയും തങ്ങൾ മനസ്സിലാക്കിയ ആദർശം സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും പ്രബോധനം നിർവഹിക്കുന്നതിനും മുന്നോട്ടുവരികയും ചെയ്തു.

തൗഹീദിന്റെയും സുന്നത്തിന്റെയും പ്രബോധന രംഗത്ത് കെടാവിളക്കായി മാറിയ വിസ്ഡം ഓർഗനൈസേഷന്റെ മുന്നേറ്റത്തിൽ ഇസ്‌ലാമിനെ അറിയാനും പഠിക്കാനും മനസ്സിലാക്കാനും ആഗ്രഹിച്ച പലരും യഥാർഥ തൗഹീദിന്റെ വക്താക്കളായി മാറി.

'വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ' ഇസ്‌ലാമിക പ്രബോധന രംഗത്ത് സജീവമായി നിലകൊള്ളുകയും അതോടൊപ്പം ക്ഷേമ പ്രവർത്തനങ്ങളുമായി സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുകയും സമൂഹത്തിലെ നാനാതുറകളിലും ഇടപെടുകയും ചെയ്തുകൊണ്ടിരുന്നു.

ഈ മുന്നേറ്റത്തിന് തടയിടാനും സ്വന്തം അണികൾ ഒഴുകിപ്പോകാതിരിക്കാനും വിമർശകരുടെ കൈകളിലുള്ള ഏക ആയുധം ജിന്നും സിഹ്‌റും പറഞ്ഞ് ജനങ്ങളെ തെറ്റുധരിപ്പിക്കൽ മാത്രമാണ്. മർകസുദ്ദഅ്‌വ കെഎൻഎമ്മുകാരും സിഡി ടവർ കെഎൻഎമ്മുകാരും ഇപ്പണി നിരന്തരം ചെയ്തുകൊണ്ടേ യിരുന്നു. അതോടൊപ്പം ഹദീസ് നിഷേധ പ്രവണത മർകസുദ്ദഅ്‌വക്കാർ പരസ്യമാക്കാൻ തുടങ്ങി. ഈ പോക്ക് അപകടത്തിലേക്കാണെന്ന് തിരിച്ചറിഞ്ഞതിനാൽ ഇതിനെല്ലാം മറുപടി നൽകാനും തുറന്നുകാട്ടാനും വിസ്ഡം നിർബന്ധിതമായി. അതിന്റെ ഭാഗമായാണ് പരപ്പനങ്ങാടിയിൽ നടന്നുകൊണ്ടിരിക്കുന്ന ആദർശ വിശദീകരണങ്ങൾ. ആദർശങ്ങൾ തമ്മിൽ ആരോഗ്യകരമായ രീതിയിൽ മാറ്റുരക്കുന്നത് നല്ലതാണ്. പ്രാമാണികമായ വിശദീകരണങ്ങൾ ജനങ്ങളെ സത്യം മനസ്സിലാക്കാൻ സഹായിക്കും.

എന്നാൽ മറുപടിയും ഖണ്ഡനവുമായി മർകസുദ്ദഅ്‌വക്കാർ പ്രത്യക്ഷപ്പെട്ടത് കളിയാക്കലും കൊച്ചാക്കലും നിഷേധത്തിൽ ഉറച്ചുനിന്നുകൊണ്ടുമാണ്. പണ്ഡിതന്മാരെ വ്യക്തിപരമായി വിമർശിക്കാനാണ് അവർ സമയം ചെലവഴിച്ചത്. ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ തുടക്കത്തെ കുറിച്ചോ അതിന്റെ ആശയാദർശങ്ങളെക്കുറിച്ചോ കൂടുതൽ പഠിക്കുകയോ അറിയുകയോ ചെയ്തിട്ടില്ലാത്തവർ എന്നൊക്കെയാണ് അവരുടെ വിമർശനം. എന്നാൽ ഒന്നാം ഖണ്ഡനത്തിലൂടെ വിസ്ഡം പക്ഷത്തെ പണ്ഡിതന്മാർ കൃത്യമായി ഇതിന് മറുപടി പറഞ്ഞു. കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ ഇന്നലകളിലെ നേതാക്കളും പണ്ഡിതന്മാരും സ്വീകരിച്ചുപോന്നതും പ്രചരിപ്പിച്ചുപോന്നതുമായ ആശയാദർശങ്ങൾ എന്തെന്ന് തെളിവു സഹിതം വ്യക്തമാക്കി. വിമർശനങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം പറയാനാകാതെ പഴയ പല്ലവി വീണ്ടും വീണ്ടും പാടി നടക്കുക മാത്രമാണ് ഇവർ ചെയ്യുന്നത്.

സത്യത്തിന്റെ വക്താക്കളെ സമൂഹമധ്യത്തിൽ താറടിച്ച് കാണിക്കാനും സംഘടനാവിരോധം മൂത്ത് ഇസ്‌ലാമിക പ്രമാണങ്ങളെ വികലമാക്കാനും ഇറങ്ങിപ്പുറപ്പെട്ട ഇവർ ഇപ്പോൾ എത്തിനിൽക്കുന്നത് എവിടെയാണെന്ന് മനസ്സിലാക്കാൻ സലാം സുല്ലമി തന്നെ പണ്ട് ഹദീസ് നിഷേധികൾക്ക് നൽകിയ മറുപടി വായിച്ചാൽ മതി: "യഥാർത്ഥ വസ്തുത എന്താണെന്നുവെച്ചാൽ, പ്രവാചകചര്യയെ നിരാകരിക്കുകവഴി ഖുർആൻ നിഷേധത്തിലേക്കും ഇസ്‌ലാം നിഷേധത്തിലേക്കും ആണ് ഇവർ എത്തിപ്പെട്ടത്" (ഹദീസ് നിഷേധികൾക്ക് മറുപടി, എ.അബ്ദുസ്സലാം സുല്ലമി, പേജ് 5).

അതെ, ഇവരുടെ ഖുർആൻ നിഷേധത്തിന് തെളിവാണ് കോഴിക്കോട് എയർപോർട്ടിനടുത്ത് വെച്ച് ഇവർ നടത്തിയ സംസ്ഥാന സമ്മേളനത്തിൽ ഇവരുടെ തന്നെ അഡ്രസ്സിൽ പ്രസിദ്ധീകരിച്ച 'വിശുദ്ധ ഖുർആൻ മലയാള ആശയ വിവർത്തനം' എന്ന പുസ്തകത്തിലൂടെ കാണാൻ സാധിക്കുന്നത്. ■

ഡോ. ജൗസൽ
: +971 50 957 5064

# ഭാര്യയോടുള്ള കടമകൾ

അല്ലാഹു മുഹമ്മദ് നബിയെ കുറിച്ച് പറയുന്നു: "ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (ക്വുർആൻ 21:107).

ജീവിതത്തിലെ സകല മേഖലകളിലും പാലിക്കേണ്ട ധാരാളം സദുപദേശങ്ങൾ പ്രവാചക വചനങ്ങളിൽ നമുക്ക് കാണാം. കുടുംബ ജീവിതവുമായി ബന്ധപ്പെട്ട ചില പ്രവാചക മൊഴികൾ പരിചയപ്പെടാം.

അബൂഹുറയ്റ(റ)വിൽനിന്ന് നിവേദനം: "നബി(സ്വ) ഭാര്യമാരോട് നല്ല രീതിയിൽ വർത്തിക്കണമെന്ന് ഉപദേശിച്ചുകൊണ്ട് അരുളി: 'സ്ത്രീ, തീർച്ചയായും വാരിയെല്ലിൽനിന്നും സൃഷ്ടിക്കപ്പെട്ടവളാണ്. ഏറ്റവും മുകളിലുള്ള വാരിയെല്ല് കൂടുതൽ വളഞ്ഞിരിക്കും. നീ ശക്തി ഉപയോഗിച്ച് അതിനെ നേരെയാക്കാൻ ഉദ്ദേശിച്ചാൽ അതിനെ പൊട്ടിക്കും. എന്നാൽ വിട്ടേക്കുകയാണെങ്കിൽ വളഞ്ഞുതന്നെ നിലനിൽക്കും. അതിനാൽ ഭാര്യമാർക്കു നിങ്ങൾ സദുപദേശം നൽകിക്കൊണ്ടിരിക്കുക" (ബുഖാരി, മുസ്‌ലിം).

ഭാര്യമാരിൽനിന്ന് ഇഷ്ടപ്പെടാത്ത എന്തെങ്കിലും സ്വഭാവങ്ങൾ കണ്ടാൽ ഭർത്താവ് മയത്തിലും ഒതുക്കത്തിലും സദുപദേശങ്ങൾ നൽകി അത് ശരിയാക്കാൻ നോക്കണം. 'വെട്ടൊന്ന്, മുറി രണ്ട്' എന്ന ശൈലി ഭാര്യമാരോട് എടുക്കരുത്. അത് കാര്യങ്ങൾ വഷളാക്കുകയേയുള്ളൂ. കുറച്ചൊക്കെ താഴ്ന്നു കൊടുത്തും നയപരമായും വേണം ഭാര്യമാരെ കൈകാര്യം ചെയ്യാൻ എന്ന് സാരം.

അബൂഹുറയ്റ(റ)വിൽനിന്ന് നിവേദനം: "നബി(സ്വ) പ്രസ്താവിച്ചു: 'ഒരു സത്യവിശ്വാസി സത്യവിശ്വാസിനിയെ (ഭാര്യയെ) വെറുക്കരുത്. അവളിൽനിന്ന് ഒരു സ്വഭാവം അവൻ വെറുത്താൽ തന്നെയും മറ്റു പലതും അവൻ തൃപ്തിപ്പെട്ടേക്കാനിടയുണ്ട്" (മുസ്‌ലിം).

ഭർത്താവിന് ഇഷ്ടപ്പെടാത്ത ചില കാര്യങ്ങൾ ഭാര്യമാരിൽ കണ്ടേക്കാം. എന്നാൽ അതിനെക്കുറിച്ച് മാത്രം ചർച്ച ചെയ്തു ഭാര്യയെ വെറുക്കുകയല്ല ഭർത്താവ് ചെയ്യേണ്ടത്. ഭാര്യയുടെ കുറ്റവും കുറവും നോക്കുന്നതിനു പകരം അവളുടെ നന്മകളിലേക്ക് നോക്കാൻ പ്രവാചകൻ(സ്വ) കൽപിക്കുന്നു. നമുക്ക് ഇഷ്ടപ്പെടാത്ത ഒരു കാര്യം ഭാര്യമാരിൽ ഉണ്ടെങ്കിൽ അതിനപ്പുറം ഒരുപാട് നല്ല ഗുണങ്ങളും അവളിൽ ഉണ്ടാകും. കുറ്റം കണ്ടുപിടിക്കാൻ നടക്കുന്നതിനു പകരം അവളിലെ നന്മകൾ തിരിച്ചറിയുന്ന നല്ല ഭർത്താവാകാൻ മുഹമ്മദ് നബി(സ്വ) ഉപദേശിക്കുന്നു.

മുആവിയ ഇബ്നു ഹൈദ(റ)വിൽനിന്ന് നിവേദനം: "ഞാൻ ചോദിച്ചു: 'പ്രവാചകരേ, ഞങ്ങൾക്ക് ഭാര്യയോടുള്ള കടമയെന്താണ്?' അവിടുന്ന് പറഞ്ഞു: 'നീ ഭക്ഷിക്കുമ്പോൾ അവളെ ഭക്ഷിപ്പിക്കുകയും നീ വസ്ത്രം ധരിക്കുമ്പോൾ അവളെ ധരിപ്പിക്കുകയും ചെയ്യുക. നീ അവളുടെ മുഖത്തടിക്കുകയോ ഇവളെന്തുമാത്രം ദുഃസ്വഭാവി എന്നു പറഞ്ഞ് മാനംകെടുത്തുകയോ വീട്ടിൽ വെച്ചല്ലാതെ പിണങ്ങുകയോ ചെയ്യാൻ പാടില്ല" (അബൂദാവൂദ്).

ഭാര്യക്ക് ചെലവിനു നൽകൽ ഭർത്താവിന്റെ നിർബന്ധ ബാധ്യതയായി ഇസ്‌ലാം പഠിപ്പിക്കുന്നു. ഒരു കാരണവശാലും അവളുടെ മുഖത്ത് അടിക്കാൻ പാടില്ല. പ്രവാചകൻ(സ്വ) വിലക്കിയ കാര്യമാണത്. വലിയ അഭിമാനക്ഷതം ഉണ്ടാക്കുന്ന കാര്യമാണ് മുഖത്ത് അടിക്കുന്നത്. പല വിവാഹബന്ധങ്ങളുടെയും തകർച്ചക്ക് പ്രധാന കാരണം മുഖമടച്ചുള്ള ഒറ്റ അടിയായിരിക്കും. 'ചട്ടിയും കലവും ആകുമ്പോൾ തട്ടിയും മുട്ടിയും ഇരിക്കും' എന്ന് പറഞ്ഞതുപോലെ ഭാര്യയും ഭർത്താവും കലഹിക്കൽ സ്വാഭാവികമാണ്. പക്ഷേ, അതൊരിക്കലും വീട്ടിന് പുറത്തേക്ക് എത്തിക്കരുത്. മറ്റുള്ളവരുടെ മുമ്പിൽ വെച്ച് ഭാര്യയെ കുറ്റം പറയുവാനോ മാനം കെടുത്തുവാനോ പാടില്ല. വീടിനു പുറത്തുവെച്ച് പിണങ്ങാനും പാടില്ല.

അബൂഹുറയ്റ(റ)വിൽനിന്ന് നിവേദനം: "നബി(സ്വ) പ്രസ്താവിച്ചു: 'സത്യവിശ്വാസികളിൽ പരിപൂർണൻ നല്ല സ്വഭാവമുള്ളവനാകുന്നു. നിങ്ങളിൽ വെച്ചേറ്റവും ഉത്തമൻ ഭാര്യമാരോട് നല്ലനിലയിൽ വർത്തിക്കുന്നവനാണ്"(തിർമിദി).

ഒരു മനുഷ്യൻ നല്ല ആളാണെന്ന് നാട്ടുകാർക്ക് മൊത്തം അഭിപ്രായമുണ്ടെങ്കിലും വീട്ടിൽ ഭാര്യയോട് മോശമായി പെരുമാറുന്നവനാണെങ്കിൽ അയാൾ ഉത്തമനല്ല. നല്ല മനുഷ്യൻ നാട്ടിലും വീട്ടിലും നല്ല സ്വഭാവത്തിന്റെ ഉടമയായിരിക്കണം. ■

ഉസ്മാൻ പാലക്കാഴി
: 9656 292 244



സ്ഥാപിതകാലം മുതലേയുള്ള യുക്തിവാദി കളുടെ മുസ്‌ലിം വിമർശന തുറുപ്പുചീട്ടാണ് ഇസ്‌ലാമിലെ സ്ത്രീ എന്നത്. സാമൂഹികവും സാങ്കേതികവുമായ മാറ്റങ്ങൾ വിമർശനങ്ങളെ അപ്രസക്തമാക്കുകയും അതിലെ പൊള്ളത്തര ങ്ങൾ തുറന്നുകാട്ടുന്നതിന് സഹായകമാവുകയും ചെയ്തുവെങ്കിലും വിമർശകർ ഇന്നും പഴയ പാട്ട് തന്നെ പാടിക്കൊണ്ടിരിക്കുകയാണ്.

# ഇസ്‌ലാമിലെ സ്ത്രീ;
## യുക്തിവാദികളുടെ യുക്തിരഹിത ആരോപണങ്ങൾ

കാര്യങ്ങൾ വസ്തുനിഷ്ഠമായി പഠിച്ച് യുക്തി ഭദ്രമായി അവതരിപ്പിക്കുന്നവരും എല്ലാ മതങ്ങളെയും വിമർശിക്കുന്നവരുമാണ് കേരളത്തിലെ യുക്തിവാദികൾ എന്ന ധാരണ ആർക്കെങ്കിലുമുണ്ടെങ്കിൽ അത് തെറ്റായ ധാരണയാണ്. യുക്തിയും ബുദ്ധിയുമില്ലാത്ത, കടുത്ത ഇസ്‌ലാംമത വിദ്വേഷം നിറഞ്ഞു നിൽക്കുന്ന, സംഘപരിവാറിന്റെ വാലാട്ടികളായി മുന്നോട്ടുപോകുന്നവരായി ഇക്കൂട്ടർ അധഃപതിച്ചിരിക്കുന്നു.

ഇസ്‌ലാമിനെ വിമർശിക്കുന്നതിൽ യാതൊരു നീതിബോധവും ഇവർ കാണിക്കാറില്ല. ഇസ്‌ലാമിനെ വിമർശിക്കാൻ ലഭിക്കുന്ന ഏതൊരു വിഷയവും ഉപയോഗിച്ച് ഇസ്‌ലാമിനെയും പ്രവാചകനെയും പരിഹസിക്കുന്ന സ്വഭാവവും, സന്ദർഭങ്ങളും പശ്ചാത്തലങ്ങളും പരിഗണിക്കാതെയുള്ള വിലയിരുത്തലു കളിലൂടെ ഇസ്‌ലാമിനെ കടന്നാക്രമിക്കാനുള്ള വാസനയും യുക്തിവാദികൾ ഒരു ഐഡന്റിറ്റിയായി കൊണ്ടുനടക്കുന്നു. ഈ പ്രവണതക്ക് എമ്പാടും ഉദാഹരണങ്ങൾ ഉദ്ധരിക്കുവാൻ കഴിയും.



'യുക്തിവിചാരം' മാസികയുടെ 2005 ഫെബ്രുവരി ലക്കത്തിൽ വന്ന ഒരു ലേഖനം ഉദാഹരണമായി എടുക്കാം. 'മുസ്‌ലിം സഹോദരിമാരുടെ ശ്രദ്ധക്ക്' എന്ന പേരിൽ മുംതാസ് ബീഗം കോഴിക്കോട് എഴുതിയതാണ് ആ ലേഖനം. നിരവധി തവണ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള, ഇസ്‌ലാമിലെ സ്ത്രീയുടെ വ്യക്തിത്വ, സാമൂഹ്യപരിഗണനകൾ, അവകാശങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് പ്രസ്തുത ലേഖനത്തിൽ ചർച്ച ചെയ്യാൻ ശ്രമിക്കുന്നതെങ്കിലും ആശയപരവും താത്വികവുമായ സംവാദത്തിന്റെ തലത്തിലേക്ക് ഉയരാതെ വിമർശിക്കാൻ വേണ്ടിയുള്ള വിമർശനമായി അവസാനിക്കുകയാണ് ചെയ്യുന്നത്. 'മുംതാസ് ബീഗം കോഴിക്കോട്' എന്ന പേരിൽ ഏതോ യുക്തിവാദി പടച്ചുണ്ടാക്കിയ വികലമായ ആ ലേഖനം ആശയ പാപ്പരത്തത്തിന്റെ മികച്ച തെളിവാണ്.

ഇസ്‌ലാമിലെ സ്ത്രീ എക്കാലത്തും വിമർശകരുടെ ഒരു തുറുപ്പുചീട്ടാണ്. ഇസ്‌ലാം സ്ത്രീയെ എങ്ങനെ പരിഗണിക്കുന്നു എന്ന് വസ്തുനിഷ്ഠമായി പരിശോധിച്ചറിയാതെയാണ് വിമർശനങ്ങളെല്ലാം ഉയർന്നു വരാറുള്ളത്. യുക്തിവിചാരത്തിലെ ലേഖനവും അത്തരത്തിലുള്ളതാണ്.

ലേഖനത്തിൽ ഇപ്രകാരം വായിക്കാം: "ചിന്താശേഷിയും ബുദ്ധിയും വിവേകവുമുള്ള ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ വ്യക്തമാണ് ഇസ്‌ലാമിലെ സ്ത്രീ-പുരുഷ വിവേചനം. മതം അനുസരിച്ച് ജീവിക്കുവാൻ വിധിക്കപ്പെടുന്ന വ്യക്തികൾ എന്ന നിലയിൽ സ്ത്രീയെയും പുരുഷനെയും പരിഗണിക്കുമ്പോൾ പോലും, പുരുഷന് വളരെ പിന്നിലാണ് ഇസ്‌ലാം സ്ത്രീക്ക് കൽപിക്കുന്ന സ്ഥാനം. ഖുർആനും മതത്തിന്റെ ഇതര പ്രമാണങ്ങളും മുന്നോട്ടുവെക്കുന്ന നിയമങ്ങൾ നൂറ് ശതമാനം സ്ത്രീ വിരുദ്ധവും പുരുഷാധിപത്യപരവുമാണ്. ഈ യാഥാർഥ്യം കണ്ടെത്തുവാൻ കഴിയുന്ന ഒരു വ്യക്തിക്ക് ഇസ്‌ലാമിൽ മോചനം ലഭ്യമാവുക സാധ്യവുമല്ല."

"ഇസ്‌ലാം പുരുഷന് സ്ത്രീക്കുമേൽ നൽകുന്ന അധികാരവും ആധിപത്യവും സുവ്യക്തമായ ഒരു ഖുർആനിക ആശയമാണ്. പുരുഷനെ സ്ത്രീകളുടെ കൈകാര്യകർത്താക്കൾ എന്നാണ് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നത്. ആടുമാടുകൾ, സ്വത്തുക്കൾ, ഉപഭോഗ വസ്തുക്കൾ തുടങ്ങിയവ പോലെ കൈകാര്യം ചെയ്യാവുന്ന വ്യക്തിത്വമില്ലാത്ത വസ്തുക്കളായി സ്ത്രീകളെ പാർശ്വവൽകരിക്കുന്ന കുടിലത താഴെ പറയുന്ന ഖുർആൻ വചനത്തിൽ കാണാം."

തുടർന്ന് ഉദ്ധരിക്കുന്നത് ക്വുർആനിലെ 4:34 വചനമാണ്. ഈ വചനത്തിൽ ഉപയോഗിച്ചിരിക്കുന്ന 'ക്വവ്വാമൂന' എന്ന പദത്തിൽ പിടിച്ചാണ് ക്വുർആനിന്റെ പുരുഷാധിപത്യ സ്വഭാവം തെളിയിക്കാൻ ശ്രമിച്ചിരിക്കുന്നത്. ക്വുർആൻ വചനങ്ങൾക്ക് ചില പരിഭാഷകളിൽ നൽകിയിരിക്കുന്ന ആശയ വിവർത്തനങ്ങൾ ഉദ്ധരിക്കുകയും സ്വന്തം വിവരമില്ലായ്മ നിരത്തി ആശയപാപ്പരത്തം മറച്ചുപിടിക്കുകയും ചെയ്യുന്ന ശൈലി ഇവിടെ പ്രകടമാണ്

'ക്വവ്വാമുൻ' എന്ന പദത്തിന് പൊതുവെ അർഥം കൽപിക്കപ്പെട്ടു വരുന്നത് 'കൈകാര്യ കർത്താവ്' എന്നാണ്. കന്നുകാലികളെ പോലെ കൈകാര്യം ചെയ്യാൻ അധികാരമുള്ളവൻ എന്ന് ഇതിനെ വിശേഷിപ്പിച്ചത് യുക്തിവാദിയുടെ വിവരമില്ലായ്മയാണ്. ഒരു യുക്തി

> സ്ത്രീകളുടെ സുരക്ഷിത ജീവിതത്തിനാവശ്യമായ സംവിധാനങ്ങൾ ശ്രദ്ധിക്കുവാൻ ദൈവിക ഗ്രന്ഥമാ യ ക്വുർആനിലൂടെ പുരുഷന് നൽകപ്പെടുന്ന ചുമതലയെ 'അവനെ സ്ത്രീയിൽ നിരുപാധികം സ്വാധീനം ചെലുത്തുവാൻ അധികാരപ്പെടുത്തുന്നതാണെ'ന്ന് യുക്തിവാദികൾ ദുർവ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്. ക്വുർആനിലെ സ്ത്രീവിരുദ്ധമെന്ന് ആക്ഷേപിക്കപ്പെടുന്ന പരാമർശങ്ങൾ യഥാർഥത്തിൽ സ്ത്രീയെ സുരക്ഷിതമായ ജീവിതത്തിലേക്ക് നയിക്കുന്നതിനാവശ്യമായ സംവിധാനത്തിന്റെ ഭാഗമാണ്. ഈ സംവിധാനത്തെ നിരാകരിക്കുന്നവരാണ് യഥാർഥത്തിൽ സ്ത്രീവിരുദ്ധരുടെ പക്ഷത്ത് അണിനിരക്കുന്നവർ.

വാദി 'എന്റെ മക്കളുടെ കാര്യമെല്ലാം ഞാനാണ് നോക്കി നടത്തുന്നത്' എന്നു പറയുമ്പോൾ മക്കളെ കന്നുകാലികളെ പോലെ പരിഗണിക്കുന്നു എന്നാണോ ഉദ്ദേശിക്കാറുള്ളത്? കാര്യങ്ങൾ യഥാവിധി നിർവഹിക്കുന്നവൻ, എല്ലാ ധാർമിക വശങ്ങളും ശ്രദ്ധിച്ചു കാര്യനിർവഹണം നടത്തുന്നവൻ എന്നൊക്കെയാണ് അതിന്റെ വിശാലമായ അർഥം. സ്ത്രീകളെ സംബന്ധിച്ച് സാമൂഹിക, വൈയക്തിക, ശാരീരിക, സാമ്പത്തിക, മേഖലകളിലെല്ലാം നീതിയും അർഹതയും അവകാശവുമായിട്ടുള്ള വശങ്ങൾ പരിഗണിച്ചുകൊണ്ട് കുടുംബത്തിൽ കാര്യങ്ങൾ നിർവഹിക്കുന്നവൻ എന്നാണ് 4:34ലെ 'ക്വവ്വാമുൻ' എന്നതിന്റെ അർഥം. ഏതെങ്കിലും തരത്തിലുള്ള അനീതിയോ അതിക്രമമോ ദൈവിക നിയമവിരുദ്ധതയോ ഇല്ലാത്ത കൃത്യതയാണ് പുരുഷനിലെ നിയന്ത്രണാധികാരത്തിന്റെ മാനദണ്ഡവും സവിശേഷതയും. ക്വുർആൻ ചൂണ്ടിക്കാണിക്കുന്ന നീതിയുക്തമായ പരിചരണത്തെ നിരാകരിക്കുന്ന യുക്തിവാദികൾ സ്ത്രീകൾക്കുവേണ്ടി വാദിക്കുന്നവരാകുന്നതെങ്ങനെ?

അമാനി മൗലവി ഈ സൂക്തത്തെ വിശദീകരിക്കവെ എഴുതിയത് കാണുക: "സ്ത്രീകളുടെ നേതൃത്വം പുരുഷൻമാർക്കാണെന്നു പറഞ്ഞതുകൊണ്ട്-ആധുനികതയുടെ ചിത്തഭ്രമം പിടിപെട്ടവർ കരുതാറുള്ളതുപോലെ - സ്ത്രീകൾക്ക് ഇസ്‌ലാം സ്വാതന്ത്ര്യം അനുവദിച്ചിട്ടില്ലെന്നോ, അവർ പുരുഷൻമാരുടെ അടിമകളായിരിക്കുവാനാണ് ഇസ്‌ലാം ഉദ്ദേശിക്കുന്നതെന്നോ ആരും തെറ്റിദ്ധരിക്കേണ്ടതില്ല. സ്ത്രീ പുരുഷൻമാർ തമ്മിലുള്ള അവകാശങ്ങളെ ഒറ്റ വാക്യത്തിൽ കണക്കുതീർത്തു വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

وَلَهُنَّ مِثْلُ ٱلَّذِى عَلَيْهِنَّ بِٱلْمَعْرُوفِ وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ

(അവരുടെ-സ്ത്രീകളുടെ-മേൽ ബാധ്യതയുള്ളതു പോലെ സദാചാരമര്യാദ പ്രകാരം അവരോടും ബാധ്യതയുണ്ട്. പുരുഷൻമാർക്ക് അവരെക്കാൾ ഒരു പദവിയുണ്ടുതാനും 2:228). കൂടുതൽ വിവരം അവിടെ കഴിഞ്ഞുപോയിട്ടുള്ളതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല. ആ പദവിയുടെ വിശദീകരണം മാത്രമാണ് ഈ വചനത്തിൽ കാണുന്നത്. ഈ വചനം അവതരിച്ച സന്ദർഭം കൂടി അറിയുന്നതു നന്നായിരിക്കും. ഒരു പുരുഷൻ തന്റെ മകളെയും കൂട്ടിക്കൊണ്ടു നബി(സ്വ) യുടെ അടുക്കൽ വന്ന് അവളെ അവളുടെ ഭർത്താവു തല്ലിയതായി കേസ്സു പറയുകയുണ്ടായി. അതു പാടില്ലാത്തതാണെന്നും, അതിനു പ്രതികാരം ചെയ്യാമെന്നും നബി(സ്വ) പറഞ്ഞു. ഈ അവസരത്തിലാണിത് അവതരിച്ചതെന്നു ഇബ്നുജരീർ(റഹി) മുതലായ ചിലർ പല മാർഗങ്ങളിലൂടെ നിവേദനം ചെയ്തിരിക്കുന്നു. ചില രിവായത്തുകളിൽ ആ സ്ത്രീ അവളുടെ ഭർത്താവുമായി പിണങ്ങിയതുകൊണ്ടാണ് അവൻ അടിച്ചതെന്നും, മറ്റു ചില രിവായത്തുകളിൽ, ഈ വചനം അവതരിച്ചപ്പോൾ നബി(സ്വ) 'ഞാൻ ഒരു കാര്യം ഉദ്ദേശിച്ചു; അല്ലാഹു മറ്റൊന്നും ഉദ്ദേശിച്ചു' എന്ന് പറഞ്ഞതായും വന്നിരിക്കുന്നു."

സ്ത്രീകളുടെ സുരക്ഷിത ജീവിതത്തിനാവശ്യമായ സംവിധാനങ്ങൾ ശ്രദ്ധിക്കുവാൻ ദൈവിക ഗ്രന്ഥമായ ക്വുർആനിലൂടെ പുരുഷന് നൽകപ്പെടുന്ന ചുമതലയെ 'അവനെ സ്ത്രീയിൽ നിരുപാധികം സ്വാധീനം ചെലുത്തുവാൻ അധികാരപ്പെടുത്തുന്നതാണെ'ന്ന് യുക്തിവാദികൾ ദുർവ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്.

ക്വുർആനിലെ സ്ത്രീവിരുദ്ധമെന്ന് ആക്ഷേപിക്കപ്പെടുന്ന പരാമർശങ്ങൾ യഥാർഥത്തിൽ സ്ത്രീയെ സുരക്ഷിതമായ ജീവിതത്തിലേക്ക് നയിക്കുന്നതിനാവശ്യമായ സംവിധാനത്തിന്റെ ഭാഗമാണ്. ഈ സംവിധാനത്തെ നിരാകരിക്കുന്നവരാണ് യഥാർഥത്തിൽ സ്ത്രീവിരുദ്ധരുടെ പക്ഷത്ത് അണിനിരക്കുന്നവർ.

'ഇസ്‌ലാമിലെ സ്ത്രീ-പുരുഷ വിവേചനം വ്യക്തവും ലളിതവുമായി മനസ്സിലാക്കാൻ പറ്റുന്നതുമാണ്' എന്നു പറയുന്നവർ പക്ഷേ, പ്രകൃതിയിലെ വിവേചനം മറക്കുകയാണോ? പുരുഷൻ പുരുഷനും സ്ത്രീ സ്ത്രീയുമായി നിലനിൽക്കവെ അവർക്കിടയിൽ വിവേചനം സ്വാഭാവികമല്ലേ! പുരുഷൻ എന്തുകൊണ്ട് സ്ത്രീയുടെ ചുമതലകൾ വഹിക്കുകയും പ്രസവിക്കുകയും അമ്മയും സഹോദരിയുമായി വർത്തിക്കുകയും ചെയ്യുന്നില്ല? പ്രകൃത്യാതന്നെ സ്ത്രീപുരുഷന്മാർക്കിടയിൽ ചില ഭിന്നതകളും വിവേചനങ്ങളും പ്രകടമാണെന്നിരിക്കെ പുരുഷനെപ്പോലെ സ്ത്രീയും എല്ലാ രംഗങ്ങളിലും പരിഗണിക്കപ്പെടണം എന്ന വാശി ദുർവാശിയല്ലേ?

'ഇസ്‌ലാം അനുസരിച്ച് ജീവിക്കാൻ വിധിക്കപ്പെടുമ്പോൾ പോലും സ്ത്രീയെ പുരുഷന് പിന്നിലായാണ് ഇസ്‌ലാം പരിഗണിക്കുന്നത്' എന്ന് വിമർശനം ഉന്നയിക്കുന്നവർ മതബാഹ്യമായ മേഖലയിൽ എവിടെയെല്ലാമാണ് ആധുനിക കാലഘട്ടത്തിലും വനിതകൾ പുരുഷനോടൊപ്പമായി പരിഗണിക്കപ്പെടുന്നതെന്ന് വ്യക്തമാക്കേണ്ടതുണ്ട്. അമൂർത്തമായ ഒരാശയം എന്ന നിലയിൽനിന്ന് അൽപം പോലും ഉയരാൻ കഴിഞ്ഞിട്ടില്ലാത്ത സ്ത്രീ-പുരുഷ സമത്വത്തെക്കുറിച്ച് സംസാരിക്കാൻ ഉത്തരാധുനിക സാമൂഹ്യ ചിന്തകർക്കു പോലും കഴിയുന്നില്ല എന്നതാണ് വാസ്തവം.

'ക്വുർആൻ സ്ത്രീയെ വ്യക്തിത്വമില്ലാത്ത വസ്തുവായി കാണുന്നു' എന്നതും അടിസ്ഥാനരഹിതമായ ആരോപണമാണ്. ഒരാളുടെ വ്യക്തിത്വമെന്നത് അയാളുടെ ജീവശാസ്ത്ര സവിശേഷതകളും സാമൂഹികസ്ഥാനവും ചുമതലകളും ഉത്തരവാദിത്തങ്ങളുമായെല്ലാം ബന്ധപ്പെട്ടുകിടക്കുന്നതാണ്. പുരുഷനാകാൻ ഒരു സ്ത്രീ പരിശ്രമിക്കുകയാണെങ്കിൽ ആധുനിക ശാസ്ത്രത്തിന്റെ സഹായത്തോടെ അവയവമാറ്റം നടത്തുക എന്നതല്ലാതെ, മറ്റൊരു യോഗ്യതകൊണ്ടും സാധിക്കുകയില്ല. ഏതൊക്കെ പദവികൾ നേടിയാലും സ്ത്രീ പരിണമിച്ച് പുരുഷനാകുന്നില്ല. അതുകൊണ്ടുതന്നെ സ്ത്രീയെ പരിഗണിക്കുമ്പോൾ ക്വുർആൻ അവളുടെ ജൈവഘടനയും അതിന്റെ സവിശേഷതകളും പരിഗണിച്ചിട്ടുണ്ട്. ആ പരിഗണനയുടെ അടിസ്ഥാനത്തിലുള്ള നീതിപൂർവക നിലപാടുകളാണ് ക്വുർആനിലുള്ളത്. പുരുഷൻ സമൂഹത്തിലും ജീവിതത്തിലും വഹിക്കുന്ന വിപുലമായ ചുമതലകളും ഉത്തരവാദിത്തങ്ങളും സ്ത്രീക്ക് ബാധകമാക്കാതിരിക്കുകയും സ്ത്രീയുടെ നിലനിൽപിനും മുന്നോട്ടുപോക്കിനും പുരുഷന്റെകൂടി പരിചരണവും ശ്രദ്ധയും വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

'പുരുഷനെ സ്ത്രീയുടെ മേൽ അധികാരപ്പെടുത്തിയിരിക്കുന്നു' എന്നതിനെ സാമാന്യമായ അർഥത്തിൽ പരിഗണിക്കുന്നതുകൊണ്ടാണ് യുക്തിവാദികൾക്ക് സ്ത്രീകളെ വസ്തുവൽകരിക്കുകയാണ് ക്വുർആൻ ചെയ്തതെന്ന് പറയേണ്ടിവരുന്നത്. 'ആടുമാടുകളെയും ഉപകരണങ്ങളെയും കൈകാര്യം ചെയ്യുവാൻ ഏൽപിക്കപ്പെടുന്ന കൈകാര്യകർത്താക്കളെ പോലെയാണ് സ്ത്രീകളുടെ ഉത്തരവാദിത്തം ഏൽപിക്കപ്പെടുന്ന പുരുഷന്മാരെ'ന്ന് യുക്തിവാദികൾ തെറ്റായി മനസ്സിലാക്കുകയും ആ തെറ്റായ മനസ്സിലാക്കലിന്റെ ഉത്തരവാദിത്തം ക്വുർആനിന്റെ മേൽ കെട്ടിവെക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്.

ഇസ്‌ലാം ഉപാധികളോടെ പുരുഷന് അനുവദിച്ചിട്ടുള്ള ബഹുഭാര്യത്വത്തെയും ലേഖനത്തിൽ കടന്നാക്രമിച്ചിരിക്കുന്നു. ബഹുഭാര്യത്വംപോലെ ബഹുഭർതൃത്വം എന്തുകൊണ്ട് പാടില്ല എന്നാണ് ചോദ്യം. അതിന്റെ അപ്രായോഗികതയും സ്ത്രീക്ക് അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകളും എന്തൊക്കെയെന്ന് അറിയാതെയല്ല ഈ ചോദ്യം. ഒരു സ്ത്രീക്ക് നാലു ഭർത്താക്കന്മാരുള്ള സാഹചര്യത്തിൽ കുട്ടികളുടെ പിതാവാരെന്നു നിശ്ചയിക്കാൻ ഓരോ പ്രസവശേഷവും ഡിഎൻഎ ടെസ്റ്റ് നടത്തേണ്ടിവരും.

ക്വുർആനിലെ 3:195 സൂക്തം ഉദ്ധരിച്ചശേഷം എഴുതുന്നു: "ഇസ്‌ലാം സ്ത്രീകൾക്ക് പുരുഷന്മാരെ പോലെ സ്വാതന്ത്ര്യം നൽകുന്നു എന്നതിന്റെ തെളിവായി വിവിധ മുസ്‌ലിം സംഘടനകൾ ഉദ്ധരിക്കുന്ന ഒരു വചനമാണ് മുകളിൽ കാണിച്ചത്. സംഘടനാ പ്രവർത്തനത്തിന്റെ കാര്യത്തിൽ സ്ത്രീകളുടെ മാനുഷികമായ ശേഷിയും പങ്കാളിത്തവും ഉപയോഗിക്കുന്നതിനുള്ള ചൂഷണപരമായ നിലപാടാണ് സത്യത്തിൽ 3:195 വചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത്. ഈ വചനം മക്കയിൽനിന്ന്

സ്ത്രീ-പുരുഷ സമത്വത്തിന് വേണ്ടി വാദിക്കുന്ന യുക്തിവാദികളിൽ എത്രപേർക്ക് സ്വന്തം കുടുംബത്തിൽ അത് പ്രാവർത്തികമാക്കാൻ കഴിയാറുണ്ട് എന്നുകൂടി ചിന്തിക്കുമ്പോഴാണ് അവരുടെ അവകാശ വാദങ്ങളുടെ പൊള്ളത്തരം വ്യക്തമാവുക. സ്വന്തം ആദർശത്തിൽ കുടുംബത്തെ വളർത്താൻ കഴിയാത്തതിന്റെയും ഭാര്യമാർ യുക്തിവാദിനികൾ ആയിത്തീരാത്തതിന്റെയും പേരിൽ ദീനദീനം വിലപിച്ച് നടക്കുന്ന നിവേധി പാരമ്പര്യ യുക്തിവാദികളെ കേരളത്തിൽ കാണാം. സ്വന്തം കുടുംബത്തിൽ യുക്തിവാദം പറയാതെ മിണ്ടാപ്പൂച്ചകളായിരിക്കുന്ന പലരുമാണ് ഇസ്ലാമിന്റെയും മുസ്‌ലിംകളുടെയും തലയിൽ കേറി സ്വന്തം പരാജയം മറച്ചുപിടിക്കാൻ ശ്രമിക്കുന്നത്.

മദീനയിലേക്ക് പ്രവാചകനും അനുചരന്മാരും നടത്തിയ പലായന(ഹിജ്റ) പശ്ചാത്തലവുമായി ബന്ധപ്പെട്ട പരാമർശമാണ്.”

“മദീനയിലെ മുസ്‌ലിംകൾക്ക് ഒരു സമൂഹമായി വളർന്നുവരാൻ കഠിനമായ പ്രയത്നം ആവശ്യമായിരുന്നു. ആ ഘട്ടത്തിൽ സ്ത്രീകളുടെ പങ്കാളിത്തം നേടിയെടുക്കാനുള്ള ഒരു തന്ത്രമെന്ന രീതിയിലാണ് ഈ വചനം ഉപയോഗിക്കപ്പെട്ടത്. അതിനുശേഷം മുസ്‌ലിം സമൂഹം വളർന്ന് മുന്നേറിയപ്പോൾ സ്ത്രീ പിന്തള്ളപ്പെട്ടത് പല ഖുർആൻ വചനങ്ങളിലും കാണാവുന്നതാണ്. അതുപോലെതന്നെ കേസിൽ സാക്ഷി പറയുമ്പോൾ ഒരു പുരുഷന്റെ സാക്ഷിക്ക് തുല്യമാക്കാൻ രണ്ട് സ്ത്രീകൾ വേണം. അതായത് ഒരു പുരുഷന്റെ പകുതിവിലയേ ഒരു സ്ത്രീക്കുള്ളൂ എന്നർഥം” (യുക്തിവിചാരം, 2005 ഫെബ്രുവരി, പേജ് 32-33).

ഇസ്‌ലാം സ്ത്രീക്ക് നൽകുന്ന സ്വാതന്ത്ര്യം യുക്തിപരവും ശാസ്ത്രീയവും നീതിപൂർവകവുമാണ്. മതം, വ്യക്തിജീവിതം എന്നിത്യാദി മേഖലകളിലെല്ലാം സ്ത്രീയുടെ ചിന്താപരവും കർമപരവുമായ പങ്കാളിത്തത്തെ ഇസ്‌ലാം വിലമതിക്കുന്നു. ബുദ്ധിപരമായ സംഭാവനകളും ആത്മീയ ജീവിതത്തിലെ മുന്നേറ്റവും സ്ത്രീക്ക് നിഷേധിക്കപ്പെടുന്നില്ല. സ്ത്രീയായിപ്പോയതിന്റെ പേരിൽ ഒരിക്കലും അവൾ അവഗണിക്കപ്പെടുന്നില്ല. ഈ വസ്തുതയുടെ പ്രഖ്യാപനമാണ് 3:195ൽ കാണുന്നത്.

ഹിജ്റയുടെ പശ്ചാത്തലത്തിൽ മാത്രം പ്രസക്തമായതും പിന്നീട് ഇസ്‌ലാമിൽനിന്ന് പുറംതള്ളപ്പെട്ടതുമായ ഒരാശയമാണ് 3:199ൽ ഉള്ളതെന്നത് യുക്തിവാദികളുടെതായ ദുർവ്യാഖ്യാനമാണ്.

വീടിന്റെ അതിരുകൾക്കുള്ളിൽ ബന്ധിതമായ വ്യക്തിത്വമായി മുസ്‌ലിം സ്ത്രീയെ ചിത്രീകരിക്കുക വിമർശകരുടെ പതിവാണ്. അത് ചരിത്രമറിയാത്തതുകൊണ്ടോ കണ്ടില്ലെന്നു നടിക്കുന്നതുകൊണ്ടോ ആയിരിക്കാം. പ്രവാചകന്റെ കാലം മുതൽ കുടുംബത്തിലെ ഉത്തരവാദിത്തം നിർവഹിക്കുന്നതോടൊപ്പം ഇസ്‌ലാമിക സമൂഹത്തിന്റെ ബഹുവിധങ്ങളായ കർമമേഖലകളിലെ സ്ത്രീ പങ്കാളിത്തത്തിന് നിരവധി തെളിവുകൾ ചരിത്രത്തിൽനിന്ന് ലഭ്യമാണ്. ക്രൈസ്തവ മിഷണറിമാർ പടച്ചുവിടുന്ന വികല ചരിത്രത്തിൽനിന്ന് ഉദ്ധരിക്കുമ്പോൾ യഥാർഥ ചരിത്രത്തെ അവഗണിക്കുകയാണ് ചെയ്യുന്നത്. ചരിത്രത്താളുകളിലെ തിളക്കമാർന്ന മുസ്‌ലിം വനിതാ വ്യക്തിത്വങ്ങളെക്കുറിച്ച് കേട്ടുകേൾവിപോലും ഉണ്ടാകാൻ സാധ്യതയില്ലാത്ത യുക്തിവാദികളും ‘യുക്തിവാദിനി’കളും കാര്യമറിയാതെ എന്തൊക്കയോ വിളിച്ചുപറയുകയാണ്.

സാക്ഷി പറയുന്ന ഘട്ടത്തിൽ ഒരു പുരുഷന് പകരം രണ്ട് സ്ത്രീകൾ ആവശ്യമാണ് എന്നു പറഞ്ഞതിനെ വിമർശിക്കുന്നവർ അത് സ്ത്രീകളുടെ മാനസിക-ശാരീരിക ഭിന്നതകളും അവസ്ഥകളും പരിഗണിച്ചായിരുന്നു എന്ന് മനസ്സിലാക്കുന്നില്ല. അത് ശാസ്ത്രീയതയും യുക്തിഭദ്രതയുമുള്ള ഒരു വസ്തുത കൂടിയാണെന്ന് തെളിയിക്കപ്പെട്ടിട്ടുമുണ്ട്. ‘ഒരുവൾ പിഴച്ചുപോയാൽ മറ്റവൾ ഉണർത്തുവാൻ വേണ്ടി’ എന്ന് പരാമർശിച്ചുകൊണ്ട് ഖുർആൻ തന്നെ സ്ത്രീകൾ രണ്ടുപേർ സാക്ഷിപറയുന്നതിലെ സാമാന്യ യുക്തി ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. കടമിടപാട് രേഖപ്പെടുത്തിവെക്കുന്ന രംഗത്തെ സാക്ഷി നിൽക്കലുമായി ബന്ധപ്പെട്ടുള്ളതാണ് ഈ പരാമർശം.

ഇവിടെ ഖുർആൻ കടമിടപാട് രേഖപ്പെടുത്തി വെക്കേണ്ടതിന്റെ ആവശ്യകതയും അതിന്റെ രീതിയും പഠിപ്പിക്കുകയാണ്. ആളുകൾ തമ്മിൽ കടമിടപാടുകൾ രേഖപ്പെടുത്തുമ്പോൾ സാക്ഷികളായി രണ്ടു പുരുഷന്മാർ ആവശ്യമുണ്ട്. രണ്ട് പുരുഷന്മാർ ഇല്ലായെങ്കിൽ ഒരു പുരുഷനും രണ്ട് സ്ത്രീകളും ആയാലും

മതി. എന്തുകൊണ്ടാണ് ഇവിടെ രണ്ടു സ്ത്രീകൾ വേണമെന്ന് പറഞ്ഞത്? അതിനു ഖുർആനിൽ തന്നെ ഉത്തരമുണ്ട്: 'നിങ്ങളിൽ പെട്ട രണ്ടുപുരുഷൻമാരെ നിങ്ങൾ സാക്ഷി നിർത്തുകയും ചെയ്യുക. ഇനി ഇരുവരും പുരുഷൻമാരായില്ലെങ്കിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന സാക്ഷികളിൽനിന്ന് ഒരു പുരുഷനും രണ്ട് സ്ത്രീകളും ആയാലും മതി. അവരിൽ ഒരുവൾക്ക് തെറ്റ് പറ്റിയാൽ മറ്റവൾ അവളെ ഓർമിപ്പിക്കാൻ വേണ്ടി."

സാധാരണഗതിയിൽ സാമ്പത്തിക ഇടപാടുകളും അതിന്റെ എഴുത്തുകുത്തുകളും മറ്റുമൊക്കെ ചെയ്യുന്നത് പുരുഷന്മാരാണല്ലോ. അതുകൊണ്ടുതന്നെ പുരുഷന്മാർ അതിൽ പരിചയസമ്പന്നരായിരിക്കും. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ പൊതുവേ സാമ്പത്തിക ഇടപാടുകളുടെ കാര്യങ്ങളിൽ ധാരാളമായി ഇടപെടാത്തവരായതുകൊണ്ടുതന്നെ അവർക്ക് അതിൽ പരിചയക്കുറവുണ്ടാകും. കണക്കും കാര്യവും സ്ത്രീകൾ മറന്നു പോകാൻ സാധ്യത കൂടുതലാണ്. രണ്ടു പേരുണ്ടെങ്കിൽ എന്തെങ്കിലും കാരണവശാൽ ഒരാൾ മറന്നുപോയാൽ തന്നെ മറ്റെയാൾക്ക് ഓർമിപ്പിക്കാമല്ലോ എന്നാണ് ഖുർആൻ പറഞ്ഞത്.

സ്ത്രീകളുടെ വാക്കിന് തീരെ വിലകൽപിക്കാതെയും സ്ത്രീകള നീതിന്യായ നിർവഹണ മേഖലകളുടെ സമീപത്തുപോലും അടുപ്പിക്കാതെയും നിരവധി വ്യവസ്ഥിതികൾ ലോകത്ത് നിലനിന്നിരുന്ന കാലത്താണ് ഖുർആൻ സ്ത്രീയെ ഇങ്ങനെ പരിഗണിച്ചതെന്ന കാര്യം ഓർക്കുക. പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകളിൽ പോലും ബ്രിട്ടനിലെയും മറ്റുപല രാജ്യങ്ങളിലെയും നീതിപീഠങ്ങൾ സ്ത്രീയെ സാക്ഷി പറയുന്നതിൽനിന്ന് വിലക്കിയിരുന്നു എന്ന കാര്യം ഓർക്കുക!

സ്ത്രീ-പുരുഷ സമത്വത്തിന് വേണ്ടി വാദിക്കുന്ന യുക്തിവാദികളിൽ എത്രപേർക്ക് സ്വന്തം കുടുംബത്തിൽ അത് പ്രാവർത്തികമാക്കാൻ കഴിയാറുണ്ട് എന്നുകൂടി ചിന്തിക്കുമ്പോഴാണ് അവരുടെ അവകാശ വാദങ്ങളുടെ പൊള്ളത്തരം വ്യക്തമാവുക. സ്വന്തം ആദർശത്തിൽ കുടുംബത്തെ വളർത്താൻ കഴിയാത്തതിന്റെയും ഭാര്യമാർ യുക്തിവാദിനികൾ ആയിത്തീരാത്തതിന്റെയും പേരിൽ ദീനദീനം വിലപിച്ച് നടക്കുന്ന നിവേധി പാരമ്പര്യ യുക്തിവാദികളെ കേരളത്തിൽ കാണാം. സ്വന്തം കുടുംബത്തിൽ യുക്തിവാദം പറയാതെ മിണ്ടാപ്പൂച്ചകളായിരിക്കുന്ന പലരുമാണ് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും തലയിൽ കേറി സ്വന്തം പരാജയം മറച്ചുപിടിക്കാൻ ശ്രമിക്കുന്നത്.

ഇസ്‌ലാം സ്ത്രീകളോട് കാണിക്കുന്ന 'വിവേചന'ത്തെക്കുറിച്ച് ലേഖനത്തിൽ തുടരുന്നത് ഇപ്രകാരമാണ്: "ഈ ഭൂമിയില ജീവിതത്തിലും സംവിധാനത്തിലും മാത്രമല്ല ഖുർആൻ സ്ത്രീകളോട് വിവേചനം കാണിച്ചിട്ടുള്ളത്. ഖുർആൻ ഉയർത്തിക്കാണിക്കുന്ന പരലോകജീവിതത്തിലും സ്ത്രീ പച്ചയായി അവഗണിക്കപ്പെടുകയാണ്. ഖുർആനിലെ സ്വർഗം പുരുഷന്റെ സുഖവാസ കേന്ദ്രമാണ്. സ്ത്രീക്കവിടെ ഒരു പരിഗണനയുമില്ല."

യുക്തിവാദത്തിന്റെ കാവിക്കണ്ണട മാറ്റിവെച്ചാൽ ഖുർആനിനെക്കുറിച്ച് ഇപ്പറഞ്ഞത് ശരിയല്ല എന്ന് വ്യക്തമാകും. സൽകർമങ്ങൾ അനുഷ്ഠിക്കുന്നവർ സ്ത്രീയോ പുരുഷനോ ആയിരുന്നാലും അവരവരുടെ പ്രവർത്തനത്തിന് അനുസൃതമായ പ്രതിഫലം പരലോകത്ത് ലഭിക്കുമെന്നത് ഖുർആനിലെ ഒരു പൊതുതത്ത്വമാണ്. നിരവധി സ്ഥലങ്ങളിലായി ഊന്നിപ്പറഞ്ഞഞ്ഞിട്ടുള്ള ഈ വസ്തുത നിഷേധിക്കാൻ- ഖുർആൻ പ്രതിഫലത്തിന്റെ കാര്യത്തിൽ സ്ത്രീകളോട് വിവേചനം കാണിക്കുന്നെന്ന് പറയാൻ - നീതിബോധമില്ലാത്തവർക്കേ കഴിയൂ. സ്വർഗനരകങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളിലെവിടെയും ലിംഗപരമായ വിവേചനം ഖുർആനിൽ കാണാൻ കഴിയില്ല. എന്നാൽ 'അല്ലദീന ആമനൂ,' 'മൻ' തുടങ്ങിയ, സ്ത്രീക്കും പുരുഷനും ബാധകമായ സർവനാമങ്ങൾ ഉപയോഗിച്ചുകൊണ്ട് കാര്യങ്ങൾ വിശദമാക്കുന്നത് ഖുർആനിലുണ്ട്. ഭാഷയും ഖുർആനിന്റെ ശൈലിയും അറിയാത്തവർ ഇതിൽനിന്നൊക്കെ വിവേചനം വായിച്ചെടുക്കുന്നത് സ്വന്തം അജ്ഞതയാണ് തെളിയിക്കുന്നത്.

യുക്തിവാദികൾ തെളിഞ്ഞതും പക്ഷപാതരഹിതവുമായ ബുദ്ധിയോടെ ഖുർആനിലേക്ക് നോക്കട്ടെ കാര്യങ്ങൾ അപ്പോൾ വ്യക്തമാവുകയിന്നെ ചെയ്യും. എന്നാൽ വിമർശകരുടെ ഗ്രന്ഥങ്ങളെ അവലംബിച്ച് ഖുർആനിൽ തെറ്റു കണ്ടെത്തുന്നവർക്ക് സത്യം മനസ്സിലാക്കാൻ കഴിയില്ല. ■



ശാനിദ ബിൻത് അഹ്മദ്
ഈങ്ങാപ്പുഴ

മാതാവിന്റെ ഗർഭാശയം, ദുൻയാവ്, ക്വബ്ർ, മഹ്ശർ ഇവയിലൂടെ യാത്ര ചെയ്ത് ഒന്നുകിൽ നരകത്തിലോ അല്ലെങ്കിൽ സ്വർഗത്തിലോ മനുഷ്യന്റെ യാത്ര അവസാനിക്കുന്നു. നമ്മുടെ യാത്ര എവിടെയാണ് അവസാനിക്കേണ്ടതെന്ന് നാം ആലോചിക്കുക, അതിനായി പ്രവർത്തിക്കുക, പ്രാർഥിക്കുക.

# യാത്ര അവസാനിക്കുന്നില്ല

അനേകലക്ഷം ബീജകണങ്ങളിൽനിന്ന് കരുത്തുറ്റ ഒരു ബീജം ദുർഘടമായ വഴികളിലൂടെ, പ്രതികൂല സാഹചര്യങ്ങളെ മറികടന്നുള്ള യാത്രയിലൂടെ (മാതാവിന്റെ) ഗർഭപാത്രത്തിൽ എത്തി അണ്ഡവുമായി കൂടിച്ചേർന്ന് മാറിമാറി വരുന്ന പല ഘട്ടങ്ങളിലൂടെ ഒരു കുഞ്ഞ് രൂപപ്പെടുന്നു. അവിടം മുതൽ മനുഷ്യൻ യാത്രയിലാണ്. അതാണ് മനുഷ്യൻ ജീവിതം ആരംഭിക്കുന്ന ആദ്യ വീട്.

അല്ലാഹു പറയുന്നത് നോക്കൂ: "പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" (ക്വുർആൻ 23:13,14).

ഗർഭപാത്രം എന്ന ആദ്യ വീട്ടിൽ മനുഷ്യന്റെ കാലം പരിമിതമാണ്. പ്രസവം എന്ന പ്രതിഭാസത്തിലൂടെ ഗർഭാശയത്തിലെ ജീവിതത്തിൽനിന്നും അവൻ/അവൾ യാത്രയാകുന്നു. അതോടെ മനുഷ്യന്റെ ജീവിതയാത്ര അവസാനിക്കുന്നില്ല, മറിച്ച് അവൻ ജീവിതയാത്രയിലെ മറ്റൊരു ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. ഗർഭാശയ ജീവിതത്തിന്റെ അവസാനം ഭൗതികലോക ജീവിതത്തിന്റെ തുടക്കമാണ്. ചിരിച്ചും കരഞ്ഞും അമ്മിഞ്ഞപ്പാൽ നുകർന്നും ഇരുന്നും മുട്ടിലിഴഞ്ഞും പിടിച്ചു നടന്നും പിടിക്കാതെ നടന്നും ഓടിയും ചാടിയും കളിച്ചും രസിച്ചും അവൻ/അവൾ അങ്ങനെ ജീവിക്കുന്നു.

ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർധക്യം തുടങ്ങിയ പല ഘട്ടങ്ങളിലൂടെയാണ് യാത്ര. അതിനിടയിൽ എവിടെയോ വെച്ച്

എപ്പോഴോ മരണം പിടികൂടുന്നു. അതോടെ ഭൗതികലോകത്തെ ജീവിതത്തിന് തിരശ്ശീല വീഴുന്നു. അപ്പോഴും യാത്ര അവസാനിക്കുന്നില്ല. മരണത്തോടെ പാരത്രിക ജീവിതത്തിന്റെ ആരംഭം കുറിക്കുന്നു.

പരിശുദ്ധ ഖുർആൻ പറയുന്നു: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്" (3:185).

മരണപ്പെട്ടവരെ കുളിപ്പിച്ച്, വെള്ള വസ്ത്രം ധരിപ്പിച്ച്, സുഗന്ധം പൂശി, ജനാസ നമസ്കാരം നിർവഹിച്ച് ഉറ്റവരും ഉടയവരും പ്രാർഥനയോടെ മണ്ണിനു മുകളിൽ നിന്ന് മണ്ണിനടിയിലേക്ക് നമ്മെ യാത്രയാക്കുന്നു. അപ്പോഴും യാത്ര അവസാനിക്കുന്നില്ല!

ഖബ്റിലെ ചോദ്യങ്ങളിലൂടെ ആരംഭിക്കുന്ന സുദീർഘമായ യാത്ര. കർമഫലങ്ങൾ അനുഭവപ്പെട്ടു തുടങ്ങുന്ന ഇടം. നന്മ ചെയ്തവന് സുഖാനുഭൂതിയും സമാധാനവും സന്തോഷവും. തിന്മ ചെയ്തവന് ദുഷ്കരമായ, വേദനിപ്പിക്കുന്ന, ഒരിക്കലും പൊരുത്തപ്പെട്ട് പോകാൻ കഴിയാത്തവിധം അസഹ്യമായ അനുഭവം. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ, കറുത്തവനെന്നോ വെളുത്തവനെന്നോ പ്രമാണിയെന്നോ പാമരനെന്നോ വ്യത്യാസമില്ലാതെ ഏതൊരു മനുഷ്യനും അനുഭവിക്കേണ്ടിവരുന്ന ഒരു അവസ്ഥയാണത്.

അങ്ങനെ എത്രയോ കാലം! ശേഷം അന്ത്യനാളിലെ ഉയിർത്തെഴുന്നേൽപ്പോടുകൂടി ഖബ്ർ ജീവിതം അവസാനിക്കുന്നു. അപ്പോഴും യാത്ര അവസാനിക്കുന്നില്ല.

യഥാർഥ ജീവിതം ആരംഭിക്കുന്നേയുള്ളൂ. ഭൂമിയിൽ ജീവിച്ച കാലത്ത് ചെയ്ത കർമങ്ങൾ -നന്മയാവട്ടെ തിന്മയാവട്ടെ-ഓരോന്നായി ബോധ്യപ്പെടുത്തി അണുമണിത്തൂക്കം വ്യത്യാസം വരാതെ വിധി നിർണയം നടത്തപ്പെടുന്നു. അതോടെ തുടങ്ങുന്നു യഥാർഥ ജീവിതം.

അന്നത്തെ ദിവസം, തങ്ങളുടെ പ്രവർത്തന(ഫല)ങ്ങൾ തങ്ങൾക്ക് കാട്ടിക്കൊടുക്കപ്പെടുവാനായി മനുഷ്യർ ഭിന്നസംഘങ്ങളായി രംഗത്ത് വരുന്നതാണ്.

"അന്നേദിവസം മനുഷ്യർ പല സംഘങ്ങളായി പുറപ്പെടുന്നതാണ്. അവർക്ക് അവരുടെ കർമങ്ങൾ  കാണിക്കപ്പെടേണ്ടതിനായിട്ട്. അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും" (99:6-8).

അതെ, സ്രഷ്ടാവ് നീതിയോടെ വിധികൽപിക്കുന്ന ദിവസം. സ്വന്തം ശരീരം പോലും തനിക്കെതിരെയോ അനുകൂലമായോ സാക്ഷിയാകുന്ന ദിവസം. സ്വന്തം കാര്യമല്ലാതെ മറ്റൊന്നും ഓർക്കാത്ത ദിവസം. ഗൗരവമേറിയ ആ മഹാവിചാരണക്കൊടുവിൽ നന്മ-തിന്മകൾക്കനുസൃതമായി സ്വർഗ-നരക പ്രവേശം ലഭിക്കുന്നു. അവിടെയാണ് അനന്തമായ ജീവിതം.

മരണം ഒരിക്കലും മനുഷ്യന്റെ അവസാനമല്ല, യഥാർഥ ജീവിതത്തിന്റെ തുടക്കം മാത്രമാണത്. തുടർന്നുള്ള ജീവിതം സുഖകരമാവാൻ ഭൂമിയിൽ ജീവിക്കുമ്പോൾ സൂക്ഷ്മത പാലിക്കുക. ഇഹലോക ജീവിതം പരലോകത്തേക്കുള്ള കൃഷിയിടമാണ്. കർമങ്ങൾക്കനുസരിച്ച് തികച്ചും അർഹതപ്പെട്ട സ്ഥാനം പരലോകത്ത് ലഭിക്കും.

"...നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (3:185).

മനുഷ്യർ സൃഷ്ടിക്കപ്പെട്ടതുമുതൽക്ക് യാത്ര ചെയ്യുന്നവരായിക്കൊണ്ടേയിരിക്കുകയാണ്. സ്വർഗത്തിലോ നരകത്തിലോ അല്ലാതെ അവരുടെ യാത്രയിൽനിന്ന് അവർക്കൊരു ഇറക്കമില്ല.

ഇമാം ഇബ്നുൽഖയ്യിം (റഹി) പറയുന്നു: "മാതാവിന്റെ ഗർഭാശയം, ദുൻയാവ്, ഖബ്ർ, മഹ്ശർ ഇവയിലൂടെ യാത്ര ചെയ്ത് ഒന്നുകിൽ നരകത്തിലോ അല്ലെങ്കിൽ സ്വർഗത്തിലോ മനുഷ്യന്റെ യാത്ര അവസാനിക്കുന്നു. നമ്മുടെ യാത്ര എവിടെയാണ് അവസാനിക്കേണ്ടതെന്ന് നാം ആലോചിക്കുക, അതിനായി പ്രവർത്തിക്കുക, പ്രാർഥിക്കുക."

സ്രഷ്ടാവ് നീതിയോടെ വിധികൽപിക്കുന്ന ദിവസം. സ്വന്തം ശരീരം പോലും തനിക്കെതിരെയോ അനുകൂലമായോ സാക്ഷിയാകുന്ന ദിവസം. സ്വന്തം കാര്യമല്ലാതെ മറ്റൊന്നും ഓർക്കാത്ത ദിവസം. ഗൗരവമേറിയ ആ മഹാവിചാരണക്കൊടുവിൽ നന്മ-തിന്മകൾക്കനുസൃതമായി സ്വർഗ-നരക പ്രവേശം ലഭിക്കുന്നു. അവിടെയാണ് അനന്തമായ ജീവിതം.

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 38

# കേരള ഇസ്‌ലാമിക് സെമിനാറും കേരള അറബി പ്രചാരസഭയും

അറബി ഭാഷയെ അങ്ങേയറ്റം സ്നേഹിച്ചിരുന്ന പണ്ഡിതനായിരുന്നു ഇ.കെ. മൗലവി. അറബി ഭാഷയിലും നന്നായി പ്രസംഗിക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. പഴയ കൊച്ചി സ്റ്റേറ്റിലെ ദിവാൻജിയായിരുന്ന ശ്രീ. വിജയരാഘവാചാരിക്ക് അഴീക്കോട്ടുവെച്ചു നൽകിയ സ്വീകരണത്തിൽ ഇ.കെ.മൗലവി അറബി ഭാഷയിൽ നടത്തിയ പ്രസംഗത്തെക്കുറിച്ച് നാം പരാമർശിക്കുകയുണ്ടായല്ലോ. മൗലവി സാഹിബിന് അറബി ഭാഷയോടുള്ള സ്നേഹമാണ് ഇത് കാണിക്കുന്നത്. അറബി ഭാഷയുടെ പ്രചാരണത്തിനായുള്ള ഇ.കെ.മൗലവിയുടെ ശ്രമങ്ങൾ പ്രത്യേകം ഓർമിക്കേണ്ടതാണ്.

കേരളത്തിലെ മുസ്‌ലിംകളെ ബൗദ്ധികമായി ഉയർത്തുന്നതിൽ നിർണായക പങ്കുവഹിച്ച സംരംഭമായിരുന്നു 1963 മുതൽ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടന്ന 'കേരള ഇസ്‌ലാമിക് സെമിനാറുകൾ.' മുസ്‌ലിം നവോത്ഥാനരംഗത്ത് വലിയ സംഭാവനകളാണ് ഈ സെമിനാർ അർപ്പിച്ചിട്ടുള്ളത്. രാഷ്ട്രീയ, മത, കക്ഷി വിഭാഗീയതകൾക്കതീതമായി സമുദായത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെ സമുദായ പുരോഗതിക്കായി ഒരേ വേദിയിൽ അണിനിരത്താൻ ഈ സംരംഭത്തിനു കഴിഞ്ഞു. സ്ത്രീപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായിരുന്നു എല്ലാ സെമിനാറുകളും. മുസ്‌ലിം നവോത്ഥാന സംരംഭങ്ങളെ എതിർത്തിരുന്ന പലരും ഇസ്‌ലാമിക് സെമിനാറുകൾക്കെതിരെയും രംഗത്തു വന്നു. 'സെമി നാർ,' അഥവാ 'പകുതി നരകം' എന്നായിരുന്നു അന്ന് അവർ ഈ പരിപാടിയെ പരിഹസിച്ചത്.



കേരള ഇസ്‌ലാമിക് സെമിനാറിന്റെ സംഘാടനത്തിലും വിഷയാവതരണത്തിലും ഇ.കെ.മൗലവി നൽകിയ സംഭാവനകൾ വിസ്മരിക്കാവതല്ല. ടി.പി.കുട്ടിയാമു സാഹിബ്, കരുവള്ളി മുഹമ്മദ് മൗലവി, മജീദ് മരക്കാർ, പ്രഫ. സയ്യിദ് മുഹ്‌യിദ്ദീൻ ഷാ തുടങ്ങിയവരായിരുന്നു ഈ സെമിനാറുകളുടെ മുഖ്യ സംഘാടകർ. കാലിക പ്രസക്തവും മുസ്‌ലിം സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കാനുതകുന്നതുമായ വിഷയങ്ങളാണ് ഈ സെമിനാറുകൾ ചർച്ച ചെയ്തത്. വിദ്യാഭ്യാസവും ഇസ്‌ലാമിക സംസ്കാരവും, മതവും സ്വഭാവ സംസ്കരണവും, മുസ്‌ലിം സമുദായവും സ്വഭാവ സംസ്കരണവും, മാപ്പിള സാഹിത്യ ചരിത്രം, മലയാള സാഹിത്യവും മുസ്‌ലിംകളും, അറബി-ഉർദു ഭാഷകളുടെ ഭാവി, മുസ്‌ലിംകളും സാമൂഹിക വികസനവും, ആധുനിക വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, സാമൂഹിക വികസനം, സാമൂഹിക വികസനത്തിൽ അനാഥകളുടെ പങ്ക്, സമുദായ സേവനത്തിൽ യുവജന പ്രസ്ഥാനങ്ങളുടെ പങ്ക്, ഇന്ത്യൻ മുസ്‌ലിംകളും ശരീഅത്ത് വ്യവസ്ഥകളും, വ്യവസായ പരിശീലനവും മുസ്‌ലിം യുവാക്കളും, മുസ്‌ലിം സ്ത്രീകളും തൊഴിൽ തുറകളും, നമ്മുടെ ഖത്വീബുമാരും ഇമാമുകളും, സമുദായോദ്ധാരണത്തിൽ പള്ളികൾക്കുള്ള പങ്ക്, ഇസ്‌ലാമും ആധുനിക ലോകവും, കേരളത്തിലെ വഖ്ഫ്, മുസ്‌ലിം പിന്നാക്ക പ്രദേശങ്ങളുടെ വളർച്ചയും വികാസവും, മത-ഭൗതിക വിദ്യാഭ്യാസ സമന്വയം തുടങ്ങിയ; സമുദായ മുന്നേറ്റത്തിനുതകുന്ന വൈവിധ്യങ്ങളായ വിഷയങ്ങൾ ഈ സെമിനാറുകളിൽ ചർച്ച ചെയ്തിരുന്നു.

കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ രണ്ടാം വാർഷിക സമ്മേളനത്തിന് സാക്ഷ്യം വഹിച്ച ആലുവയിലാണ് ആദ്യത്തെ സെമിനാർ നടന്നത്. ആലുവക്ക് ശേഷം, കോഴിക്കോട്, എറണാകുളം, തലശ്ശേരി, ആലപ്പുഴ എന്നിവിടങ്ങളിൽ സെമിനാർ നടക്കുകയുണ്ടായി. ഓരോ സെമിനാറിനുശേഷവും, 'സെമിനാർ റിവ്യൂ' പ്രസിദ്ധീകരിച്ചിരുന്നു. ഒരു സെമിനാറിലെ പ്രബന്ധങ്ങളും പ്രസംഗങ്ങളും മറ്റു ചർച്ചകളും അവലോകനങ്ങളും എല്ലാം ഉൾപ്പെടുത്തിയതായിരുന്നു 'റിവ്യൂ'കൾ. ആ റിവ്യൂകൾ കേരളത്തിലെ മുസ്‌ലിം സമൂഹത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹിക മുന്നേറ്റത്തിന്റെ വലിയ രേഖയാണ്.

1964 മെയ് 14,15,16,17 തീയതികളിൽ കോഴിക്കോട് ഹിമായത്തുൽ ഇസ്‌ലാം സഭയുടെ ഹാളിൽ വെച്ചായിരുന്നു രണ്ടാമത്തെ സെമിനാർ നടന്നത്. ഇ.കെ മൗലവി സെമിനാറിലെ വിഷയാവതാരകനായിരുന്നു. അദ്ദേഹത്തിനു പുറമെ സി.ഒ.ടി കുഞ്ഞിപ്പക്കി സാഹിബ്, മന്ത്രി പി.പി ഉമർകോയ, വലിയ ഖാദി ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ, ഉമർ ബാഫഖി തങ്ങൾ, ടി.പി കുട്ടിയമ്മു സാഹിബ്, സി.എച്ച് മുഹമ്മദ് കോയ തുടങ്ങി പലരും ഈ സെമിനാറിൽ പ്രസംഗിച്ചിരുന്നു. സെമിനാറിനോടനുബന്ധിച്ച് നടന്ന മതവിദ്യാഭ്യാസ സെമിനാർ ഇ.കെ മൗലവിയുടെ അധ്യക്ഷതയിൽ വലിയ ഖാദി ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളാണ് ഉദ്ഘാടനം ചെയ്തത്. വലിയ ഖാദി പങ്കെടുത്തുവെങ്കിലും യാഥാസ്ഥിതികരിൽ വലിയൊരു വിഭാഗം ഈ സെമിനാറുകളെ എതിർക്കുകയാണുണ്ടായത്.

പിന്നീട് 1965 മെയ് 7, 8, 9 തീയതികളിൽ എറണാകുളത്തും 1966 ഏപ്രിൽ 28, മെയ് 1 തീയതികളിൽ തലശ്ശേരിയിലും 1967 മെയ് 18,19,20,21 തീയതികളിൽ ആലപ്പുഴ മുഹമ്മദൻ ഹൈസ്കൂളിലും സെമിനാർ നടന്നു. ആലപ്പുഴയിൽ നടന്ന അഞ്ചാമത്തെ സെമിനാറിനോടനുബന്ധിച്ച് ഒരു വനിതാ സെമിനാറു കൂടി സംഘടിപ്പിക്കപ്പെട്ടിരുന്നു. ഈ സെമിനാറോടു കൂടി കേരള ഇസ്‌ലാമിക് സെമിനാറിനു തിരശ്ശീല വീണു. ആറാമത്തെ സെമിനാർ പാലക്കാട്ടുവെച്ച് നടത്താൻ തീരുമാനിച്ചുവെങ്കിലും അത് നടക്കാതെ പോകുകയായിരുന്നു.[95]

അറബി ഭാഷയെ അങ്ങേയറ്റം സ്നേഹിച്ചിരുന്ന പണ്ഡിതനായിരുന്നു ഇ.കെ. മൗലവി. അറബി ഭാഷയിലും നന്നായി പ്രസംഗിക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. പഴയ കൊച്ചി സ്റ്റേറ്റിലെ ദിവാൻജിയായിരുന്ന ശ്രീ. വിജയരാഘവാചാരിക്ക് അഴീക്കോട്ടുവെച്ചു നൽകിയ സ്വീകരണത്തിൽ ഇ.കെ.മൗലവി അറബി ഭാഷയിൽ നടത്തിയ പ്രസംഗത്തെക്കുറിച്ച് നാം പരാമർശിക്കുകയുണ്ടായല്ലോ. മൗലവി സാഹിബിന് അറബി ഭാഷയോടുള്ള സ്നേഹമാണ് ഇത് കാണിക്കുന്നത്. അറബി ഭാഷയുടെ പ്രചാരണത്തിനായുള്ള ഇ.കെ.മൗലവിയുടെ ശ്രമങ്ങൾ പ്രത്യേകം ഓർമിക്കേണ്ടതാണ്.

അറബിയിൽ ഒരു മാസിക പ്രസിദ്ധീകരിക്കണമെന്ന ഉദ്ദേശ്യത്തോടെ പലരും കൂടിയാലോചിക്കുകയും ചിന്തിക്കുകയും ആ വിവരം എം.സി.സി. അബ്ദുർറഹ്മാൻ മൗലവിയോട് പറയുകയും ചെയ്യുകയുണ്ടായി. മാസിക നടത്തുന്നതിന്നല്ല ധൃതിപ്പെടേണ്ടതെന്നും ആദ്യം വേണ്ടത് അറബി ഭാഷയുടെ പ്രചാരണത്തിനായി ഒരു സംഘടനയുണ്ടാക്കുകയാണ് വേണ്ടതെന്നും എം.സി.സി.നിർദേശിച്ചു. പ്രസ്തുത ആവശ്യത്തിനായി എം.സി.സി. അബ്ദുർറഹ്മാൻ മൗലവി അധ്യക്ഷനായി ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കപ്പെട്ടു. അഡ്ഹോക്ക് കമ്മിറ്റി ചേരുന്നതിനു മുമ്പ് കോഴിക്കോട് പട്ടാളപ്പള്ളിയിൽവെച്ച് ഒരു അനൗദ്യോഗിക യോഗം ചേരുകയുണ്ടായി. യോഗത്തിൽ പല അഭിപ്രായങ്ങളും ഉന്നയിക്കപ്പെട്ടുവെങ്കിലും അവസാനം പ്രസിഡന്റിന്റെ നിർദേശം എല്ലാവരും സ്വീകരിക്കുകയാണുണ്ടായത്. അറബി അറിയുന്നവരെയെല്ലാം സംഘടിപ്പിക്കുകയെന്നതല്ല ആവശ്യം; അന്ധവിശ്വാസങ്ങളിൽനിന്നും പിഴച്ച പുത്തൻ ആചാരങ്ങളിൽനിന്നും രക്ഷപ്പെട്ടു ഖുർആനും സുന്നത്തും പിൻപറ്റി സലഫിന്റെ വഴിയനുസരിക്കുന്ന ഒരു സംഘമാണ് ആവശ്യമെന്ന് അദ്ദേഹം നിർദേശിക്കുകയുണ്ടായി.

അഡ്ഹോക് കമ്മിറ്റിയുടെ ആദ്യയോഗം കോഴിക്കോട് ടൗൺഹാളിലാണ് വിളിച്ചുചേർത്തത്. ഇ.കെ.മൗലവിയായിരുന്നു അധ്യക്ഷൻ. ടൗൺഹാളിൽ യോഗം ചേർന്നപ്പോൾ ഈ ആദർശത്തിൽനിന്നു സംഘത്തെ വ്യതിചലിപ്പിക്കുവാനുള്ള പല ശ്രമങ്ങളും യോഗത്തിൽ പങ്കെടുത്ത പുത്തൻ കൂറ്റുകാർ നടത്തിയെങ്കിലും യോഗത്തിൽ ആധ്യക്ഷ്യം വഹിച്ച ഇ.കെ മൗലവിയുടെ നയതന്ത്രം കാരണം അഡ്ഹോക്ക് കമ്മിറ്റി നിശ്ചയിച്ച പ്രകാരം ജ. എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുടെ നേതൃത്വത്തിൽ 'കേരള അറബി പ്രചാരസഭ' എന്ന പേരിൽ സംഘം രൂപീകരിക്കപ്പെടുകയുണ്ടായി. ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ഇ.കെ.മൗലവി നിർലോഭം സഹകരണം നൽകിയിരുന്നു.

1924ൽ രൂപീകരിക്കപ്പെട്ട കേരള ജംഇയ്യത്തുൽ ഉലമായുടെ കീഴിൽ ഫത്‌വ കൊടുക്കുവാൻ തക്കവണ്ണം ഖുർആനിലും സുന്നത്തിലും ഇസ്‌ലാമിക സംസ്കാരത്തിലും അറബി സാഹിത്യത്തിലും പ്രാപ്തി നേടിയ ഒട്ടേറെ മഹാപണ്ഡിതന്മാർ പ്രവർത്തിച്ചിരുന്നു. അത്രതന്നെ ഉയർന്നവരോ കഴിവുള്ളവരോ ആയിരുന്നില്ലെങ്കിലും ഖുർആനും സുന്നത്തും അറബി സാഹിത്യവും ഗ്രഹിക്കുകയും അതിനനുസരിച്ച് ജീവിക്കുവാൻ തയ്യാറായിരിക്കുകയും ചെയ്യുന്ന രണ്ടാംകിടക്കാരെ സംഘടിപ്പിക്കുക എന്നതായിരുന്നു 'കേരള അറബി പ്രചാരസഭ'യുടെ രൂപീകരണ ലക്ഷ്യം. ഒന്നാം കിടക്കാർക്കും ഇതിൽ ചേരാവുന്നതാണ്. കേരള അറബി പ്രചാരസഭക്കു വേണ്ടി പ്രത്യേകം നിയമാവലി എഴുതി തയ്യാറാക്കുകയും അത് ആ കമ്മിറ്റി അംഗീകരിക്കുകയും അതനുസരിച്ചു മെമ്പർമാരെ ചേർക്കുവാൻ ആരംഭിക്കുകയും ചെയ്തിരുന്നു. സംഘത്തിന്റെ പേര് 'അറബി പ്രചാരസഭ' എന്നാണെങ്കിലും അറബി അറിയുന്ന എല്ലാവരെയും ചേർക്കുവാൻ വേണ്ടിയായിരുന്നില്ല അതു സ്ഥാപിച്ചത്.

അറബിഭാഷാ പ്രചാരണത്തിന്നും ഇസ്‌ലാമിക പ്രചാരണത്തിന്നുമുള്ള വഴി ആസൂത്രണം ചെയ്യുവാനും നിയമ കരട് രൂപീകരിക്കുവാനും വേണ്ടി പ്രസ്തുത കമ്മിറ്റിയുടെയും ജനറൽ ബോഡിയുടെയും യോഗങ്ങൾ അരീക്കോടും പുളിക്കലും തിരൂരങ്ങാടിയിലുമായി ചേർന്നെങ്കിലും, അബ്ദുറഹ്മാൻ മൗലവിയുടെ മരണത്തോടുകൂടി അതിന്റെ പ്രവർത്തനം നിലക്കുകയാണുണ്ടായത്.

---

*അവലംബം:*

*95. എന്റെ ജീവിതം-കരുവള്ളി മുഹമ്മദ് മൗലവിയുമായുള്ള അഭിമുഖം, സദ്റുദ്ദീൻ വാഴക്കാട്, പ്രബോധനം വാരിക.*




മൂസ സ്വലാഹി കാര
: 97473 45768

# അമാനി മൗലവിയുടെ തഫ്സീറും ആദർശ വിരോധികളുടെ അങ്കലാപ്പും

അരനൂറ്റാണ്ട് കാലമായി സംഘടനാഭേദമന്യെ കേരളത്തിലെ മുസ്‌ലിം സമൂഹം സ്വീകരിച്ചുവരുന്നതും അടുത്തറിഞ്ഞതുമായ വിശുദ്ധ ക്വുർആനിന്റെ സമ്പൂർണ മലയാള ആശയ വിവർത്തനവും വിവരണവുമാണ് അമാനി മൗലവിയുടെ തഫ്സീർ. കെ.എം മൗലവി (റഹി)യുടെ നിർദേശത്തിലും മേൽനോട്ടത്തിലുമായി എ.അലവി മൗലവി(റഹി), പി.കെ മൂസ മൗലവി(റഹി), മുഹമ്മദ് അമാനി മൗലവി(റഹി) എന്നിവർ ഏറ്റെടുത്ത മഹത്തായ ദൗത്യം ഘട്ടം ഘട്ടമായി പൂർത്തിയാക്കപ്പെടുകയും 1985ൽ ലക്ഷ്യം കാണുകയും ചെയ്തു. കെ.എം മൗലവി അവതാരിക എഴുതിയതും കെ.പി മുഹമ്മദ് മൗലവി(റഹി) പൂർണമായും വായിച്ച് പരിശോധന നടത്തിയതുമാണ് പ്രസ്തുത തഫ്സീർ.

തഫ്സീറിന് നൽകിയ അവതാരികയിൽ കെ. എം മൗലവി (റഹി) പറഞ്ഞത് വളരെ ശ്രദ്ധേയമാണ്: “ഈ ഗ്രന്ഥം എഴുതി വന്നത് മേൽ പറഞ്ഞ മൂന്നു സ്നേഹിതന്മാരാണെങ്കിലും ഇതിന്റെ പ്രവർത്തനങ്ങളിൽ പല നിലക്കും ഞാനും ബന്ധപ്പെട്ടുകൊണ്ടിരുന്നതിനാൽ ഈ പരിഭാഷയും ഇതിലെ വ്യഖ്യാനങ്ങളുമെല്ലാം സലഫീങ്ങളുടെ മാതൃകയനുസരിച്ചു കൊണ്ടുള്ളതാണെന്ന് എനിക്ക് തീർച്ചയായും പറയുവാൻ കഴിയുന്നതാണ്. പൗരാണിക മഹാന്മാരുടെ മാതൃക പിൻപറ്റുന്നതിലാണ് നമ്മുടെ എല്ലാ നന്മയും സ്ഥിതി ചെയ്യുന്നത്. പിൽകാലക്കാരുടെ പുത്തൻ നിർമാണങ്ങളിലാണ് എല്ലാ തിന്മയും നിലകൊള്ളുന്നത്.”

വിശുദ്ധ ക്വുർആനിലെ ഓരോ വചനത്തിന്റെയും ആശയം ചോരാതെയും അഹ്‌ലുസ്സുന്ന വൽ ജമാഅയുടെ പണ്ഡിതന്മാർ ഏതു രീതി അവലംബിച്ചാണോ ആയത്തുകൾ വിശദീകരിച്ചത് അതനുസരിച്ചുമാണ് അവർ ഈ കാര്യം സഫലമാക്കിയത്. ഇമാമുമാരായ ഇബ്നു ജരീർ അത്ത്വബ്‌രി(റഹി), ഇബ്നു കസീർ(റഹി) പോലുള്ളവരുടെ തഫ്സീറുകളെ ആസ്പദമാക്കി രചിച്ചതാണ് പ്രസ്തുത വിവരണം.

തഫ്സീറിന് നൽകിയ അവതാരികയിൽ കെ. എം മൗലവി (റഹി) പറഞ്ഞത് വളരെ ശ്രദ്ധേയമാണ്: “ഈ ഗ്രന്ഥം എഴുതി വന്നത് മേൽ പറഞ്ഞ മൂന്നു സ്നേഹിതന്മാരാണെങ്കിലും ഇതിന്റെ പ്രവർത്തനങ്ങളിൽ പല നിലക്കും ഞാനും ബന്ധപ്പെട്ടുകൊണ്ടിരുന്നതിനാൽ ഈ പരിഭാഷയും ഇതിലെ വ്യഖ്യാനങ്ങളുമെല്ലാം സലഫീങ്ങളുടെ മാതൃകയനുസരിച്ചുകൊണ്ടുള്ളതാണെന്ന് എനിക്ക് തീർച്ചയായും പറയുവാൻ കഴിയുന്നതാണ്. പൗരാണിക മഹാന്മാരുടെ മാതൃക പിൻപറ്റുന്നതിലാണ് നമ്മുടെ എല്ലാ നന്മയും സ്ഥിതി ചെയ്യുന്നത്. പിൽകാലക്കാരുടെ പുത്തൻ നിർമാണങ്ങളിലാണ് എല്ലാ തിന്മയും നിലകൊള്ളുന്നത്.”

അമാനി മൗലവി(റഹി) അതിന്റെ മുഖവുരയിൽ ക്വുർആൻ വ്യാഖ്യാനത്തിൽ ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ പ്രത്യേകം എണ്ണിപ്പറഞ്ഞത് കൂടി വായിക്കാം:

1. മുൻഗാമികൾ ഏകോപിച്ച അഭിപ്രായത്തിനെതിരായി സ്വന്തം അഭിപ്രായം പറയരുത്.
2. അവർക്കിടയിൽ അഭിപ്രായവ്യത്യാസം കാണുന്നിടത്ത് പ്രത്യേക ലക്ഷ്യം കൂടാതെ ഒന്നിന് മറ്റേതിനെക്കാൾ മുൻഗണന നൽകരുത്.
3. ക്വുർആന്റെ ഭാഷാസാഹിത്യത്തിൽനിന്നും മതവിജ്ഞാനങ്ങളിൽനിന്നും ലഭിക്കുന്ന വ്യാഖ്യാനം സ്വീകരിക്കുവാൻ പണ്ഡിതന്മാർക്ക് അവകാശമുണ്ട്. എന്നാലവ മുൻഗാമികൾ സ്വീകരിച്ചതിന് വിരുദ്ധമാകരുത്.
4. മറ്റെല്ലാ പ്രസ്താവനകളെക്കാളും നബി(സ്വ)യുടെ സുന്നത്തിനാണ് വില കൽപിക്കേണ്ടത്. രണ്ടാമതായി സ്വഹാബികളുടെ പ്രസ്താവനകൾക്കും.
5. അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയാവതല്ലാത്ത കാര്യങ്ങളിൽ ക്വുർആന്റെ പ്രസ്താവനകളിൽ നിന്ന് നേർക്കുനേരെ സ്പഷ്ടമായി മനസ്സിലാക്കുന്നതിനപ്പുറം കടന്നു വ്യാഖ്യാനിച്ചുകൂടാത്തതാണ്.
6. നബി(സ്വ)മുഖേന മാത്രം അറിയാവുന്ന കാര്യങ്ങളിൽ നബി(സ്വ)യിൽ നിന്ന് ലഭിച്ച വ്യാഖ്യാനം മാത്രമേ സ്വീകരിക്കാവൂ. ബാക്കിയുള്ള വിഷയങ്ങളിൽ മാത്രമാണ് മേൽ ചൂണ്ടിക്കാട്ടിയ തത്വങ്ങൾ സ്വീകരിക്കേണ്ടത്.
7. ഈ അടിസ്ഥാനത്തിൽ അല്ലാത്ത വ്യാഖ്യാനങ്ങൾ സ്വന്തം അഭിപ്രായത്തിനൊത്ത വ്യാഖ്യാനത്തിൽ ഉൾപ്പെടുന്നു.

ഇസ്‌ലാമിക വിശ്വാസത്തിനും മുജാഹിദ് പ്രസ്ഥാനത്തിൻെറ ആദർശ പാരമ്പര്യത്തിനും നിരക്കാത്ത ആശയങ്ങൾ തട്ടിക്കൂട്ടി വർഷങ്ങളായി വ്യതിയാനത്തിലൂടെ സഞ്ചരിക്കുന്ന മർക്കസുദ്ദഅ്‌വ വിഭാഗം ഈ തഫ്സീറിന് ഖണ്ഡനം എഴുതി പുതിയ രണ്ട് വ്യാഖ്യാനങ്ങൾ ഇറക്കിയിരിക്കുന്നു. അബ്ദുൽ ഹമീദ് മദീനി എഴുതിയതും 2022 നവംബറിൽ അവരുടെ ജംഇയ്യത്തുൽ ഉലമ ‘ഫത്ഹുൽ അസീസ് ഫീ തഫ്സീരിൽ ഖുർആനിൽ മജീദ്’ എന്ന പേരിൽ പ്രസിദ്ധീകരിച്ചതാണ് ഒന്ന്.

‘വിശുദ്ധ ഖുർആൻ ആശയ വിവർത്തനം’ എന്ന പേരിട്ട് 2024 ജനുവരിയിൽ പുറത്തിറക്കിയതാണ് രണ്ടാമത്തെത്. അവർക്ക് ഏറെ അലോസരമുണ്ടാക്കിയ സിഹ്ർ, കണ്ണേറ് എന്നീ വിഷയങ്ങൾ സംബന്ധിച്ച ആയത്തുകളുടെ അർഥവും വിശദീകരണവും മാറ്റി ഹദീസ് നിഷേധത്തിന് പുറമെ ക്വുർആൻ നിഷേധം തന്നെ നടത്തിയിരിക്കുകയാണിവർ! യഥാർഥ മുജാഹിദുകളുടെ വിചാരണക്ക് മുമ്പിൽ വീർപ്പുമുട്ടിയ ഇക്കൂ

ട്ടർക്ക് ഇത്തരമൊരു പണി തലവേദനയായി തീർന്നിട്ടുമുണ്ട്. അവർ അവകാശപ്പെടുന്നത് കാണുക:

'പദാനുപദ വിവർത്തന രീതി വിട്ട് ഖുർആൻ മുന്നോട്ടു വെക്കുന്ന ആശയം ചോർന്നു പോകാതെ വിവർത്തനം ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്" (പേജ് 16).

സൂറത്തുൽ ബഖറയിലെ102ാം വചനത്തിന് അമാനി മൗലവിയുടെ തഫ്സീറിൽ നിന്നുള്ള അർഥം വായിക്കാം: "സുലൈമാന്റെ രാജവാഴ്ചയെപ്പറ്റി പിശാചുക്കൾ ഓതി (പ്രചരിപ്പിച്ചു) വന്നിരുന്നതിനെ അവർ പിൻപറ്റുകയും ചെയ്തു. സുലൈമാൻ അവിശ്വസിച്ചിട്ടില്ല താനും. എങ്കിലും മനുഷ്യർക്ക് സിഹ്ർ (ആഭിചാരം) പഠിപ്പിച്ചു കൊണ്ട് പിശാചുക്കളത്രെ അവിശ്വസിച്ചത്. ബാബിലിൽ (ബാബിലോണിൽ) ഹാറൂത്തും മാറൂത്തുമെന്ന രണ്ടു മലക്കുകൾക്ക് ഇറക്കപ്പെട്ടതും (അവർ പിൻപറ്റി). (അവരാകട്ടെ) ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്, അതിനാൽ നീ അവിശ്വസിച്ചു പോകരുത് എന്ന് പറയാതെ ഒരാൾക്കും അവർ രണ്ടാളും പഠിപ്പിച്ചിരുന്നതുമില്ല. എന്നാൽ മനുഷ്യന്റെയും അവന്റെ ഇണയുടെയും ഇടയിൽ ഭിന്നിപ്പിക്കുന്ന കാര്യം അവർ ആ രണ്ടാളിൽനിന്നും പഠിച്ചിരുന്നു. (വാസ്തവത്തിൽ) അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ ഒരാൾക്കും തന്നെ അതുകൊണ്ട് അവർ ഉപദ്രവം വരുത്തുന്നവരല്ലതാനും. അവർക്ക് ഉപദ്രവം വരുത്തുകയും അവർക്ക് ഉപകാരം ചെയ്യാതിരിക്കുകയും ചെയ്യും. തീർച്ചയായും അവർ അറിഞ്ഞിട്ടുണ്ട്; അതിനെ ആർ വാങ്ങിയോ അവന് പരലോകത്തിൽ യാതൊരു ഓഹരിയും ഇല്ലെന്ന്. യാതൊന്നിന് (പകരം) അവർ തങ്ങളുടെ സ്വന്തങ്ങളെ വിറ്റു(കളഞ്ഞു)വോ അത് വളരെ ചീത്ത തന്നെ! അവർ അറിഞ്ഞിരുന്നുവെങ്കിൽ (നന്നായേനെ)!"

പ്രമുഖ ഖുർആൻ വ്യാഖ്യാതാക്കൾ അംഗീകരിച്ച ഈ ആശയം ഇവർക്ക് പിടിക്കാത്തതിനാൽ വേണ്ടിടത്തെല്ലാം പലനിലക്കും തിരുത്തി. 'പിശാചുക്കൾ എന്നിടത്ത് 'യഹൂദ നേതാക്കളായ പിശാചുക്കൾ പ്രചരിപ്പിക്കുന്നത്' എന്നും മലക്കുകൾക്ക് ഇറക്കപ്പെട്ടത് എന്നതിനെ 'രണ്ടു മലക്കുകൾക്ക് ആഭിചാരം ഇറക്കപ്പെട്ടിട്ടില്ല' എന്നും മനുഷ്യനും ഇണക്കുമിടയിൽ ഭിന്നിപ്പിക്കുന്ന കാര്യം എന്നത് 'ഭാര്യാ ഭർത്താക്കന്മാർക്കിടയിൽ ഭിന്നിപ്പിക്കുന്നത് അവർ പഠിക്കുകുയോ ചെയ്തിട്ടുമില്ല' എന്നൊക്കെയാക്കി ഇവർ മാറ്റി. (പേജ്/38,39).

അമാനി മൗലവിയുടെ വിവരണത്തിൽനിന്നും ഇവർ നിർമിച്ച ആശയത്തിലേക്ക് വഴിതെറ്റിച്ച് കൊണ്ടു പോകുന്നത് കാണുക:

"കാര്യകാരണബന്ധങ്ങൾക്കപ്പുറത്ത് ഉപദ്രമോ ഉപകാരമോ ചെയ്യാൻ കഴിയുക അല്ലാഹുവിനു മാത്രമാണ് എന്ന ഖുർആനിന്റെ അടിസ്ഥാന ആദർശത്തോട് യോജിക്കുന്നതും ആ അർഥകൽപനയാണ്. സന്ദർഭത്തിന്റെ താൽപര്യവും അതു തന്നെ" (പേജ് 39).

"അതിനാൽ മാരണത്തിന് യാഥാർത്ഥ്യമോ പ്രതിഫലനമോ ഉണ്ടാകുമെന്ന് കരുതുന്നത് ശിർക്കിന് പ്രതിഫലനമുണ്ടാകുമെന്ന് കരുതുന്നതു പോലെ തന്നെയാണ്" (പേജ് 40).

"വമാഹും ബിളാർരീന ബിഹി എന്നു പറഞ്ഞതിലൂടെ സിഹ്റ് മുഖാന്തിരം യാതൊരു ഫലസിദ്ധിയും ഉണ്ടാവുകയില്ല എന്ന് അല്ലാഹു തീർത്തു പറഞ്ഞിരിക്കുന്നു" (പേജ് 41).

"മാരണമെന്ന വൻപാപം പഠിപ്പിക്കാൻ മലക്കുകളെ ഇറക്കി എന്ന് പറയുന്നത് അല്ലാഹുവിന്റെയും മലക്കുകളുടെയും പരിശുദ്ധിക്ക് ചേർന്നതല്ല" (പേജ് 40).

"മലക്കുകളെ പരീക്ഷണമായി ബാബിലോണിൽ ഇറക്കി എന്നത് യാതൊരു പ്രാമാണികതയുമില്ലാത്ത കെട്ടുകഥയാണ്" (പേജ് 40).

നോക്കൂ, എത്ര വലിയ കള്ളത്തരങ്ങളും കബളിപ്പിക്കലുമാണിതെല്ലാം! മുൻകാല ഇമാമുമാരുടെ വിവരണങ്ങൾ പരതി ദീർഘമായി മൗലവി നൽകിയ വ്യാഖ്യാനം വായിച്ചവർക്ക് ഈ തട്ടിപ്പ് പെട്ടെന്ന് തിരിച്ചറിയാനാകും.

സിഹ്റിന്റെ യാഥാർഥ്യത്തെ നിഷേധിക്കാൻ ഈ ആയത്തിന്റെ തഫ്സീറിൽ വളരെയധികം പ്രയാസപ്പെടുന്ന മദീനി സിഹ്റിനെപ്പറ്റി പരാമർശമുള്ള മൂന്ന് ആയത്തുകളെക്കുറിച്ച് തെറ്റിദ്ധരിപ്പിക്കുംവിധം എഴുതിയത് കാണുക: 'പ്രസ്തുത മൂന്ന് സൂക്തങ്ങളിൽ നിന്ന് സിഹ്റിന്ന് യാഥാർത്ഥ്യമില്ലെന്നും അത് കേവലം തോന്നലും കൺകെട്ടും ചതിയുമാണെന്നും ഏതൊരാൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്" (പേജ് 129).

മുജാഹിദ് പ്രസ്ഥാനത്തിന്റെ പണ്ഡിതരെയും ആദർശ പാരമ്പര്യത്തെയും പ്രതിക്കൂട്ടിലാക്കുന്ന പണിയാണിവർ നടത്തിയിട്ടുള്ളത്. മഹാനായ കെ.എം മൗലവി(റഹി) വരെ ഈ വചനം തെളിവാക്കി സിഹ്റിന് ഫലമുണ്ടെന്ന് മറുപടി നൽകിയ ഫത്‌വ നമുക്കൊന്ന് വായിക്കാം: നാലാം ചോദ്യത്തിന്റെ ഉത്തരം: "ഭാര്യാഭർത്താക്കന്മാരെ തമ്മിൽ ഭിന്നിപ്പിച്ച് അന്യോന്യം വിരോധികളാക്കിത്തീർക്കുക എന്നത് സിഹ്റിന്റെ (ആഭിചാരത്തിന്റെ) ഫലത്തിൽ പെട്ടതാകുന്നു. ഖുർആനിൽ അല്ലാഹു പറയുന്നത് കാണുക..." (കെ എം മൗലവി ഫത്‌വകൾ/പേജ് 19).

ഇത് രേഖപ്പെടുത്തിയ പുസ്തകം വിറ്റ് കാശുണ്ടാക്കുന്നവർക്ക് വരുമാനം മുഖ്യമായേക്കാം. എന്നാൽ യഥാർഥ മുജാഹിദുകൾക്ക് പ്രധാനം ആദർശമാണ്.

ഇസ് ലാമിക വിശ്വാസത്തിനും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആദർശ പാരമ്പര്യത്തിനും നിരക്കാത്ത ആശയങ്ങൾ തട്ടിക്കൂട്ടി വർഷങ്ങളായി വ്യതിയാനത്തിലൂടെ സഞ്ചരിക്കുന്ന മർക്കസുദ്ദഅ്‌വ വിഭാഗം ഈ തഫ്സീറിന് ഖണ്ഡനം എഴുതി പുതിയ രണ്ട് വ്യാഖ്യാനങ്ങൾ ഇറക്കിയിരിക്കുന്നു. അബ്ദുൽ ഹമീദ് മദീനി എഴുതിയതും 2022 നവംബറിൽ അവരുടെ ജംഇയ്യത്തുൽ ഉലമ 'ഫത്ഹുൽ അസീസ് ഫീ തഫ്സീരിൽ ഖുർആനിൽ മജീദ്' എന്ന പേരിൽ പ്രസിദ്ധീകരിച്ചതാണ് ഒന്ന്. 'വിശുദ്ധ ഖുർആൻ ആശയ വിവർത്തനം' എന്ന പേരിട്ട് 2024 ജനുവരിയിൽ പുറത്തിറക്കിയതാണ് രണ്ടാമത്തേത്. അവർക്ക് ഏറെ അലോസരമുണ്ടാക്കിയ സിഹ്റ്, കണ്ണേറ് എന്നീ വിഷയങ്ങൾ സംബന്ധിച്ച ആയത്തുകളുടെ അർഥവും വിശദീകരണവും മാറ്റി ഹദീസ് നിഷേധത്തിന് പുറമെ ക്വുർആൻ നിഷേധം തന്നെ നടത്തിയിരിക്കുകയാണിവർ! യഥാർഥ മുജാഹിദുകളുടെ വിചാരണക്ക് മുമ്പിൽ വീർപ്പുമുട്ടിയ ഇക്കൂട്ടർക്ക് ഇത്തരമൊരു പണി തലവേദനയായി തീർന്നിട്ടുമുണ്ട്.

സൂറത്തുൽ ഫലകിലെ 'കെട്ടുകളിൽ (മന്ത്രിച്ചു) ഊതുന്നവരുടെ കെടുതിയിൽ നിന്നും അസൂയക്കാരൻ അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽ നിന്നും (ശരണം തേടുന്നു)' എന്നീ വചനങ്ങളുടെ വിവരണത്തിൽ അമാനി മൗലവി (റഹി) പഠിപ്പിച്ചത് വായിക്കാം:

"നൂലിലോ കയറിന്റെ കഷ്ണത്തിലോ കെട്ടുകളുണ്ടാക്കി അതിൽ ഊതലും അത്തരക്കാർ ചെയ്യുന്നു. അതുകൊണ്ടാണ് മിക്ക മുഫസ്സിറുകളും-മുൻഗാമികൾ വിശേഷിച്ചും-അങ്ങനെ വിവക്ഷ നൽകുവാൻ കാരണം. മന്ത്രക്കാരും സിഹ്റുകാരും വരുത്തിത്തീർക്കുന്ന വിനകൾ ഭയങ്കരവും ദുർഗ്രാഹ്യവുമായിരിക്കുന്നതുകൊണ്ടാണ് അല്ലാഹു അതു പ്രത്യേകം എടുത്തു പറഞ്ഞത്."

"സിഹ്റിനു യാഥാർഥ്യമില്ല, ഗുണമായോ ദോഷമായോ ഉള്ള എന്തെങ്കിലും ഫലമുണ്ടാകുന്ന തരത്തിൽ ഒരു സിഹ്റുമില്ല, കേവലം മനുഷ്യരെ പകിട്ടാക്കുന്ന ചില ചെപ്പടിവിദ്യകൾക്കു മാത്രമുള്ള പേരാണ് സിഹ്ർ എന്നിങ്ങനെ ചില അഭിപ്രായങ്ങൾ മുമ്പും ഇപ്പോഴുമുണ്ട്. മുഅ്തസില വിഭാഗക്കാരിൽ നിന്നാണ് ഇതിന്റെ ഉൽഭവം. വിശദാംശങ്ങളിൽ കുറച്ചൊക്കെ സത്യമുണ്ടെങ്കിലും മൊത്തത്തിൽ ഈ അഭിപ്രായം ഖുർആനും നബിവചനങ്ങൾക്കും എതിരാകുന്നു."

"വിശ്വാസ വ്യതിയാനത്തിൽ ഉറച്ച് പോയ ഇവർ ഈ നിലപാടിനും മറുപടി എഴുതിയത് കാണുക: 'ഈ വചനത്തിലും തുടർന്നുള്ള വചനത്തിലും യഥാക്രമം ആഭിചാര ക്രിയകൾ ചെയ്യുന്നവന്റെയും അസൂയാലുവിന്റെയും ദ്രോഹത്തിൽ നിന്ന് അല്ലാഹുവിൽ രക്ഷ തേടാൻ പഠിപ്പിക്കുന്നു. മാരണക്രിയകളാൽ ഒരാളെയും ഉപദ്രവിക്കാനാവില്ലെന്ന് ഖുർആൻ ഖണ്ഡിതമായി പറഞ്ഞിരിക്കെ മാരണക്കാരൻ ജനങ്ങളിൽ ഭയം ജനിപ്പിക്കാനും തന്റെ ക്ഷുദ്രകർമങ്ങൾക്ക് ഫലമുണ്ടെന്ന് വരുത്തിത്തീർക്കാനും പലവിധ മാനുഷിക ഉപദ്രവങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും അങ്ങനെ ബന്ധങ്ങൾ താറുമാറാക്കുകയും ചെയ്തേക്കുമെന്നതിനാൽ വിശ്വാസികൾ അത്തരക്കാരുടെ ദ്രോഹത്തിൽനിന്ന് വിധാതാവായ അല്ലാഹുവിനോട് സദാ രക്ഷ തേടേണ്ടതുണ്ട്" (പേജ് 908).

ക്വുർആൻ വ്യക്തമായും തുറന്നും പറഞ്ഞ ഈ വിഷയത്തെ ഇങ്ങനെയൊക്കെ തള്ളുന്നത് എത്ര ഗുരുതരമായ തെറ്റാണ്. ജൂതന്മാരുടെ ഇത്തരം സ്വഭാവം കടമെടുത്ത് അതെല്ലാം പ്രമാണമാണെന്ന് പറയുമ്പോൾ ക്വുർആനിന്റെ പേരിലാണല്ലോ ഈ കളവെല്ലാം എഴുതി വിടുന്നത്! അല്ലാഹു നൽകിയ താക്കീത് നോക്കൂ: "നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ സ്വന്തം മക്കളെ അറിയുന്നത് പോലെ അത് അറിയുന്നുണ്ട്. സ്വദേഹങ്ങളെ നഷ്ടത്തിലാക്കിയവരത്രെ അവർ. അതിനാൽ അവർ വിശ്വസിക്കുകയില്ല. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ, അവന്റെ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയുകയോ ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? അക്രമികൾ വിജയം വരിക്കുകയില്ല; തീർച്ച" (6:20,21).

അല്ലാഹു ക്വുർആനിലൂടെ അറിയിച്ച മറ്റൊരു കാര്യമാണ് 'നസ്ഖ്' അഥവാ ഒരു വിധിയെ ദുർബലപ്പെടുത്തുക എന്നത്. അല്ലാഹു പറയുന്നു: "വല്ല 'ആയത്തും' നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുക യോ ചെയ്യുകയാണെങ്കിൽ പകരം അതിനെക്കാൾ ഉത്തമമായതോ അതിന് തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞു കൂടേ; അല്ലാഹു എല്ലാകാര്യത്തിന്നും കഴിവുള്ളവനാണെന്ന്?"(2:106).

മറ്റൊരു ആയത്ത് കൂടി കാണുക: "ഒരു വേദവാക്യത്തിന്റെ സ്ഥാനത്ത് മറ്റൊരു വേദവാക്യം നാം പകരം വെച്ചാൽ-അല്ലാഹുവാകട്ടെ താൻ അവതരിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണ് താനും-അവർ പറയും; നീ കെട്ടിച്ചമച്ചു പറയുന്നവൻ മാ

ത്രമാകുന്നു എന്ന്. അല്ല, അവരിൽ അധികപേരും (കാര്യം) മനസ്സിലാക്കുന്നില്ല" (16:101).

മതവിധികൾ എളുപ്പമാക്കിത്തരുക എന്ന ലക്ഷ്യത്തിൽ അല്ലാഹു നിശ്ചയിച്ചതും ഖുർആൻ സ്ഥിരപ്പെടുത്തിയതുമായ ഈ കാര്യത്തെ ചോദ്യം ചെയ്യാതെ തന്നെ അഹ്‌ലുസ്സുന്നത്തി വൽജമാഅ സ്വീകരിച്ചിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങളും ഈ വിഷയത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. നിഷേധവും ദേഹേച്ഛയും നിമിത്തം ജൂതന്മാർ ഈ കാര്യത്തെ അവഗണിച്ചിട്ടുമുണ്ട്.

നസ്ഖിനെ സംബന്ധിച്ചുള്ള അമാനി മൗലവിയുടെ നിലപാട് വായിക്കാം: "ഇത്രയും പറഞ്ഞതിന്റെ രത്നച്ചുരുക്കം ഇതാണ്: ഖുർആനിൽ തീരെ നസ്ഖ് ഇല്ലെന്നു പറയുന്നത് ശരിയല്ല. വിശദീകരണത്തിലും ഉദാഹരണത്തിലും അഭിപ്രായ വ്യത്യാസമുണ്ടാകുമെങ്കിലും ഖുർആനിൽ നസ്ഖ് ഉണ്ടെന്നുള്ളത് തർക്കമറ്റതാകുന്നു" (വാല്യം 1/പേജ് 77).

ജൂതന്മാർ ഇതിനെ എതിർത്ത രീതിയെ കുറിച്ചും അദ്ദേഹം പറയുന്നു: "ഖുർആനിൽ പോലും നസ്ഖ് ഉള്ളതായി കാണുന്നു. ഇതെല്ലാം എങ്ങിനെ സംഭവിക്കുന്നു? അല്ലാഹു ഒരിക്കൽ അവതരിപ്പിച്ചത് പിന്നീട് അവൻ തന്നെ മാറ്റുകയോ? ആദ്യത്തെ വിധിയിൽ അവനു അബദ്ധം പിണഞ്ഞതുകൊണ്ടാണോ അത്? എന്നൊക്കെയായിരുന്നു അവരുടെ ആക്ഷേപത്തിന്റെ സ്വഭാവം" (വാല്യം 1/പേജ് 226).

ഖണ്ഡിതമായി ഖുർആൻ പറഞ്ഞ ഈ കാര്യത്തിന്റെ യഥാർഥ പൊരുൾ മനസ്സിലാക്കാതെ മർക്കസുദ്ദഅ്‌വക്കാർ ഇതും തള്ളുന്നത് കാണുക:

"നസ്ഖ് ചെയ്യേണ്ടി വരുന്നത് രണ്ട് ആയത്തുകൾ തമ്മിൽ വൈരുദ്ധ്യമാവുകയും ആ വൈരുദ്ധ്യം തീർക്കാൻ ഒരു മാർഗവുമില്ലെന്ന് ബോധ്യപ്പെടുകയും ചെയ്യുന്ന അവസരത്തിലാണ്. അങ്ങനെ വരുമ്പോൾ അവസാനം വന്ന ആയത്ത് ആദ്യം വന്ന ആയത്തിനെ ദുർബലപ്പെടുത്തുന്നു. ഇത്തരത്തിലുള്ള നസ്ഖ് പരിശുദ്ധ ഖുർആനിൽ ഒരിക്കലും ഉണ്ടാവാൻ പാടില്ല. അങ്ങനെ വൈരുദ്ധ്യം ഉണ്ടാകുന്നത് പരിശുദ്ധ ഖുർആന്റെ അമാനുഷികതയെ ചോദ്യം ചെയ്യലാണ്" (ഫത്ഹുൽ അസീസ്/പേജ് 20).

"ഖുർആനിൽ നസ്ഖ് ഉണ്ടെന്ന് പറയുന്നവർ ഉദ്ധരിക്കുന്ന വചനങ്ങൾ നാം വേണ്ട വിധത്തിൽ പഠന വിധേയമാക്കിയാൽ അതിൽ വൈരുദ്ധ്യമില്ലെന്നും ഖുർആൻ വചനങ്ങൾ ഒന്നും മൻസൂഖ് അഥവാ ദുർബലപ്പെട്ടതല്ലെന്നും ബോധ്യപ്പെടുന്നതാണ്" (പേജ് 20).

"ഖുർആനിൽ മൻസൂഖ് (ദുർബലപ്പെടുത്തപ്പെട്ട വചനങ്ങൾ) ഇല്ല. അങ്ങനെ ഉണ്ടാവണമെങ്കിൽ ഇന്ന വചനം കൊണ്ട് ഇന്ന വചനത്തെ ദുർബലപ്പെടുത്തി എന്ന് അല്ലാഹുവോ റസൂൽ(സ്വ)യോ പറയണം. അതൊരിക്കലും ഉണ്ടായിട്ടില്ല. അതിനാൽ ഖുർആനും സുന്നത്തും നേർക്കുനേരെ അംഗീകരിക്കാത്ത ഒരു കാര്യം സ്ഥാപിച്ചെടുക്കാൻ നാം സാഹസപ്പെടേണ്ടതില്ല" (പേജ് 142).

"ഇങ്ങനെ മൻസൂഖാണെന്ന് പറയുന്ന ഓരോ ആയത്തുകൾ എടുത്ത് പരിശോധിച്ചാൽ അതെല്ലാം എന്നും നിലനിൽക്കേണ്ട നിയമങ്ങളാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. പലരും മൻസൂഖാണെന്ന് പറയുന്ന ആയത്തുകൾ പരിശോധിച്ച് വിശകലനം ചെയ്താൽ അതൊന്നും മൻസൂഖല്ലെന്ന് ബോധ്യപ്പെടും"(പേജ്,146)

കളവിലൂടെ കാര്യം സ്ഥാപിക്കേണ്ട ദുരവസ്ഥയിലാണല്ലോ ഇവർ അകപ്പെട്ടിരിക്കുന്നത്! നസ്ഖ് നിഷേധത്തിനായി ദുർവ്യാഖ്യാനിച്ച ആയത്ത് ഇക്കാലംവരെയും ആരും കണ്ടില്ലേ? ഖുർആൻ തുറന്ന് പറഞ്ഞ ഒന്നിനെ നിരാകരിക്കാൻ ഇവർക്കെങ്ങനെ കഴിയുന്നു! പ്രമാണ നിരാകരണത്തിന് തല വെച്ചുകൊടുത്താൽ ഇത്തരം ഭീമാബദ്ധങ്ങൾ പ്രചരിപ്പിക്കേണ്ടി വരികയും അവസാനം അടിസ്ഥാന തെളിവുകളിൽനിന്ന് തെറിച്ച് പോകേണ്ട അവസ്ഥയിലെത്തുകയും ചെയ്യും.

ഇതെല്ലാം വിശ്വാസ വിഷയങ്ങളായതിനാൽ, കേവല അഭിപ്രായ പ്രകടനമാണ് അല്ലെങ്കിൽ വീക്ഷണ വ്യത്യാസമാണ് എന്നെല്ലാം പറഞ്ഞ് ഒഴിവാക്കാവതല്ല. ഒരു സംഘടനയുടെ ഔദ്യോഗിക നിലപാടായി ഇതെല്ലാം പുറപ്പെടുവിക്കുമ്പോൾ അതിന്റെ ലക്ഷ്യം അത്ര നല്ലതല്ലെന്ന് വ്യക്തമാകാൻ അതിബുദ്ധിയൊന്നും വേണ്ട.

പൂർവികരുടെ പ്രാമാണിക നിലപാടുകളിൽനിന്ന് ശ്രദ്ധ തിരിപ്പിക്കുന്ന ഇത്തരം ശ്രമങ്ങൾ പാഴ്വേലകൾ മാത്രമാണ്. അല്ലാഹു പറയുന്നു: "അവൻ (അല്ലാഹു) ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് താഴ്‌വരകളിലൂടെ അവയുടെ (വലുപ്പത്തിന്റെ) തോത് അനുസരിച്ച് വെള്ളമൊഴുകി. അപ്പോൾ ആ ഒഴുക്ക് പൊങ്ങി നിൽക്കുന്ന നുരയെ വഹിച്ചുകൊണ്ടാണ് വന്നത്. വല്ല ആഭരണമോ ഉപകരണമോ ഉണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ട് അവർ തീയിലിട്ടു കത്തിക്കുന്ന ലോഹത്തിൽനിന്നും അത് പോലുള്ള നുരയുണ്ടാകുന്നു. അതുപോലെയാകുന്നു അല്ലാഹു സത്യത്തെയും അസത്യത്തെയും ഉപമിക്കുന്നത്. എന്നാൽ ആ നുര ചവറായി പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു" (13:17).





കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

# ഇസ്‌ലാമിന്റെ തനിമയിലേക്ക് മടങ്ങുക 02

2024 നവംബർ 10 ന് കോഴിക്കോട് ജൂബിലി ഹാളിൽ വെച്ച് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ 'തൗഹീദ്, പ്രമാണം, പ്രസ്ഥാനം' എന്ന പ്രമേയത്തിൽ നടത്തിയ ആദർശ സമ്മേളനത്തിൽ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ നടത്തിയ പ്രസംഗത്തിന്റെ ആശയസംഗ്രഹം.

03

നമ്മുടെ പൂർവികന്മാർ പ്രമാണങ്ങൾക്ക് സ്വന്തമായി വ്യാഖ്യാനം നൽകിയിരുന്നോ? അമാനി മൗലവിയുടെ കുർആൻ വ്യാഖ്യാനം ശ്രദ്ധിച്ചാലറിയാം; അക്കാലഘട്ടത്തിൽ കുർആനിനെ സ്വന്തം അഭിപ്രായമനുസരിച്ച് വ്യാഖ്യാനിച്ച, പ്രവാചകന്മാരുടെ മുഅ്ജിസത്തുകളെയും മറ്റും ബുദ്ധിക്കനുസരിച്ച് വ്യാഖ്യാനിച്ച, ഹദീസുകളെ സ്വതാൽപര്യമനുസരിച്ച് വ്യാഖ്യാനിച്ച ആളുകൾക്ക് മറുപടി പറയാൻ എത്രെയോ പേജുകൾ അമാനി മൗലവി നീക്കിവെച്ചതായി കാണാം. എന്താണു കാരണം? അക്കാലത്ത് ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആയ ആരോടെങ്കിലുമോ സംഘടനകളോടോ ദേഷ്യമുള്ളതുകൊണ്ടല്ല.

وَقُل رَّبِّ أَدْخِلْنِي مُدْخَلَ صِدْقٍ وَأَخْرِجْنِي مُخْرَجَ صِدْقٍ وَاجْعَل لِّي مِن لَّدُنكَ سُلْطَانًا نَّصِيرًا

'എൻെറ രക്ഷിതാവേ, സത്യത്തിൻെറ പ്രവേശനമാർഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കുകയും സത്യത്തിൻെറ ബഹിർഗമനമാർഗത്തിലൂ

ഇന്ന് പ്രബോധന രംഗത്ത് നാം കാണുന്നത് ഒരുതരം വികാരത്തിൻെറ വേലിയേറ്റമാണ്. എന്തു പറയണം, എങ്ങനെ പറയണം, തൻെറ മുമ്പിലുള്ള ആളുകളെ എങ്ങനെ കാണണം, തന്നെ എതിർക്കുന്നവരെ എങ്ങനെ അഭിമുഖീകരിക്കണം എന്നറിയാത്ത ഒരവസ്ഥ! ഇത് ശരിയല്ല. വളരെ ഗുണകാംക്ഷയോടുകൂടി, എല്ലാവരും നന്നായിത്തീരണമെന്ന ബോധത്തോടുകൂടിയായിരിക്കണം പ്രബോധകർ സംസാരിക്കേണ്ടത്. മറ്റുള്ളവരെ കൂടുതലായി ആക്ഷേപിക്കുകയും അപഹസിക്കുകയുമൊക്കെ ചെയ്യുന്നവർക്ക് കൂടുതൽ സ്വീകാര്യതയും നേതൃത്വവും കൽപിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഇതല്ല ദീനിരംഗത്തു വേണ്ടത്.

ടെ നീ എന്നെ പുറപ്പെടുവിക്കുകയും ചെയ്യേണമേ. നിൻെറ പക്കൽ നിന്ന് എനിക്ക് സഹായകമായ ഒരു ആധികാരിക ശക്തി നീ ഏർപെടുത്തിത്തരികയും ചെയ്യേണമേ എന്ന് നീ പറയുകയും ചെയ്യുക' (അൽഇസ്റാഅ് 80). ഇതായിരുന്നു അവരുടെ തേട്ടം.

കുർആനിനെയും സുന്നത്തിനെയും വിശദീകരിക്കുമ്പോൾ മറ്റുള്ളവരുടെ തെറ്റായ വിശദീകരണങ്ങളെയും ആശയങ്ങളെയും തുറന്നു കാണിക്കുവാൻ അവരെ പ്രേരിപ്പിച്ചത് ഈയൊരു താൽപര്യം മാത്രമാണ്. അതുതന്നെയാണ് നമുക്കും വേണ്ടത്. നമ്മൾ അങ്ങനെ ത്തന്നെയായിരിക്കണം.

ഇന്ന് പ്രബോധന രംഗത്ത് നാം കാണുന്നത് ഒരുതരം വികാരത്തിൻെറ വേലിയേറ്റമാണ്. എന്തു പറയണം, എങ്ങനെ പറയണം, തൻെറ മുമ്പിലുള്ള ആളുകളെ എങ്ങനെ കാണണം, തന്നെ എതിർക്കുന്നവരെ എങ്ങനെ അഭിമുഖീകരിക്കണം എന്നറിയാത്ത ഒരവസ്ഥ! ഇത് ശരിയല്ല. വളരെ ഗുണകാംക്ഷയോടുകൂടി, എല്ലാവരും നന്നായിത്തീരണമെന്ന ബോധത്തോടുകൂടിയായിരിക്കണം പ്രബോധകർ സംസാരിക്കേണ്ടത്. മറ്റുള്ളവരെ കൂടുതലായി ആക്ഷേപിക്കുകയും അപഹസിക്കുകയുമൊക്കെ ചെയ്യുന്നവർക്ക് കൂടുതൽ സ്വീകാര്യതയും നേതൃത്വവും കൽപിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഇതല്ല ദീനിരംഗത്തു വേണ്ടത്.

കെപി മുഹമ്മദ് മൗലവിയുടെ ഈ വാക്കുകൾ ശ്രദ്ധിക്കുക:

'മുഹമ്മദ് നബി(സ്വ)യുടെ അന്ത്യോപദേശങ്ങളിൽ, ഹജ്ജത്തുൽ വദാഇലെ മഹത്തായ ഉപദേശങ്ങളിൽ ഒന്ന് ഇതായിരുന്നു: ഞാൻ ഈ ലോകത്തുനിന്ന് വേർപെട്ടു പോയാൽ ഒന്നും ബേജാറാകാനില്ല. ക്വുർആൻ നിങ്ങളുടെ മുന്നിൽ ശരിയായ പകൽ വെളിച്ചം പോലെ ഇവിടെ നിൽക്കുന്നുണ്ട്. അതിനെ വ്യാഖ്യാനിച്ചുകൊണ്ട് 23 കൊല്ലം ഞാൻ ജീവിച്ച എൻെറ ജീവിതചര്യയും ഇവിടെയുണ്ട്. അത് മുറുകെ പിടിച്ചു നിങ്ങൾ ജീവിക്കുക എന്നാൽ പിഴക്കുകയില്ല.'

ഇത് രണ്ടും കൈവിട്ടുകൊണ്ട് ഞാൻ-ആദ്യം പറഞ്ഞപോലെ- കിതാബിലെഴുതിയ എല്ലാം തെളിവുകളായി, കിതാബ് എന്ന് പറയുന്നതെന്താണ്? അറബിയിൽ കടലാസിൽ എഴുതുകയോ അച്ചടിക്കുകയോ ചെയ്തത് മുഴുവനും മുസ് ലിംകൾക്ക് തെളിവായി! അങ്ങനെ മുസ്‌ലിംകളെ പരിഹസിക്കപ്പെടുന്ന ഒരവസ്ഥയിലെത്തിയിരുന്ന കാലത്ത് അതൊന്നും തെളിവല്ല, യഥാർഥ ഇസ്‌ലാമിൻെറ തെളിവ് പരിശുദ്ധ ക്വുർആനും നബിയുടെ സുന്നത്തുമാണ്. അല്ലാഹുവിൻെറ അനുഗ്രഹത്തോടുകൂടി ഈ തത്വം മുന്നോട്ടു വെച്ചപ്പോൾ അതിനെ എതിർക്കുന്ന ധാരാളം ആളുകളുണ്ടായി അന്ന്. അത് വഹാബികളുടെ ഭാഗമാണ്, അത് പിഴച്ച വാദമാണ്, ക്വുർആനും സുന്നത്തുമനുസരിച്ച് ജീവിച്ചാൽ വഴി തെറ്റും, പിഴക്കും നരകത്തിലേക്കു ചെന്നു ചാടും എന്ന് നാടുനീളെ പ്രസംഗിച്ച് നടക്കുന്ന ആളുകൾ ഉണ്ടായിരുന്നു. അവരെല്ലാം അന്തർധാനം ചെയ്തു. ഒരൊറ്റ കക്ഷിയും, ഒരൊറ്റ പണ്ഡിതനും കേരളത്തിലിന്ന് ക്വുർആനും സുന്നത്തുമാണ് ഇസ്‌ലാമിൻെറ തെളിവെന്ന് പറയാത്തവരായില്ല. ആരായാലും പറയലുണ്ട്. പക്ഷേ, ഇനി ഒരു കാര്യം കൂടി സമൂഹം മനസ്സിലാക്കേണ്ടതുണ്ട്. ക്വുർആനിന്നും സുന്നത്തിന്നും ആധികാരികമായ വ്യാഖ്യാനം മുഹമ്മദ് നബി(സ്വ)യിൽനിന്നു പഠിച്ച സ്വഹാബികളും സ്വഹാബികളിൽ നിന്നു പഠിച്ച താബിഈങ്ങളും ആത്മാർഥതയോടുകൂടി ക്വുർആനും സുന്നത്തും മുന്നിൽ വെച്ചുകൊണ്ട് രേഖപ്പെടുത്തിയതായ നാല് ഇമാമീങ്ങളുടെ ഗ്രന്ഥങ്ങളും ഇമാം അബുഹനീഫ(റ),

ഇമാം ശാഫിഈ(റ), ഇമാം മാലിക്(റ), ഇമാം അഹ്മദ് ഇബ്നു ഹംബൽ(റ) പോലെയുള്ള മഹാന്മാരുടെ രേഖകളും അതേപോലെ ത്വബ്രി, ഇബ്നു കസീർ തുടങ്ങിയുള്ള മുഫസ്സിറുകളുടെയും ഇമാം ബുഖാരി, ഇമാം മുസ്‌ലിം, അബുദാവൂദ്, തുർമുദി പോലെയുള്ള മുഹദ്ദിസുകൾ രേഖപ്പെടുത്തിയതായ തെളിവുകളുടെയും അടിസ്ഥാനത്തിൽ അഥവാ സലഫുസ്സ്വാലിഹീങ്ങളുടെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ ഖുർആൻ വിശദീകരിക്കണം. ഇത് കൂടി അംഗീകരിച്ചു കഴിഞ്ഞാൽ കേരളത്തിലെ നമ്മുടെ പ്രവർത്തനം വിജയിച്ചു എന്ന് ഉറച്ച് നമുക്ക് പറയാം. ഇപ്പോൾ, ഖുർആനും സുന്നത്തുമാണ് തെളിവ് എന്ന് പറഞ്ഞുകൊണ്ട് ആ ഖുർആനിന്നും സുന്നത്തിനും അവർക്കൊത്തവണ്ണം ദുർവ്യാഖ്യാനം ചെയ്യുന്ന ഒരവസ്ഥയാണ് ഇവിടെയുള്ളത്. ഞാൻ പറഞ്ഞു, നമ്മുടെ അധ്യക്ഷൻ മൗലവി സാഹിബ് പറഞ്ഞത് പോലെ തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുക.

قُلْ إِنَّمَآ أَدْعُوا رَبِّي وَلَآ أُشْرِكُ بِهِۦٓ أَحَدًا

മുഹമ്മദ് നബിയോട് അല്ലാഹു പ്രഖ്യാപിക്കുവൻ പറഞ്ഞ ഒരു വാചകമാണിത്. 'ഖുൽ' പറയൂ. വ്യക്തമായും ജനങ്ങളെ ഉദ്ധരിക്കേണ്ട കാര്യങ്ങൾ 'ഖുൽ...ഖുൽ' എന്ന് പറഞ്ഞുകൊണ്ട്; ജനങ്ങളോടു പ്രഖ്യാപിക്കൂ; ആര് എന്തുതന്നെ പറഞ്ഞലും ശരി ജനങ്ങളോട് തുറന്നു പ്രഖ്യാപിക്കൂ. എന്താ പ്രഖ്യാപിക്കേണ്ടത്?

إِنَّمَآ أَدْعُوا رَبِّي

'ഞാൻ എന്റെ നാഥനായ അല്ലാഹുവിനെ മാത്രമെ വിളിച്ചു പ്രാർഥിക്കുകയുള്ളൂ.' റബ്ബിനെയല്ലാതെ ആരെയും, ഇബ്റാഹീം നബിയെയും (മറ്റു) അമ്പിയാക്കന്മാരെയും ലാത്തയെയും ഉസ്സയെയും വിഗ്രഹങ്ങളെയും മലക്കുകളെയും ജിന്ന്-ശൈത്വാന്മാരെയും ലോകത്തുള്ള ഒരു വസ്തുവിനെയും ഞാൻ വിളിച്ച് പ്രാർഥിക്കയില്ല.

وَلَآ أُشْرِكُ بِهِۦٓ أَحَدًا

'ആരെയും ഞാൻ ഈ പ്രാർഥനയിൽ പങ്കുകാരാക്കുകയുമില്ല' എന്ന് തുറന്നു പ്രഖ്യാപിക്കൂ എന്ന് മുഹമ്മദ് നബിയോട് പറഞ്ഞു. ഈ വചനം നിങ്ങളും പഠിച്ചുകൊണ്ടിരിക്കുക. അങ്ങനെ ഏക ഇലാഹിനെ മാത്രം പ്രാർഥിക്കുന്നവരായി മാറുക. ഇസ്‌ലാം എന്താണ് എന്ന് പഠിക്കാൻ വരുന്നേടത്ത് ഖോജാക്കന്മാരും ആളുകളും പറഞ്ഞ അഭിപ്രായങ്ങൾക്ക് ഖുർആനിലും സുന്നത്തിലും രേഖയുണ്ടോ, ഖുർആനും സുന്നത്തും എന്താണ് പറയുന്നത് എന്ന് അന്വേഷിക്കുകയും ചെയ്യുക. എന്നാൽ നമുക്കൊന്നായി ഇസ്‌ലാമിന്ന് വേണ്ടി പ്രവർത്തിക്കാം. അങ്ങനെ പ്രവർത്തിക്കുവാൻ വേണ്ടി അല്ലാഹു നമുക്ക് തൗഫീക് നൽകട്ടെ.'

സഹോദരന്മാരേ, ഇതാണ് നമ്മുടെ നയം. ഇതാണ് ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ, തുടക്കം മുതലേയുള്ള നയം. ആ കെ പിയുടെ ശിഷ്യൻമാരാണ് ഇന്ന് ഭിന്നിച്ചിരിക്കുന്നത്. ആ നയത്തിൽ നിന്നും മാറേണ്ട ഒരു കാര്യവും നമ്മൾക്ക് വന്നിട്ടില്ല. അതുകൊണ്ട് നാം മനസ്സിലാക്കേണ്ടത്; 'നാം' എന്നു പറഞ്ഞാൽ ഇന്ന് ഇവിടെ കൂടിയവർ മാത്രമല്ല; അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ കീഴിൽ അണിനിരന്ന, സലഫി പ്രസ്ഥാനത്തിന്റെ എല്ലാ ആളുകളും മനസ്സിലാക്കേണ്ട കാര്യം, ഈയൊരു ലളിതമായ സത്യത്തിലേക്ക് മടങ്ങിയാൽ ഈ പറഞ്ഞ കലഹങ്ങളെല്ലാം ലളിതമായി പരിഹരിക്കാവുന്നതേയുള്ളൂ. അതുകൊണ്ട് മറ്റുള്ളവർക്ക് കളിയാക്കി ചിരിക്കാനും നിരീശ്വര-നിർമത പ്രസ്ഥാനങ്ങൾക്ക് മതവിഭാഗങ്ങൾ തമ്മിൽ കലഹിക്കുന്നു എന്ന് പറയാൻ അവസരം നമ്മൾ ഉണ്ടാക്കരുത്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ബോധപൂർവമായി പ്രചരിപ്പിക്കാനുദ്ദേശിക്കുന്ന ആളുകളാരെങ്കിലുമുണ്ടെങ്കിൽ അവർക്ക് 'സലഫികൾ തമ്മിൽ കലഹിക്കുന്നു' എന്ന് പറയാനുള്ള ഒരവസരം, ഒരു വടി നമ്മളാരും കൊടുക്കരുത്. ഒരു ഖിബ്‌ലയിലേക്കു തിരിഞ്ഞ് നമസ്കരി ക്കുന്ന, ഒരു ഖുർആനിന്റെ , ഒരു പ്രവാചകന്റെ അനുയായികളായ നമ്മൾ മതത്തിന്റെ പ്രമാണങ്ങളിലേക്ക്, നേരിലേക്ക് മടങ്ങണം.

وَٱلسَّٰبِقُونَ ٱلسَّٰبِقُونَ

'മുന്നേറിയവർ മുന്നോക്കക്കാർ തന്നെ' (അൽവാകിഅ 10).

أُو۟لَٰٓئِكَ ٱلْمُقَرَّبُونَ

'അവരാകുന്നു സാമീപ്യം നൽകപ്പെട്ടവർ' (അൽവാകിഅ 11).

ആ മുൻകടന്ന ആളുകളാണ് അല്ലാഹുവിന്റെ മുകർറബുകൾ. എല്ലാ രംഗത്തും അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾ കൃത്യമായി പാലിച്ചുകൊണ്ട് മുൻകടന്ന് പോയവരാണ് അവർ. ആരാധനകളിലും സത്യസന്ധതയിലും മതനിഷ്ഠയിലും മുൻകടന്ന് പോയവരാണ് അവർ. അവർ വാദപ്രതിവാദവും തർക്കങ്ങളും നടത്തിയിട്ടുണ്ട്. അത് ഗുണകാംക്ഷയോടെ ചെയ്ത് അവർ കൃത്യമായി നമുക്ക് മാതൃക കാണിച്ചുതന്നിട്ടുണ്ട്. അവരാണ് അല്ലാഹുവിന്റെ മുകർറബുകൾ. ആ മുകർറബുകളായവരുടെ മാർഗത്തിലേക്ക് നമ്മൾ ഒന്നിച്ചു വരണം. തർക്കം കൊണ്ടല്ല പ്രമാണം കൊണ്ടാണ് നമ്മൾ വിജയിക്കുക എന്ന സത്യം നാം മനസ്സിലാക്കണം.

*തയ്യാറാക്കിയത്:*
*ഉസ്മാൻ പാലക്കാഴി*



# മുഹമ്മദ് നബി(സ്വ); 02

# അതുല്യ വ്യക്തിത്വം

അബൂറാഷിദ അൽകാസിമി
കുടയത്തൂർ

**മാതൃകാപരമായ ലജ്ജ**

അബൂ സഈദുൽ ഖുദ്‌രിയ്യ്(റ) പറയുന്നു: “മണിയറയിലെ മണവാട്ടിയെക്കാൾ കൂടുതൽ ലജ്ജയുള്ള ആളായിരുന്നു നബി(സ്വ). അനിഷ്ടസഷമായ എന്തെങ്കിലും കണ്ടാൽ അവിടുത്തെ മുഖത്തിൽനിന്ന് നമുക്കത് മനസ്സിലാകുമായിരുന്നു” (ബുഖാരി).

**കരുണയും അലിവും**

“ലോകത്തിനു കാരുണ്യമായിക്കൊണ്ടല്ലാതെ താങ്കളെ നാം അയച്ചിട്ടില്ല” (21:107).

അബൂദർറ്(റ) പറയുന്നു: “നബി(സ്വ) ഒരിക്കൽ രാത്രിയിൽ നമസ്‌കരിക്കവേ പ്രഭാതമാകുന്നതുവരെ ഒരേ ആയത്ത് ഓതിക്കൊണ്ടിരുന്നു. അങ്ങനെ റുകൂഉം സുജൂദും നിർവഹിച്ചു.” ‘നീ അവരെ ശിക്ഷിക്കുകയാണെങ്കിൽ തീർച്ചയായും അവർ നിന്റെ ദാസന്മാരാണല്ലോ. നീ അവർക്ക് പൊറുത്തുകൊടുക്കുകയാണെങ്കിൽ നീ തന്നെയാണല്ലോ പ്രതാപിയും യുക്തിമാനും’ (5:118). പ്രഭാതമായപ്പോൾ ഞാൻ ചോദിച്ചു: ‘അല്ലാഹുവിന്റെ ദൂതരേ, പ്രഭാതമാകുന്നതുവരെ അവിടുന്ന് ഈ ആയത്ത് ഓതിക്കൊണ്ടേയിരുന്നു. അതുകൊണ്ട് അങ്ങ് രണ്ടു റുകൂഉം സുജൂദും നിർവഹിച്ചു.’ നബി(സ്വ) പറഞ്ഞു: ‘നിശ്ചയം, എന്റെ ഉമ്മത്തിന് വേണ്ടിയുള്ള ശുപാർശക്ക് എന്റെ രക്ഷിതാവിനോട് ഞാൻ തേടി. അത് എനിക്ക് അവൻ നൽകുകയും ചെയ്തു. അല്ലാഹുവിനോട് ഒന്നിനെയും പങ്കുചേർക്കാത്തവർക്ക് ഇൻശാ അല്ലാഹ് അത് കരസ്ഥമാകുന്നതാണ്” (അഹ്മദ്).

മാലിക് ബിൻ ഉവൈരിസ്(റ) പറയുന്നു: “എന്റെ ജനതയിൽ പെട്ട കുറച്ചു വ്യക്തികളുമായി ഞാൻ നബി(സ്വ)യുടെ അടുക്കൽ വന്നു. ഇരുപത് രാത്രി ഞങ്ങൾ അവിടെ കഴിച്ചുകൂട്ടി. നബി(സ്വ) കരുണയുള്ള സ്‌നേഹിതനായിരുന്നു. അങ്ങനെ ഞങ്ങളുടെ കുടുംബങ്ങളുടെ അടുക്കൽ പോകാനുള്ള ഞങ്ങളുടെ ആഗ്രഹം മനസ്സിലാക്കിയ നബി(സ്വ) പറഞ്ഞു: ‘നിങ്ങൾ മടങ്ങി പോയിക്കൊള്ളുവിൻ. അവരുടെ കൂടെ കഴിച്ചുകൂട്ടുകയും അവർക്ക് (മതകാര്യങ്ങൾ) പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുവിൻ. നിങ്ങൾ നമസ്‌കരിക്കണം. നമസ്‌കാര സമയങ്ങളിൽ നിങ്ങളിൽ ഒരാൾ ബാങ്ക് വിളിക്കുകയും നിങ്ങളിൽ വലിയ ആൾ നിങ്ങൾക്ക് ഇമാമത്ത് നിൽക്കുകയും ചെയ്യട്ടെ” (ബുഖാരി).

**വിനയം**

അല്ലാഹു നബി(സ്വ)യോട് പറഞ്ഞു: “താങ്കളെ പിന്തുടരുന്ന സത്യവിശ്വാസികൾക്ക് താങ്കളുടെ ചിറക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക” (26:215). അതായത് അവരോട് മയമായി പെരുമാറുക. നബിയോട് അല്ലാഹു സത്യവിശ്വാസികളായ പാവപ്പെട്ടവരോടും മറ്റുള്ളവരോടും വിനയം, കൃപ എന്നിവ പ്രകടിപ്പിക്കുവാൻ കൽപിച്ചു.

നബി(സ്വ) കുട്ടികളുടെ അടുക്കൽ കൂടി നടന്നുപോകുമ്പോൾ അവരോട് സലാം പറയുമായിരുന്നു(ബുഖാരി). നബി(സ്വ) ചെരിപ്പ് കുത്തുകയും വസ്ത്രം തുന്നുകയും ചെയ്യുമായിരുന്നു. നബി(സ്വ) അവിടത്തെ ആടിനെ കറക്കുമായിരുന്നു(അഹ്മദ്). പാവപ്പെട്ടവരുടെ കൂടെ ഇരിക്കുമായിരുന്നു (മുസ്‌ലിം). വിധവകളുടെയും അനാഥകളുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കാൻ അവരുടെ കൂടെ നടക്കുമായിരുന്നു (നസാഈ). എത്ര ചെറിയതാണെങ്കിലും ക്ഷണിക്കുന്നവരുടെ ക്ഷണം സ്വീകരിക്കുമായിരുന്നു, രോഗിയെ സന്ദർശിച്ചിരുന്നു, ജനാസയിൽ പങ്കെടുക്കുമായിരുന്നു, കഴുതപ്പുറത്ത് യാത്ര ചെയ്യുമായിരുന്നു, അടിമയുടെ ക്ഷണം സ്വീകരിക്കുമായിരുന്നു...

### ധൈര്യം

അലിയ്യു ബ്നു അബീത്വാലിബ്(റ) പറയുന്നു: "ബദ്ർ യുദ്ധം അതിരൂക്ഷമായ സന്ദർഭത്തിൽ നബി(സ്വ)ക്ക് ഞങ്ങൾ സംരക്ഷണ കവചം ഒരുക്കി. നബിയാകട്ടെ ജനങ്ങളിൽ ഏറ്റവും വീറോടെയായിരുന്നു. നബിയെക്കാൾ മുശ്‌രിക്കുകളോട് അടുത്തു നിൽക്കുന്നവരായി ആരും ഉണ്ടായിരുന്നില്ല" (അഹ്മദ്).

ബറാഅ് ബിൻ ആസിബ്(റ) പറയുന്നു: "അല്ലാഹുവിൽ സത്യം! യുദ്ധം ചൂടുപിടിച്ചപ്പോൾ ഞാൻ നബി(സ്വ)യെ സംരക്ഷിക്കുകയായിരുന്നു. നിശ്ചയം, നമ്മളിൽ ശത്രുക്കളുമായി നേർക്കുനേരെ നിന്ന നമ്മുടെ ഇടയിൽ ഏറ്റവും ധൈര്യമുള്ള ആളാണ് നബി(സ്വ)" (മുസ്‌ലിം).

അനസ് ബിനു മാലിക്(റ) പറയുന്നു: "നബി(സ്വ) ജനങ്ങളിൽ ഏറ്റവും നല്ല സ്വഭാവത്തിന്റെ ഉടമയായിരുന്നു. ജനങ്ങളിൽ ഏറ്റവും ധർമ്മിഷ്ഠനായിരുന്നു. ജനങ്ങളിൽ വലിയ ധൈര്യശാലിയായിരുന്നു. ഒരു രാത്രി മദീന നിവാസികൾ പേടിച്ചുവിറച്ചു. ശബ്ദം കേട്ട ഭാഗത്തേക്ക് ജനങ്ങൾ നീങ്ങി. അപ്പോൾ അവിടെ പോയി സംഭവം മനസ്സിലാക്കിയിട്ട് മടങ്ങിവരുന്ന നബിയെ അവർ കണ്ടുമുട്ടി. പിരടിയിൽ വാൾ തൂക്കിയിട്ട് അബൂത്വൽഹ(റ)യുടെ കുതിരപ്പുറത്ത് ജീനി ഇല്ലാതെയാണ് നബി(സ്വ)യുടെ വരവ്. അവിടുന്ന് പറയുന്നുണ്ട്: 'നിങ്ങൾ ഭയപ്പെടേണ്ട, നിങ്ങൾ പേടിക്കേണ്ടതില്ല...' അനസ്(റ) പറയുകയാണ്: 'നബി അതിവേഗത്തിൽ പായുന്ന കുതിരയുടെ പുറത്തായിരുന്നു. ഞാൻ നബിയെ സമുദ്രം കണക്കെ ഒഴുകിപ്പോകുന്ന പോലെ കണ്ടു' (ബുഖാരി). ഇത് നബി(സ്വ)യുടെ അമാനുഷികതയിൽ പെട്ടതാണ്. ജീനിയില്ലാത്ത കുതിരപ്പുറത്ത് അതിവേഗത്തിലുള്ള യാത്ര ഏറെ സാഹസികമാണ്.

### ധർമനിഷ്ഠ

ഇബ്നു അബ്ബാസ്(റ)പറയുന്നു: "ജനങ്ങളിൽ ഏറ്റവും ധർമ്മിഷ്ഠനായിരുന്നു നബി(സ്വ). റമദാനിൽ ജിബ്‌രീൽ നബി(സ്വ)യെ കണ്ടുമുട്ടുന്ന സന്ദർഭത്തിൽ വളരെ ധർമം ചെയ്യുമായിരുന്നു. റമദാനിൽ എല്ലാ രാത്രിയും നബിയെ ജിബ്‌രീൽ കാണാൻ വന്നിരുന്നു. നബി(സ്വ)യെ ക്വുർആൻ ഓതിക്കേൾപിക്കുമായിരുന്നു. ശക്തിയായ കാറ്റിനെക്കാൾ നബി(സ്വ) നന്മയിൽ മുന്നേറുന്ന ആളായിരുന്നു" (ബുഖാരി).

ജാബിർ ബിൻ അബ്ദുല്ല(റ) പറയുന്നു: "ഒരു കാര്യത്തെ സംബന്ധിച്ചു നബി(സ്വ)യോട് ചോദിക്കപ്പെട്ടാൽ ഇല്ല എന്ന് പറയുമായിരുന്നില്ല" (ബുഖാരി).

അനസ്ബ്നു മാലിക്(റ) പറയുന്നു: "ഇസ്‌ലാമിന്റെ പേരിൽ എന്തെങ്കിലും ഒരു കാര്യം നബി(സ്വ)യോട് ചോദിച്ചാൽ അത് നൽകാതിരുന്നിട്ടില്ല. നബിയുടെ അടുക്കൽ ഒരാൾ വന്നു, അദ്ദേഹത്തിന് നബി രണ്ട് മലകൾക്കിടയിൽ കൊള്ളുന്ന ആട്ടിൻപറ്റത്തെ നൽകി. അദ്ദേഹം തന്റെ ജനതയിലേക്ക് പോയിട്ട് പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ മുസ്‌ലിംകളായിക്കൊള്ളുക. കാരണം തീർച്ചയായും മുഹമ്മദ് ദാരിദ്ര്യത്തെ ഭയപ്പെടാതെ സംഭാവന നൽകുന്നതാണ്" (മുസ്‌ലിം).

### അല്ലാഹുവിലുള്ള ഭയഭക്തി

മുത്വർറഫി(റ)ന്റെ പിതാവ് പറയുന്നു: "ഞാൻ നബി(സ്വ) നമസ്കരിക്കുന്നത് കണ്ടു. അവിടുത്തെ നെഞ്ചിൽനിന്ന് കരച്ചിലിനാൽ ആട്ടുകല്ല് കറക്കുമ്പോഴുള്ള ഞരക്കം പോലെ ഒരു ഞരക്ക ശബ്ദം കേൾക്കാമായിരുന്നു" (അബൂദാവൂദ്).

ഇബ്നു അബ്ബാസ്(റ) പറയുന്നു: "അബൂബക്ർ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങ് നരച്ചുവല്ലോ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'എനിക്ക് നരയുണ്ടായത് ഹൂദ്, വാക്വിഅ, വൽമുർസലാത്ത്, അമ്മയതസാഅലൂൻ, ഇദശ്ശംസു കുവ്വിറത്ത് എന്നീ സൂറത്തുകളിലെ പരലോക ചർച്ചകളെക്കുറിച്ച് ചിന്തിച്ചിട്ടാണ്' (തർമുദി).

### ഐഹിക വിരക്തി

ഉമർ(റ) നബി(സ്വ)യുടെ അടുക്കൽ വന്നു. അവിടുന്ന് പായയിൽ കിടക്കുകയാണ് (ഈത്തപ്പന മടൽ കൊണ്ട് നെയ്തത്). അതിന്റെ മുകളിൽ ഒന്നും വിരിച്ചിട്ടില്ല. തലക്കടിയിൽ അകത്ത് ഈത്തപ്പനയുടെ നാരുനിറച്ച തോൽകൊണ്ടുള്ള തലയണയുണ്ട്. നബി(സ്വ)യുടെ തലയുടെ ഭാഗത്ത് ഊറക്കിടാത്ത തോൽ തൂക്കിയിട്ടിരിക്കുന്നു. ഉമർ(റ) പറയുന്നു: 'നബി(സ്വ)യുടെ പാർശ്വഭാഗത്ത് പായയുടെ അടയാളം ഞാൻ കണ്ടു. അപ്പോൾ ഞാൻ കരഞ്ഞു.' നബി(സ്വ) ചോദിച്ചു: 'എന്താണ് നീ കരയുന്നത്?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, നിശ്ചയം കിസ്‌റയും കൈസറും; അവർക്കാകട്ടെ സർവസൗകര്യങ്ങളുമുണ്ട്-താങ്കൾ അല്ലാഹുവിന്റെ ദൂതരായിരിക്കെ! അപ്പോൾ നബി(സ്വ) അരുളി: 'ഈ ലോകം അവർക്ക് ലഭിക്കുമ്പോൾ നമുക്ക് പരലോകം (അവിടെ സുഖസൗകര്യങ്ങൾ) കിട്ടുന്നതിനെ നീ തൃപ്തിപ്പെടുന്നില്ലെയോ?'(ബുഖാരി).

*(തുടരും)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുൽ അഹ്സാബ്

## സംഘടിത കക്ഷികൾ

(മദീനയിൽ അവതരിച്ചത്)

അധ്യായം
33

يَـٰٓأَيُّهَا ٱلنَّبِيُّ قُل لِّأَزْوَٰجِكَ إِن كُنتُنَّ تُرِدْنَ
ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا فَتَعَالَيْنَ أُمَتِّعْكُنَّ
وَأُسَرِّحْكُنَّ سَرَاحًا جَمِيلًا ﴿٢٨﴾
وَإِن كُنتُنَّ تُرِدْنَ ٱللَّهَ وَرَسُولَهُۥ وَٱلدَّارَ ٱلْـَٔاخِرَةَ فَإِنَّ
ٱللَّهَ أَعَدَّ لِلْمُحْسِنَٰتِ مِنكُنَّ أَجْرًا عَظِيمًا ﴿٢٩﴾
يَٰنِسَآءَ ٱلنَّبِيِّ مَن يَأْتِ مِنكُنَّ بِفَٰحِشَةٍ
مُّبَيِّنَةٍ يُضَٰعَفْ لَهَا ٱلْعَذَابُ ضِعْفَيْنِ ۚ وَكَانَ
ذَٰلِكَ عَلَى ٱللَّهِ يَسِيرًا ﴿٣٠﴾
وَمَن يَقْنُتْ مِنكُنَّ لِلَّهِ وَرَسُولِهِۦ وَتَعْمَلْ
صَٰلِحًا نُّؤْتِهَآ أَجْرَهَا مَرَّتَيْنِ وَأَعْتَدْنَا لَهَا
رِزْقًا كَرِيمًا ﴿٣١﴾
يَٰنِسَآءَ ٱلنَّبِيِّ لَسْتُنَّ كَأَحَدٍ مِّنَ ٱلنِّسَآءِ ۚ إِنِ
ٱتَّقَيْتُنَّ فَلَا تَخْضَعْنَ بِٱلْقَوْلِ فَيَطْمَعَ ٱلَّذِى فِى
قَلْبِهِۦ مَرَضٌ وَقُلْنَ قَوْلًا مَّعْرُوفًا ﴿٣٢﴾

28. നബിയേ, നിന്റെ ഭാര്യമാരോട് നീ പറയുക: ഐഹിക ജീവിതവും അതിന്റെ അലങ്കാരവുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങൾ വരൂ! നിങ്ങൾക്ക് ഞാൻ ജീവിതവിഭവം നൽകുകയും ഭംഗിയായ നിലയിൽ ഞാൻ നിങ്ങളെ മോചിപ്പിച്ച് അയച്ചുതരികയും ചെയ്യാം.

29. അല്ലാഹുവെയും അവന്റെ ദൂതനെയും പരലോകഭവനത്തെയുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങളുടെ കൂട്ടത്തിൽ സദ്വൃത്തകളായിട്ടുള്ളവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കിവെച്ചിട്ടുണ്ട്.

30. പ്രവാചക പത്നിമാരേ, നിങ്ങളിൽ ആരെങ്കിലും വ്യക്തമായ നീചവൃത്തി ചെയ്യുന്ന പക്ഷം അവൾക്ക് ശിക്ഷ രണ്ടിരട്ടിയായി വർധിപ്പിക്കപ്പെടുന്നതാണ്. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമായിട്ടുള്ളതാകുന്നു.

31. നിങ്ങളിൽ ആരെങ്കിലും അല്ലാഹുവോടും അവന്റെ ദൂതനോടും താഴ്മ കാണിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യുന്ന പക്ഷം അവൾക്ക് അവളുടെ പ്രതിഫലം രണ്ടു മടങ്ങായി നാം നൽകുന്നതാണ്. അവൾക്കുവേണ്ടി നാം മാന്യമായ ഉപജീവനം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

32. പ്രവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റു ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമനിഷ്ഠ പാലിക്കുന്നുവെങ്കിൽ നിങ്ങൾ (അന്യരോട്) അനുനയ സ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞുകൊള്ളുക.

28) നബി(സ്വ)യുടെ ഭാര്യമാർ നബിക്കെതിരെ സംഘടിച്ചു. അദ്ദേഹത്തോട് എല്ലായ്പ്പോഴും ചെയ്യാൻ കഴിയാത്ത ചില കാര്യങ്ങൾ അവർ ആവശ്യപ്പെട്ടു. എല്ലാവരും ഈ ആവശ്യങ്ങളിൽ ഉറച്ച് നിന്നു. അത് പ്രവാചകന് പ്രയാസമുണ്ടാക്കി. ഒരു മാസത്തോളം അദ്ദേഹം അവരിൽനിന്ന് അകന്ന് നിന്നു. തന്റെ ദൂതന് കാര്യങ്ങൾ എളുപ്പമാക്കാനും അവരുടെ പദവികൾ ഉയർത്താനും അവരുടെ പ്രതിഫലം കുറക്കുന്ന എല്ലാ കാര്യങ്ങളും അവരിൽനിന്നൊഴിവാക്കാനും അല്ലാഹു ഉദ്ദേശിച്ചു. അപ്പോൾ നബി(സ്വ)യോട് അവർക്ക് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകാൻ അല്ലാഹു നിർദേശം നൽകി. (നബിയേ, നിന്റെ ഭാര്യമാരോട് നീ പറയുക: ഐഹിക ജീവിതവും അതിന്റെ അലങ്കാരവുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ) അതല്ലാതെ നിങ്ങൾക്ക് മറ്റൊരാഗ്രഹവുമില്ലെങ്കിൽ, നിങ്ങളുടെ സന്തോഷം അതി ന്റെ മഹത്ത്വം കൈവരിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ, നിങ്ങളുടെ ദേഷ്യം അത് ലഭ്യമല്ലാത്തതുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ; അങ്ങനെയൊക്കെയാണെങ്കിൽ എനിക്ക് നിങ്ങളെ ആവശ്യമില്ല. (നിങ്ങൾ വരൂ,നിങ്ങൾക്ക് ഞാൻ ജീവിത വിഭവം

നൽകുകയും) എന്റെ അടുക്കലുള്ള സമ്പത്തിൽനിന്ന് എന്തെങ്കിലും. (ഭംഗിയായ നിലയിൽ ഞാൻ നിങ്ങളെ മോചിപ്പിച്ച് അയച്ചു തരുകയും ചെയ്യാം) തർക്കമോ അധിക്ഷേപങ്ങളോ കൂടാതെ ഞാൻ നിങ്ങളിൽനിന്ന് വേർപിരിയാം. പ്രശ്നം അനുചിതമായ ഒരു തലത്തിലേക്ക് കടക്കുന്നതിനു മുമ്പ് ഞാൻ അത് എളുപ്പത്തിലും മനസ്സന്തോഷത്തോടെയും ചെയ്തു തരാം.

29) (അല്ലാഹുവെയും അവന്റെ ദൂതനെയും പരലോക ഭവനവുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ) ഇവയാണ് നിങ്ങളുടെ ഉദ്ദേശ്യവും അന്തിമ ലക്ഷ്യമെങ്കിൽ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും സ്വർഗത്തെയും ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ നിങ്ങൾക്ക് ലൗകിക സൗകര്യങ്ങൾ അധികമാണോ കുറവാണോ എന്ന കാര്യങ്ങളിൽ നിങ്ങൾ വിഷമിക്കേണ്ടതില്ല. അങ്ങനെ അവർ പ്രവാചകന് കഴിയുന്നത് ചെയ്തു കൊടുക്കുന്നതിൽ തൃപ്തിപ്പെട്ടു; അദ്ദേഹത്തിന് പ്രയാസമുണ്ടാകുന്നവിധം ആവശ്യപ്പെടില്ലെന്നും. (നിങ്ങളുടെ കൂട്ടത്തിൽ സദ്വൃത്തകളായിട്ടുള്ളവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കിവെച്ചിട്ടുണ്ട്) പ്രതിഫലം നൻമ ചെയ്യുന്നവർക്കാണെന്നാണ് പറഞ്ഞത്. കാരണം പ്രതിഫലം വാഗ്ദാനം ചെയ്യുന്നത് നൻമക്കാണ്. അതല്ലാതെ പ്രവാചക പത്നിമാരായി എന്നതുകൊണ്ടല്ല. നന്മ ചെയ്യാതെ പ്രയോജമുണ്ടാകില്ല. അവർ അല്ലാഹുവിനെയും റസൂലിനെയും തെരഞ്ഞെടുത്തു; പരലോകത്തെയും. അവരിൽ ഒരാളും അതിൽനിന്ന് പിറകോട്ട് നിന്നില്ല. ഭാര്യമാർക്ക് ഇങ്ങനെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയതിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാകുന്നു:

ഒന്ന്) അല്ലാഹു അവന്റെ ദൂതന് നൽകുന്ന പരിഗണനയാണ് അതിൽ ഒന്ന്. അദ്ദേഹത്തിന്റെ കാര്യങ്ങളിലുള്ള താൽപര്യം. ലൗകികമായ കാര്യങ്ങൾക്ക് അദ്ദേഹത്തോട് ഭാര്യമാർ ധാരാളമായി ആവശ്യപ്പെടുന്നതിലൂടെ പ്രവാചകനുണ്ടാകുന്ന വിഷമത്തിൽ അല്ലാഹുവിന്റെ രോഷം.

രണ്ട്) തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഭാര്യമാർക്ക് നൽകുന്നതിലൂടെ അവർക്കുള്ള ബാധ്യത നിർവഹിക്കുന്നതിൽ സൗകര്യം ലഭിച്ചു. ഉദ്ദേശിക്കുമ്പോൾ നൽകാനും തടയാനുമുള്ള വ്യക്തി സ്വാതന്ത്ര്യം നിലനിന്നു.

مَّا كَانَ عَلَى ٱلنَّبِيِّ مِنْ حَرَجٍ فِيمَا فَرَضَ ٱللَّهُ لَهُ

"തനിക്ക് അല്ലാഹു നിശ്ചയിച്ചു തന്ന കാര്യത്തിൽ പ്രവാചകന് യാതൊരു വിഷമവും തോന്നേണ്ടതില്ല" (അഹ്സാബ് 33:38).

മൂന്ന്) അല്ലാഹുവിനെക്കാളും പ്രവാചകനെക്കാളും പരലോകത്തെക്കാളും ഇഹലോകത്തിന് പ്രാധാന്യം നൽകുന്ന ഏതൊരു ഭാര്യയിൽ നിന്നും നബിയെ അകറ്റി നിർത്താനും അങ്ങനെയുള്ള ഒരു ഭാര്യയിൽനിന്നും അദ്ദേഹത്തെ തടയാനും അല്ലാഹു ഉദ്ദേശിച്ചു.

നാല്) പ്രവാചകന്റെ പത്നിമാരെ പാപത്തിൽനിന്നും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും കോപത്തിൽ നിന്നും രക്ഷിക്കാൻ അല്ലാഹു ഉദ്ദേശിച്ചു. അതിനാൽ നബി(സ)യോട് അതൃപ്തി പ്രകടിപ്പിക്കുന്നതിൽ നിന്ന് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകി അവരെ സംരക്ഷിച്ചു. പ്രവാചകനെ അപ്രീതിപ്പെടുത്തുന്നത് അല്ലാഹുവിന്റെ കോപത്തിന് ഇടയാക്കും. അല്ലാഹുവിന്റെ കോപം ശിക്ഷയിലേക്ക് നയിക്കും.

അഞ്ച്) പ്രവാചക പത്നിമാരുടെ ഉന്നതിയും പദവിയും മഹത്ത്വവും ഇവിടെ വ്യക്തമാകുന്നു; അവർ ദുൻയാവിനെക്കാൾ അല്ലാഹുവിനെയും റസൂലിനെയും പരലോകത്തെയുമാണ് തെരഞ്ഞെടുത്തത് എന്നതിലൂടെ.

ആറ്) ഈ തെരഞ്ഞെടുപ്പിലൂടെ സ്വർഗ പദവിക്കും ഇഹത്തിലും പരത്തിലും പ്രവാചകന്റെ ഭാര്യമാരാകാനുള്ള സൗഭാഗ്യത്തിനും അവരെ സജ്ജമാക്കി.

ഏഴ്) പ്രവാചകനും പത്നിമാരും തമ്മിലുള്ള ബന്ധത്തെ ഇവിടെ വ്യക്തമാക്കുന്നു. പ്രവാചകൻ സൃഷ്ടികളിൽ പരിപൂർണനാണ്. മാത്രവുമല്ല പ്രവാചകന്റെ ഭാര്യമാർ പരിപൂർണകളും നല്ലവരുമാണെന്നും മനസ്സിലാകുന്നു.

وَٱلطَّيِّبَٰتُ لِلطَّيِّبِينَ وَٱلطَّيِّبُونَ لِلطَّيِّبَٰتِ

"നല്ല സ്ത്രീകൾ നല്ല പുരുഷന്മാർക്കും നല്ല പുരുഷന്മാർ നല്ല സ്ത്രീകൾക്കുമാണ്" (24:26).

എട്ട്) പ്രവാചക പത്നിമാർക്ക് നൽകിയ ഈ തെരഞ്ഞെടുപ്പ് സ്വാതന്ത്ര്യം സംതൃപ്തി കൈവരുത്തുന്നതാണ്. അതുമൂലം ഹൃദയം സമാധാനമടയും. മനസ്സിന് സന്തോഷവുമാകും. അവരിൽനിന്നും ആർത്തി അകലും. മനസ്സിന്റെ തൃപ്തിയില്ലായ്മയും അസ്വസ്ഥതയും ഇല്ലാതാവുകയും ചെയ്യും.

ഒമ്പത്) മറ്റൊന്ന് ഇതിലൂടെ അവരുടെ പ്രതിഫലം വർധിക്കുന്നു എന്നതാണ്. മറ്റൊരു സ്ത്രീക്കും എത്തിപ്പെടാനാവാത്ത സ്ഥാനത്ത് അവരെത്തുന്നു. അതാണ് അല്ലാഹു പറഞ്ഞത്: (പ്രവാചക പത്നിമാരേ...) ഈ വചനത്തിന്റെ അവസാനം വരെയുള്ള ഭാഗത്തിൽ അതാണുള്ളത്.

30) അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും തെരഞ്ഞെടുത്തപ്പോൾ അവർക്ക് ഇരട്ടി പ്രതിഫലമുണ്ടെന്നും മറിച്ചായിരുന്നെങ്കിൽ ശിക്ഷ വർധിക്കുമെന്നും ഓർമപ്പെടുത്തുന്നു. അങ്ങനെ അവർ കൂടുതൽ ജാഗ്രതയുള്ളവരും നന്ദിയുള്ളവരും ആകേണ്ടതാണെന്നും ഓർമപ്പെടുത്തുന്നു. വ്യക്തമായ/ പ്രത്യക്ഷമായ അധാർമിക പെരുമാറ്റങ്ങൾ

അവരിൽനിന്ന് ഉണ്ടായാൽ ശിക്ഷ ഇരട്ടിയായി ലഭിക്കുമെന്ന് അല്ലാഹു നിശ്ചയിച്ചു.

31) (നിങ്ങളിൽ ആരെങ്കിലും താഴ്മ കാണിച്ചാൽ) അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും; കുറച്ചായാലും അധികമായാലും (അവൾക്ക് അവളുടെ പ്രതിഫലം രണ്ട് മടങ്ങായി നാം നൽകുന്നതാണ്) അതായത് മറ്റൊരാൾക്ക് നൽകുന്നതിന്റെ ഇരട്ടി. (അവൾക്ക് വേണ്ടി നാം മാന്യമായ ഉപജീവനം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു) അത് സ്വർഗമാണ്. അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും സത്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. അതിനാൽ അവരുടെ പ്രതിഫലം അറിയപ്പെട്ടിരിക്കുന്നു.

32) (പ്രവാചക പത്നിമാരേ,) എല്ലാവരെയുമാണ് ഇവിടെ അഭിസംബോധന ചെയ്യുന്നത്. (സ്ത്രീകളിൽ മറ്റാരെപ്പോലെയുമല്ല നിങ്ങൾ, നിങ്ങൾ ധർമനിഷ്ഠ പാലിക്കുന്നുവെങ്കിൽ) അങ്ങനെ ചെയ്യുന്നതിലൂടെ നിങ്ങൾ മറ്റെല്ലാ സ്ത്രീകളെയും മറികടക്കും. മറ്റൊരു സ്ത്രീക്കും നിങ്ങളോടൊപ്പമെത്താനാകില്ല. അതിനാൽ സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും അല്ലാഹുവിനോടുള്ള ഭക്തിയെ പൂർത്തീകരിക്കാനും അതോടൊപ്പം നിരോധിക്കപ്പെട്ടതിലേക്ക് നയിച്ചേക്കാവുന്ന എല്ലാ മാർഗങ്ങളും ഒഴിവാക്കാനും അല്ലാഹു അവരോട് നിർദേശിച്ചു. (നിങ്ങൾ അനുനയ സ്വരത്തിൽ സംസാരിക്കരുത്) അതായത് പുരുഷൻമാരെ അഭിസംബോധന ചെയ്യുമ്പോൾ, അല്ലെങ്കിൽ അവർ നിങ്ങൾ പറയുന്നത് കേൾക്കുന്ന സാഹചര്യത്തിൽ നിങ്ങളുടെ ശബ്ദം മൃദുവാക്കുകയോ അല്ലെങ്കിൽ സൗമ്യമായി സംസാരിക്കുകയോ ചെയ്യുന്നതിലൂടെ. (അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് രോഗം തോന്നിയേക്കും) അതായത് രോഗമെന്നത് വ്യഭിചാരത്തിനുള്ള ആഗ്രഹമാണ്. ചെറിയൊരു ചലനം മതി അവന്. കാരണം അത്തരം ഒരു വ്യക്തിയുടെ മനസ്സ് എപ്പോഴും ചെറിയൊരു ചലനത്തിന് കാത്തിരിക്കുകയാണ്. അവന്റെ ഹൃദയം രോഗമുക്തമല്ല. സുസ്ഥിരതയിലുള്ള ഹൃദയത്തിന് നിഷിദ്ധകാര്യങ്ങൾക്ക് ആഗ്രഹമുണ്ടായിരിക്കില്ല. അതിന് കാരണങ്ങളുണ്ടായാൽ പോലും ആഗ്രഹം തോന്നില്ല. എന്നാൽ ഹൃദയരോഗമുള്ളവന് നല്ല ഹൃദയത്തിന് നേരിടാൻ കഴിയുന്നത് നേരിടാനാവില്ല. അവൻ ക്ഷമയോടെയിരിക്കാൻ കഴിയാത്തവനാണ്. നിഷിദ്ധമായ കാര്യത്തിലേക്ക് ചെറിയൊരു പ്രേരണ ഉണ്ടായാൽ പോലും അവൻ അതിനോട് പ്രതികരിക്കും. അതിൽ നിന്ന് വിട്ടുനിൽക്കാനാവില്ല. തിന്മയിലേക്കുള്ള മാർഗങ്ങളുടെ വിധിയും ആ തിന്മയുടേത് തന്നെയാണ്. സൗമ്യമായി സംസാരിക്കുന്നത് അടിസ്ഥാനപരമായി അനുവദനീയമാണ്. എന്നാൽ അത് ഒരു ഹറാമിലേക്ക് നയിക്കുന്ന മാർഗമാണെങ്കിൽ അത് അനുവദനീയമല്ല. അതുകൊണ്ട് പുരുഷന്മാരെ അഭിസംബോധന ചെയ്യുമ്പോൾ സ്ത്രീകൾ അവരുടെ ശബ്ദം മൃദുവാക്കരുത്.

സ്ത്രീകൾ മൃദുവായി സംസാരിക്കുന്നത് അല്ലാഹു വിലക്കുമ്പോൾ അവരുടെ ശബ്ദം പരുഷമാക്കാൻ നിർദേശിച്ചതായി ധരിച്ചേക്കാം. ഈ വിചാരം അകറ്റാനാണ് അല്ലാഹു പറഞ്ഞത്: (ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞുകൊള്ളുക) പരുഷമായതും കടുത്തതുമല്ല. അല്ലാഹുവിന്റെ പ്രയോഗം ശ്രദ്ധിക്കുക: (നിങ്ങൾ അനുനയത്തിൽ സംസാരിക്കരുത്) ലോലമാക്കരുത് എന്നാണ് പറഞ്ഞത്. ആകർഷണീയമായ സംസാരമാണ് ഇവിടെ ഉദ്ദേശം. അതായത് ഒരു പുരുഷനെ തന്നിലേക്ക് ആകർഷിക്കുന്ന, കൊതി തോന്നിപ്പിക്കുന്ന മൃദുലതയാണിത്. സൗമ്യമായ സംസാരം ശത്രുവിനെ പോലും കീഴ്പ്പെടുത്തും. അതിൽ വഴക്കിന് വരുന്നവനെ കൊതിപ്പിക്കുന്നില്ല. അതുകൊണ്ടാണ് സൗമ്യതയെ അല്ലാഹു പ്രശംസിച്ചത്:

فَبِمَا رَحْمَةٍ مِّنَ اللَّهِ لِنتَ

"അല്ലാഹുവിന്റെ കാരുണ്യത്തിലാണ് നിങ്ങൾ അവരോട് സൗമ്യമായി പെരുമാറുന്നത്" (ആലു ഇംറാൻ 3:159). മൂസാനബി(അ)യോടും ഹാറൂൻ നബി(അ)യോടും പറഞ്ഞതും ഇതാണ്:

اذْهَبَا إِلَىٰ فِرْعَوْنَ إِنَّهُ طَغَىٰ
فَقُولَا لَهُ قَوْلًا لَّيِّنًا لَّعَلَّهُ يَتَذَكَّرُ
أَوْ يَخْشَىٰ

"നിങ്ങൾ രണ്ടുപേരും ഫിർഔനിന്റെ അടുത്തേക്ക് പോവുക. കാരണം അവൻ എല്ലാ പരിധികളും ലംഘിച്ചിരിക്കുന്നു. എന്നാൽ അവനോട് നിങ്ങൾ സൗമ്യമായി സംസാരിക്കുക. അങ്ങനെ അവൻ ഒരുവേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടെന്നും വരാം" (20:44).

(അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവർക്ക് മോഹം തോന്നിയേക്കാം) തന്റെ സ്വകാര്യതയെ സൂക്ഷിക്കാൻ കൽപിക്കുന്നതോടൊപ്പം അങ്ങനെ ചെയ്യുന്ന സ്ത്രീ-പുരുഷന്മാരെ പ്രശംസിക്കുകയും ചെയ്യുന്നു. വ്യഭിചാരത്തോട് അടുക്കുന്നതിനെ വിരോധിക്കുകയും ചെയ്യുന്നു. അതിനാൽ ഒരു ദാസൻ തന്നിൽ അത്തരം ഒരു ആഗ്രഹമുണ്ടായാൽ, അതായത് നിഷിദ്ധ പ്രവർത്തിക്ക് പ്രേരിപ്പിക്കുന്ന വല്ലതും കാണുകയോ കേൾക്കുകയോ ചെയ്താൽ താൻ പ്രചോദിപ്പിക്കപ്പെടുന്നുണ്ട് എന്ന് മനസ്സിലാക്കി, ഇത് ഒരുതരം രോഗമാണെന്ന് തിരിച്ചറിഞ്ഞ് ഈ രോഗത്തെ ദുർബലമാക്കാനും അതിനെതിരെ പോരാടാനും കുഴപ്പത്തിലേക്ക് നയിച്ചേക്കാവുന്ന ദുഷിച്ച ചിന്തകൾ അവസാനിപ്പിക്കാനും ഗുരുതരമായ ഈ രോഗത്തെ മറികടക്കാനും ശ്രമിക്കണം. അവനെ സംരക്ഷിക്കാനും സഹായിക്കാനും അല്ലാഹുവിനോട് അപേക്ഷിക്കുകയും വേണം. ലൈംഗിക മോഹങ്ങളെ നിയന്ത്രിക്കാനുള്ള കൽപന ഇതിലെല്ലാം അടങ്ങിയിട്ടുണ്ട്. ■

മജീദ് ബസ്താക്ക്, കണ്ണൂർ
: 91 99471 73172

# ദാമ്പത്യ ജീവിതം ഊഷ്മളമാകുവാൻ



വീട്ടിലെ പല നിത്യോപയോഗ വസ്തുക്കളും കേട് വന്നു എന്ന് ഭാര്യ പറയാൻ തുടങ്ങിയിട്ട് കുറെ കാലമായി. ഒന്നും പരിഹരിച്ച് കൊടുക്കാനും പറ്റിയില്ല. പോകാൻ ഉദ്ദേശിക്കുന്ന ദിവസം എന്തെങ്കിലും കാരണത്താൽ അത് മുടങ്ങും. പിന്നെ ഭാര്യയുടെ കൈവശം പണം കൊടുത്തു ‘പോയി വാങ്ങിക്കോളൂ’ എന്നോ ‘ഫോൺ വിളിച്ചാൽ സാധനം വീട്ടിലെത്തും’ എന്നോ പറഞ്ഞ് ഒഴിഞ്ഞുമാറുന്ന ഭർത്താവാണോ താങ്കൾ?

വീട്ടിലെ എല്ലാ കാര്യങ്ങളും ഗൃഹനാഥനായ ഭർത്താവ് അറിയേണ്ടതുണ്ട്; അത് ഭക്ഷണ സാധനങ്ങളായാലും മറ്റു അവശ്യ വസ്തുക്കളായാലും. ഇതിനൊരു പരിഹാരമുണ്ട്. സാധനം വാങ്ങാനുദ്ദേശിക്കുന്ന ഷോപ്പിലേക്ക് വല്ലപ്പോഴുമൊക്കെ ഭാര്യയെയും കൂട്ടി പോയി സാധനങ്ങൾ വാങ്ങുക. അത് ഭാര്യമാർക്ക് സന്തോഷം പകരുന്ന കാര്യമാണ്. ഭർത്താവ് വീട്ടുകാരുങ്ങളിൽ ശ്രദ്ധിക്കുക എന്നത് ഏതൊരു ഭാര്യയും ആഗ്രഹിക്കുന്ന കാര്യമാണ്. നമുക്ക് സാധനങ്ങളുടെ വിലയറിയാനും അതുവഴി സാധിക്കും.

വേറെ ചിലരുണ്ട്, പുതിയൊരു ഡ്രസ്സ് വേണമെന്ന് ഭാര്യ പറയുമ്പോൾ എനിക്ക് നിങ്ങളുടെ സെലക്ഷൻ' ഒന്നും അറിയില്ലെന്നും വീട്ടിലുള്ള മറ്റാരുടെയെങ്കിലും കൂടെയോ തനിച്ചോ പോയി വാങ്ങാൻ പറയുന്നവർ. ഇത് മാറ്റേണ്ടതായ ഒരു ശീലമാണ്. ഭർത്താവിന്റെ സെലക്ഷൻ ഭാര്യയും ഭാര്യയുടെ സെലക്ഷൻ ഭർത്താവും അറിഞ്ഞിരിക്കണം. അതുവഴി ഭർത്താവിന് ഭാര്യയുമായും മക്കളുമായും നല്ല ബന്ധം സ്ഥാപിക്കുവാൻ കഴിയും. കൂടാതെ കുടുംബത്തിൽ ഇസ്ലാമിക വസ്ത്രധാരണ ശീലം വളർത്തിയെടുക്കാനും ഇതുവഴി സാധിക്കും. അല്ലെങ്കിൽ ‘കടയിൽ ഇത് മാത്രമേയുള്ളൂ, അതുകൊണ്ടാണ് ഇത് വാങ്ങിയത്‘ എന്ന ന്യായീകരണം കേൾക്കേണ്ടി വരും.

ഭക്ഷണ സാധനങ്ങൾ വാങ്ങി വന്നാൽ അത് പാചകം ചെയ്യാനും വീട് വൃത്തിയാക്കാനും വസ്ത്രങ്ങൾ അലക്കി ഇസ്തിരിയിടാനും ഭാര്യയെ സഹായിക്കുന്നതിൽ ഭർത്താക്കൻമാർ ഒരു മടിയും കാട്ടേണ്ടതില്ല. അത് ഭാര്യാഭർതൃ ബന്ധത്തെ ഊഷ്മളമാക്കാൻ സഹായിക്കുന്ന കാര്യമാണ്. കസേരയിൽ ചാരിയിരുന്ന്, വിശ്രമമില്ലാതെ ജോലികൾ ചെയ്യുന്ന ഭാര്യയോട് ഏതു സമയവും കൽപന നടത്തുന്ന ഭർത്താവ് നല്ല മാതൃകയല്ല.

റസൂൽ(സ്വ) മാവ് കുഴച്ച് കൊടുക്കുകയും ആടിനെ കറക്കുകയും ചെയ്യുമായിരുന്നു. റസൂലിൽ ഉത്തമ ഗൃഹനാഥന്റെ മാതൃകയുണ്ട്. വീടകങ്ങൾ അറിയാത്തവരായി ഭർത്താക്കൻമാർ മാറരുത്.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi


|| പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം
|| നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം
WISDOM ISLAMIC ORGANIZATION
കവർ സ്റ്റോറി
സി. മുഹമ്മദ് അജ്മൽ
കേരള മോഡൽ വിദ്യാഭ്യാസം: വേണം ഒരു പുനരാലോചന
നേരിന്റെ വരമൊഴി
നേർപഥം
വാരിക
ഒറ്റ പ്രതി: ₹12
വാർഷിക വരിസംഖ്യ: ₹624
പ്രചാരണ മാസത്തിൽ: ₹600
പ്രചാരണ മാസം
2024 ഡിസം: 01 - ഡിസം: 31
#Nerpathamweekly
Circulation Manager | Nerpatham Weekly | PB No: 597 | Wisdom islamic organization
CV Complex | PV Swami Road | Chalappuram PO | Kozhikode | 673002 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
21 December 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




## 24,25 ഡിസംബർ

(ചൊവ്വ , ബുധൻ) 2024

## നെല്ലിക്കാപറമ്പ് , മുക്കം

ഗ്രീൻവാലി പബ്ലിക് സ്കൂൾ

هيئة الحكمة للتعليم والتربية الإسلامية
WISDOM EDUCATION BOARD

സംസ്ഥാനതല
# സർഗ വസന്തം
2024-25